# പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 3
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജൂൺ 2010

## പരിസരശുചിത്വവും രോഗപ്രതിരോധവും





നഗരങ്ങളുടെ മുഖച്ഛായ മാറുന്നു...

പഞ്ചായത്ത് ഭവൻ നവീകരിച്ചു



ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അഞ്ചാം വർഷത്തിലേയ്ക്ക്

# പ്രാദേശികവികസനം ജനപങ്കാളിത്തത്തോടെ

## ജനകീയാസൂത്രണം വീണ്ടും ശക്തിപ്പെടുന്നു

ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരവത്കരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **നമ്മുടെ സംസ്ഥാനത്ത്**

അധികാര വികേന്ദ്രീകരണത്തിനുള്ള അഖിലേന്ത്യാ അവാർഡ് **കേരളത്തിന്**



### ഇ.എം.എസ് ഭവനപദ്ധതി: പാവപ്പെട്ടവർക്ക് 5 ലക്ഷം വീടുകൾ

- സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **5000** കോടി രൂപ മുതൽമുടക്കുന്നു

### കുടുംബശ്രീ: 37 ലക്ഷം കുടുംബങ്ങൾ

- ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനം
- സംഘക്കൃഷിയിലൂടെ **50000** ഏക്കറിൽ കൃഷി
- കാർഷികോത്പാദനത്തിൽ വൻവർധന
- സൂക്ഷ്മസംരംഭങ്ങളിലൂടെ മൂല്യവർധിത ഉത്പന്നങ്ങൾ
- എല്ലാ ജില്ലകളിലും 'സമഗ്ര' പദ്ധതികൾ
- പതിനായിരങ്ങൾക്ക് വരുമാനദായകമായ തൊഴിലവസരങ്ങൾ

### നിർവഹണരീതിയിൽ രാജ്യത്തിനു മാതൃകയായി തൊഴിലുറപ്പു പദ്ധതി

- നീർത്തടാധിഷ്ഠിത വികസനം
- **23000** ഏക്കർ തരിശുഭൂമിയിൽ കൃഷി
- **88%** സ്ത്രീപങ്കാളിത്തം
- പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ മേൽനോട്ടത്തിൽ പദ്ധതിനിർവഹണം
- കൂലിയിനത്തിൽ മാത്രം **475** കോടി രൂപ

### നഗരവികസനത്തിൽ കുതിച്ചുചാട്ടം: 3552 കോടി രൂപയുടെ പദ്ധതികൾ

- അഞ്ച് കോർപ്പറേഷനുകളിൽ **1420** കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതി
- കോഴിക്കോട്ട് ഇ.കെ. നായനാർ സ്മാരക ഫ്ളൈ ഓവർ
- തൃശൂരിൽ സ്വരാജ് റൗണ്ട് റോഡുവികസനം
- അഴുക്കുചാൽ പദ്ധതികൾ
- കുടിവെള്ള പദ്ധതികൾ
- റോഡുവികസന പദ്ധതികൾ
- ജെ.എൻ.എൻ.യു.ആർ.എം പ്രോജക്ടുകൾക്ക് **2122.6** കോടി രൂപ

### മാലിന്യമുക്ത കേരളം: കേരളം നിർമൽസംസ്ഥാന പദവിയിലേക്ക്

- **869** പഞ്ചായത്തുകൾക്കും **105** ബ്ലോക്കു പഞ്ചായത്തുകൾക്കും **6** ജില്ലാ പഞ്ചായത്തുകൾക്കും നിർമൽ പുരസ്കാരം
- അവാർഡു തുകയായി **91** കോടി രൂപ കേരളത്തിന്
- കൊച്ചി, തിരുവനന്തപുരം നഗരങ്ങൾക്ക് മാലിന്യപരിപാലനത്തിന് ദേശീയ പുരസ്കാരം

### കേന്ദ്രപദ്ധതികൾ നേടിയെടുക്കുന്നതിലും നടത്തിപ്പിലും സർവകാല റിക്കോർഡ്

- പി.എം.ജി.എസ്.വൈ പദ്ധതിയിൽ **255** കോടി രൂപ ചെലവിൽ **580** കി.മീ നീളമുള്ള **304** റോഡുകളുടെ പണി പൂർത്തിയാക്കി
- **1048** കി.മീ നീളമുള്ള **379** റോഡുകളുടെ പണി

### സ്ത്രീസംവരണത്തിൽ ഇന്ത്യയ്ക്ക് മാതൃക

- തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ പദവികളിലും അംഗത്വത്തിലും **50%** സംവരണം

### ജനസൗഹൃദ ഭരണസംവിധാനം

- **15** കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് സ്വരാജ് ഭവൻ
- പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം
- പ്രത്യേക എൻജിനീയറിങ് വിങ്
- ജനന-മരണ രജിസ്ട്രേഷൻ നടപടികളിൽ ലഘൂകരണം
- ഓൺലൈനായി സർട്ടിഫിക്കറ്റുകൾ
- പദ്ധതിപ്രവർത്തനങ്ങളിൽ കമ്പ്യൂട്ടർവത്കരണം
- നഗരസഭകളിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്
- '**ഐ.കെ.എം**'ന്റെ **സുലേഖ, സേവന** സോഫ്ടുവെയറുകൾക്ക് ദേശീയ അവാർഡ്
- '**കില**' ദേശീയ അംഗീകാരമുള്ള പരിശീലനകേന്ദ്രം

### അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി

- പരിസ്ഥിതി പുന:സ്ഥാപനത്തിന് അന്തർദ്ദേശീയ അംഗീകാരം
- **ഇടമലക്കുടി** - കേരളത്തിലെ ആദ്യത്തെ ആദിവാസി പഞ്ചായത്ത്

തദ്ദേശസ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ &
പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

godgraphics@gmail.com

## തദ്ദേശ സ്വയംഭരണ വകുപ്പ്

# നാല്പതാണ്ടത്തെ വികസനം 4 വർഷം കൊണ്ട്

**തദ്ദേശ സ്വയംഭരണ വകുപ്പിൽ കഴിഞ്ഞ നാലുവർഷം കൊണ്ട് നടപ്പിലാക്കിയ പ്രധാന പരിപാടികൾ**

- ✓ ഉൽപ്പാദന മേഖലയ്ക്ക് പ്രത്യേകിച്ചും ഭക്ഷ്യസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ചു.
- ✓ വീടില്ലാത്ത പാവപ്പെട്ടവർക്കെല്ലാം വീടു നൽകാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി.
- ✓ സ്ത്രീകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 % സംവരണം.
- ✓ കുടുംബശ്രീയുടെ പദ്ധതി നിർവ്വഹണത്തിൽ പലമടങ്ങു വർദ്ധന-സൂക്ഷ്മ സംരംഭങ്ങൾ, “സമഗ്ര” പദ്ധതികൾ, സംഘകൃഷി എന്നിവ വഴി പതിനായിരങ്ങൾക്ക് തൊഴിൽ.
- ✓ സർക്കാർ സബ്സിഡിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ.
- ✓ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിന് ദേശീയ അംഗീകാരം. പാലക്കാട്, ഇടുക്കി ജില്ലകൾക്ക് അവാർഡ്.
- ✓ ഗ്രാമവികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചു.
- ✓ ഡി.ആർ.ഡി.എകൾ പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗമാക്കി.
- ✓ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ മാലിന്യമുക്ത കേരളം പരിപാടി.
- ✓ 869 ഗ്രാമപഞ്ചായത്തുകൾക്കും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം.
- ✓ ക്ലീൻ കേരള മിഷനും ശുചീകരണ കാംപയിനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു.

തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഖരമാലിന്യ പരിപാലനത്തിന് ദേശീയ അംഗീകാരം നേടി.



- ✓ അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്ക് സാർവത്രിക അംഗീകാരം.
- ✓ പട്ടികവർഗ്ഗക്കാർക്കു മാത്രമായി ആദ്യത്തെ പഞ്ചായത്ത്- ഇടമലക്കുടി- രൂപീകരിച്ചു.
- ✓ കേരള സുസ്ഥിരനഗര വികസന പദ്ധതിയിൻ കീഴിൽ അഞ്ചു കോർപ്പറേഷനുകളിൽ 1420 കോടിയുടെ അടിസ്ഥാന സൗകര്യവികസന പരിപാടികൾ.
- ✓ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുജ്ജീവന പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് 1100 കോടിയുടെ പദ്ധതികൾ നേടിയെടുത്തു. കോഴിക്കോട് നഗരത്തെക്കൂടി ഈ പദ്ധതിയിൽപെടുത്തുന്നതിന് പ്രാഥമിക അംഗീകാരമായി.
- ✓ 35 നഗരസഭകൾക്ക് IHSDP പദ്ധതിയിലും കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് ബി.എസ്.യു.പി പദ്ധതിയിലുമായി 531 കോടിയുടെ ഭവന പദ്ധതികൾ.
- ✓ ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 462.76 കോടിയുടെ പ്രോജക്ടുകൾ.
- ✓ എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസുകൾ.
- ✓ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. സർട്ടിഫിക്കറ്റുകൾ ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴി ഇപ്പോൾ ഓൺലൈനിലും ലഭ്യമാക്കുന്നു.
- ✓ പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ.
- ✓ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി. പെർമിറ്റു നൽകൽ ഓൺലൈനാക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ തുടക്കമായി.
- ✓ നികുതികളും ലൈസൻസുകളും അടയ്ക്കുന്നതിന്മേലുള്ള പിഴപ്പലിശ പകുതിയായി കുറച്ചു.
- ✓ പഞ്ചായത്തുകളുടെ സജീവ ഇടപെടൽമൂലം പതിനായിരക്കണക്കിനു ഹെക്ടർ ഭൂമിയിൽ നെൽകൃഷി പുനരാരംഭിച്ചു. ആയിരക്കണക്കിനു ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.
- ✓ ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തലിന് സമഗ്ര പദ്ധതി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ വലിയ പുരോഗതി - എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതി മോണിറ്ററിങ്ങും പഞ്ചായത്തുകളുടെ തൊഴിലുറപ്പു പദ്ധതി നടത്തിപ്പും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.
- ✓ കില ദേശീയ പരിശീലന കേന്ദ്രമായി വളർന്നു. സാർക് രാജ്യങ്ങളുടെ അംഗീകൃത പഠനകേന്ദ്രം.
- ✓ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാതൃകാമാനദണ്ഡം നടപ്പിലാക്കി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം.
- ✓ എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാർ.
- ✓ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും വൻനേട്ടം.

***പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്***



# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 നഗരങ്ങളുടെ മുഖഛായ മാറുന്നു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്







9 ജലസ്രോതസുകളുടെ ആരോഗ്യം മെച്ചപ്പെടുത്തണം
പാലോളി മുഹമ്മദ്കുട്ടി





11 മഴക്കാല ശുചിത്വ ക്യാമ്പയിൻ
കെ. ശിവകുമാർ

14 പകർച്ചപ്പനി പഞ്ചായത്തുകൾ ചെയ്യേണ്ടത്
ഡോ. വിജയകുമാർ

16 ഫോർ പ്ലസ് തീവ്രയജ്ഞം 2010





18 നവീന അറവുശാലകൾ ശുചിത്വ പരിപാലനത്തിന്
എം. ദിലിപ് കുമാർ

22 നഗരങ്ങളുടെ റേറ്റിംഗ്
ഡോ. ഡി. ശ്രീകുമാർ





25 ആവേശമായ് അനുഭവ പഠന ശില്പശാല
പി. സുരേഷ്





28 കുടുംബശ്രീ 12-ാം വാർഷികം വർണാഭമായി
ആർ. പാർവ്വതീദേവി

30 അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

32 പുതിയ അക്കൗണ്ടിംഗ് രീതി: പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്





34 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

35 ഇന്ത്യയിലെ പ്രഥമ സ്ത്രീധന രഹിത പഞ്ചായത്ത് കേരളത്തിൽ (!)
ആർ. ഹേലി

36 നിങ്ങളറിയാതെ.............
ജി. വിജയരാഘവൻ





38 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പൊതുയോഗം
റിപ്പോർട്ട്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### തെറ്റായ ധാരണകൾ മാറി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് മാസികയുടെ മേയ് ലക്കത്തിൽ തദ്ദേശഭരണ വകുപ്പ് മന്ത്രി എഴുതിയ ലേഖനം സമഗ്രമായി. മിനിമം കൂലി സംബന്ധിച്ച് നിലനില്ക്കുന്ന തെറ്റായ ധാരണകൾ മാറാൻ ലേഖനം ഇടയാക്കി. കേരളത്തിൽ കാർഷിക തൊഴിലാളികളുടെ മിനിമം കൂലി 200 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിരുന്നു. കുടുംബംപോറ്റുന്നതിന് ഇതുപോലും മതിയാകാത്ത സാഹചര്യത്തിൽ കേന്ദ്രം തൊഴിലുറപ്പ് പദ്ധതിയിൽ നിശ്ചയിച്ചിരിക്കുന്ന മിനിമം കൂലി 125 രൂപയിൽ നിന്നും 200 രൂപയായെങ്കിലും വർദ്ധിപ്പിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും കേന്ദ്രഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്ത് രാജിന്റെ ഉള്ളടക്കം മെച്ചപ്പെടുന്നുവെന്നും പറയാൻ സന്തോഷമുണ്ട്.

*ഗോപകുമാർ, ധനുവച്ചപുരം*

### ഗൗരവമായി പരിഗണിക്കണം

കേരളത്തിന്റെ പ്രകൃതി സൗന്ദര്യത്തിനും സമ്പദ് സമൃദ്ധിക്കും പ്രധാന പങ്കുവഹിക്കുന്ന തെക്കുപടിഞ്ഞാറൻ കാലവർഷത്തെക്കുറിച്ച് ഡോ. പി.കെ. പ്രദീപ്കുമാർ എഴുതിയ ലേഖനം പ്രസിദ്ധീകരിച്ചത് സമയോചിതമായി. മഴ ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുവാൻ ഇതു പ്രയോജനകരമായി. അതുപോലെ തന്നെ കേരളത്തിനനുയോജ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ എന്ന ഡോ. ഇ. ജെ. ജോസഫിന്റെ ലേഖനവും മികച്ചതായി. മഴവെള്ളത്തെ സംരക്ഷിച്ച് ജലക്ഷാമത്തെ ചെറുക്കുവാൻ സഹായിക്കുന്ന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഗൗരവമായി പരിഗണിക്കണം.

*ഗോപാലകൃഷ്ണൻ, മുണ്ടത്തിക്കോട്*

## കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്മെന്റ് ഫണ്ട് നിലവിൽ വന്നു




*കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ടിന്റെ ഉദ്ഘാടനം ധനകാര്യ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് നിർവ്വഹിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി പാലോളി മുഹമ്മദ്കുട്ടി, പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് തുടങ്ങിയവർ സമീപം.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിന് പ്രത്യേക ഫണ്ട് കണ്ടെത്താൻ രൂപീകരിച്ച കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്മെന്റ് ഫണ്ട് (കെ.എൽ.ജി.ഡി.എഫ്) നിലവിൽ വന്നു. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുക. പദ്ധതിവിഹിതത്തിനും തനതു ഫണ്ടിനും പുറമെ തദ്ദേശസ്ഥാപനങ്ങൾക്ക് ഇതിലൂടെ ഇനി കൂടുതൽ ഫണ്ട് ലഭിക്കും.

പദ്ധതിയുടെ ഉദ്ഘാടനം ധനകാര്യവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് നിർവഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അധ്യക്ഷനായിരുന്നു.

240 കോടി രൂപയാണ് നിർദ്ദിഷ്ട ഫണ്ടിന്റെ മൂലധനമായി കണക്കാക്കുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക, ആവശ്യമെങ്കിൽ കടപ്പത്രങ്ങൾ, ഓഹരികൾ, ബോണ്ടുകൾ തുടങ്ങിയവ വഴി വിഭവശേഖരണം നടത്തുക, പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക-സാങ്കേതിക-സ്ഥാപന കാര്യശേഷി വികസനത്തിന് ധനസഹായം ലഭ്യമാക്കുക, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് കെ.എൽ.ജി.ഡി.എഫിന്റെ മുഖ്യലക്ഷ്യങ്ങൾ. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറുമായ ബോർഡ് ഓഫ് മാനേജ്മെന്റിനാണ് ഫണ്ടിന്റെ ചുമതല. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ആസൂത്രണ സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മേയർ, ഒരു മുനിസിപ്പൽ ചെയർമാൻ, ഒരു പഞ്ചായത്ത് പ്രസിഡന്റ് എന്നിവരും അംഗങ്ങളാകും. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ 1956ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന അസറ്റ് മാനേജ്മെന്റ് കമ്പനിയാണ് കെ.എൽ.ജി.ഡി. എഫിന്റെ ധനമാനേജ്മെന്റ് നിർവ്വഹിക്കുക. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മാനേജ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഡയറക്ടർ ബോർഡിൽ അംഗങ്ങളാവും. സർക്കാരിന് കമ്പനിയിൽ 51 ശതമാനത്തിൽ കുറയാത്ത ഓഹരി നിക്ഷേപം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശേഷിച്ച 49ശതമാനം ഓഹരികൾ പൊതുമേഖലാ സ്ഥാപനങ്ങളുടേതായിരിക്കും.


## പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2010
പുസ്തകം 50
ലക്കം 3
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


*എഡിറ്ററുടെ പേജ്*

## ശുചിത്വ പരിപാലനം തുടർപ്രക്രിയയാകണം

പരിസരശുചിത്വം ഉറപ്പാക്കി കൊതുക്, ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ കേരളത്തിലുടനീളം നടന്നുവരികയാണ്. കുറച്ചുവർഷങ്ങൾക്കു മുൻപ് നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി പ്രത്യക്ഷപ്പെട്ട പകർച്ചപ്പനികളും, പരിമിതമായ തോതിലാണെങ്കിലും തിരിച്ചുവരവ് നടത്തിയ ചില പകർച്ചവ്യാധികളും സൃഷ്ടിച്ച വെല്ലുവിളികൾ നേരിടുന്നതിന് ശുചിത്വമേഖലയെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് സർക്കാർ രൂപം നൽകിയത്. പകർച്ചപ്പനിയെ പ്രതിരോധിക്കുന്നതിന് പരിസരശുചിത്വത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് സംസ്ഥാനത്തെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2006ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യമുക്ത കേരളം പരിപാടിക്ക് തുടക്കം കുറിച്ചിരുന്നു. പരിപാടിയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി നഗര-ഗ്രാമ വ്യത്യാസമില്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് ശുചിത്വമിഷന് രൂപം നൽകി. ചിട്ടയായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയതിലൂടെ കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിൽ 869 എണ്ണത്തിനും കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭിച്ചു. നഗരങ്ങളിൽ ഏറ്റവും മികച്ച മാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തിയതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പുരസ്ക്കാരം 2009ലും 2010ലും ലഭിച്ചത് യഥാക്രമം തിരുവനന്തപുരം, കൊച്ചി നഗരസഭകൾക്കായിരുന്നു.

ശുചിത്വ പരിപാലനത്തിന് പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമ്പോൾ തന്നെ ഗാന്ധിജയന്തി ദിനാചരണത്തിനോടനുബന്ധമായി നടത്തുന്ന ശുചിത്വ വാരാഘോഷവും കാലവർഷത്തിന് മുൻപ് നടത്തുന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും മഴക്കാല ശുചിത്വ കാമ്പയിനും പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നുണ്ട്. ആരോഗ്യമേഖലയിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന എലിപ്പനി, ഡെങ്കിപനി, ചിക്കുൻഗുനിയ, മലമ്പനി എന്നീ നാല് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഒരു വർഷം നീണ്ടുനില്ക്കുന്ന 'ഫോർപ്ലസ് 2010 തീവ്രയജ്ഞം' പരിപാടി കഴിഞ്ഞ ഫെബ്രുവരി മാസം മുതൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലത്തിൽ കുടുംബശ്രീ, ആശ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യദായക വോളന്റിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ പ്രവർത്തകർ ചേർന്ന് നടത്തുന്ന രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും ആരോഗ്യരംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പനി നിയന്ത്രണ വിധേയമാക്കുന്നതിലും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

സർക്കാർ-സർക്കാരിതര സംവിധാനങ്ങൾ ശുചിത്വ - രോഗനിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോഴും ശുചിത്വ പരിപാലനത്തിൽ ജനങ്ങളുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകുന്നില്ലായെന്നത് ദുഃഖകരമായ വസ്തുതയാണ്. വ്യക്തി ശുചിത്വത്തിന് വളരെ പ്രാധാന്യം നൽകുന്ന മലയാളിയുടെ പരിസര ശുചിത്വ സമീപനം പരക്കെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. മാലിന്യം പ്ലാസ്റ്റിക് കവറുകളിലാക്കി പൊതുനിരത്തുകൾക്ക് സമീപം വലിച്ചെറിയുന്ന പ്രവണത കുറഞ്ഞ തോതിലാണെങ്കിലും ഇന്നും തുടരുന്നു. തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗ്രാമപഞ്ചായത്ത്, നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും ഇത്തരത്തിൽ നിക്ഷേപിച്ചിരുന്ന മാലിന്യ കൂമ്പാരങ്ങൾ മുഴുവനും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് ശുചിയാക്കി ബോർഡ് സ്ഥാപിച്ചിരുന്നെങ്കിലും തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ വീണ്ടും മാലിന്യകൂമ്പാരങ്ങൾ ഉയർന്നത് മലയാളിയുടെ പരിസര ശുചിത്വ സംസ്ക്കാരത്തിന് ഇനിയും മാറ്റം ഉണ്ടാകേണ്ടതുണ്ട് എന്ന വസ്തുതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യമോ നിക്ഷേപിക്കുന്നത് ശിക്ഷാർഹമായ കുറ്റമാക്കിക്കൊണ്ട് കേരളപഞ്ചായത്ത് രാജ് നിയമം 2009ൽ ഭേദഗതി ചെയ്തിരുന്നുവെങ്കിലും നിയമം കർക്കശമായി നടപ്പാക്കുന്നതിൽ ഉള്ള അലംഭാവം കാര്യങ്ങൾ മെച്ചപ്പെടുന്നതിന് സഹായകമല്ലാതായി.

കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടാകുന്ന കടുത്ത ചൂട്, കാലഭേദങ്ങളില്ലാതെ ഇടവിട്ട് പെയ്യുന്ന മഴ, മാറുന്ന പരിതസ്ഥിതിയെ അതിജീവിക്കാൻ കഴിവുള്ള രോഗാണുക്കൾ, പുതിയ രോഗങ്ങൾ...... ഇവയെല്ലാം ആരോഗ്യരംഗത്തെ വെല്ലുവിളികളായി തുടരുകയാണ്. ദീർഘവീക്ഷണത്തോടെയുള്ള ശാസ്ത്രീയമായ ശുചിത്വപരിപാലന പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടുകൂടി തുടർപ്രക്രിയയായി മാറിയാൽ മാത്രമേ ഈ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ കഴിയൂ.



# നഗരങ്ങളുടെ മുഖച്ഛായ മാറുന്നു

## 3552 കോടി രൂപയുടെ പദ്ധതികൾ നഗരസഭകളിൽ നടപ്പാക്കി വരുന്നു ഇതൊരു ചരിത്രനേട്ടം

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം ഏറ്റെടുത്തിട്ട് 4 വർഷം പിന്നിടുകയാണ്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ വികസന രംഗത്ത് അഭൂതപൂർവ്വമായ നേട്ടം കൈവരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ് സർക്കാർ സംസ്ഥാനത്തിന്റെ വികസനത്തിന് നൽകിയ സംഭാവന നിസ്തുലമാണ്. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് കൈവരിച്ച നേട്ടം സമാനതകളില്ലാത്തതാണ്. ഗ്രാമപ്രദേശങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് മുൻപ് പ്രാമുഖ്യം നൽകിയിരുന്നത്. നഗരപ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം നേടുന്നതിനുള്ള ആസൂത്രിതമായ ശ്രമം മുൻപ് ഉണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ മേഖല അവഗണനയിലായിരുന്നു. ഇപ്പോഴത്തെ ഇടതുപക്ഷ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തന ഫലമായി കേരളത്തിലെ നഗരങ്ങളുടെ മുഖച്ഛായ മാറുകയാണ്. പദ്ധതി വിഹിതവും തനതു ഫണ്ടും മാത്രമാണ് നഗരസഭകൾക്ക് ആശ്രയിക്കാനുണ്ടായിരുന്ന ധനസ്രോതസ്സ്. എന്നാൽ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തന ഫലമായി 3552 കോടി രൂപയുടെ പദ്ധതികളാണ് നഗരസഭകളിൽ നടപ്പിലാക്കി വരുന്നത്. ഇതു ഒരു ചരിത്ര നേട്ടമാണ്.

ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ അഞ്ചു കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന 1420 കോടി രൂപ അടങ്കലുള്ള സുസ്ഥിര നഗര വികസന പദ്ധതിയാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ശുചീകരണ സംവിധാനങ്ങളുടെ അപര്യാപ്തത, വർധിച്ച തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങി അനേകം പ്രശ്നങ്ങൾമൂലം വീർപ്പുമുട്ടുന്ന നഗരങ്ങൾ ജനജീവിതത്തിലും നഗരഭരണത്തിലും ഉയർത്തുന്ന വെല്ലുവിളികൾ അനേകമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി നഗരജീവിതം സ്വച്ഛവും സുന്ദരവുമാക്കാനുമുള്ള പരിശ്രമത്തിന് നാന്ദി കുറിക്കുന്ന പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര-ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം, റോഡുകളുടെ നവീകരണം എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിലും 2007-ൽ പ്രവർത്തനമാരംഭിച്ച ഈ പദ്ധതി ലക്ഷ്യത്തോടടുക്കുകയാണ്.

കോഴിക്കോട് നഗരസഭയിൽ 6.31 കോടി രൂപ ചെലവിൽ 637 മീറ്റർ നീളവും 9 മീറ്റർ വീതിയുമുള്ള അരിയിടത്തു പാലം (ഇ.കെ. നായനാർ മേൽപ്പാലം) ഇതിനകം പണി പൂർത്തിയാക്കി. 33.01 കോടി രൂപ ചെലവിൽ അരിയിടത്തു പാലം മുതൽ എരഞ്ഞി പാലം വരെയുള്ള 29 കി.മീ. റോഡ് നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. നഗരത്തിലെ 13 പ്രധാന കവലകളുടെ നവീ കരണവും ദ്രുതഗതിയിൽ നടന്നു വരുന്നു.







പഞ്ചായത്ത് രാജ്

തൃശ്ശൂർ നഗരത്തിൽ 28.27 കോടി രൂപ ചെലവിൽ റോഡു ഗതാഗത നവീകരണ പ്രവർത്തനങ്ങളും മറ്റ് 9 റോഡുകളുടെ നവീകരണവും ആരംഭിച്ചു. റോഡ് നവീകരണ പദ്ധതിയുടെ ഭാഗമായി സ്വരാജ് റൗണ്ടിലെ സബ്‌വേ നിർമ്മാണം പൂർത്തീകരിച്ചു.

കൊച്ചി നഗരസഭയിൽ സഹോദരൻ അയ്യപ്പൻ റോഡും 3 കവലകളും 10.80 കോടി രൂപ ചെലവിൽ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ വൈറ്റില മുതൽ പള്ളിമുക്ക് വരെയുള്ള 3.45 കി.മീ. റോഡ് നാലുവരിപ്പാതയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം നഗരസഭയിൽ കുരീപ്പുഴയിൽ കമ്പോസ്റ്റ് പ്ലാന്റ്, ലാന്റ് ഫിൽ, ചുറ്റുമതിൽ, ഓട, റോഡ്, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണം നടന്നു വരുന്നു. പ്രതിദിനം 135 ഘനമീറ്റർ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി മൂടി സംസ്ക്കരിക്കാൻ ശേഷിയുള്ള ലാന്റ് ഫില്ലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

തിരുവനന്തപുരം നഗരസഭയിൽ 80 കോടി രൂപ അടങ്കലിൽ സ്വീവറേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചു. 7.24 കോടി രൂപ ചെലവിൽ മഴവെള്ള നിർഗ്ഗമന പദ്ധതി പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വികസന പ്രവർത്തനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാക്കുന്നതിന് കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ട് രൂപീകരിച്ചു. 316 കോടി രൂപയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം.

### നടപ്പാക്കുന്നതിലും നേടിയെടുക്കുന്നതിലും റെക്കോഡ്

നമ്മുടെ ഭരണഘടനയിൽ അന്തർലീനമായിരിക്കുന്ന ഫെഡറൽ കാഴ്ചപ്പാടുകളെ മാനിക്കാതെയും സംസ്ഥാനങ്ങളുടെ വികസന കാര്യങ്ങളുടെ മുൻഗണനകളെ പരിഗണിക്കാതെയുമാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് എന്ന വിമർശനം വ്യാപകമാണ്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് നടന്ന ഗൗരവമായ പഠനങ്ങളെല്ലാം ഈ വസ്തുത എടുത്തു പറഞ്ഞിട്ടുള്ളതുമാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ സാമൂഹ്യസാഹചര്യങ്ങൾക്കനുസൃതമായാണ് പലപ്പോഴും പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നത്. കേരളം പോലെ പല മേഖലകളിലും പുരോഗതി നേടിക്കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങൾക്ക് നിർവ്വഹണം അസാധ്യമാകുന്ന തരത്തിലുള്ള നിബന്ധനകളാണ് പ്രസ്തുത പദ്ധതികളോടൊപ്പം അടിച്ചേൽപ്പിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ പദ്ധതികൾ നേടിയെടുക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ഏറെ പ്രയാസങ്ങൾ സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ട്. എന്നിരിക്കിലും കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിൽ മുൻപ് ഒരിക്കലും ഇല്ലാത്തത്ര നേട്ടം ഈ ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ

നഗരവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കാര്യശേഷി, സാമ്പത്തിക ഭദ്രത എന്നിവ ഉയർത്തുന്നതിനുള്ള ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ ഈ പദ്ധതി നടപ്പിലാക്കാൻ കൊച്ചി, തിരുവനന്തപുരം നഗരസഭകളെയാണ് തെരഞ്ഞെടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നഗരസഭയ്ക്ക് 10983 കോടി രൂപയുടെയും തിരുവനന്തപുരം നഗരസഭയ്ക്ക് 7416 കോടി രൂപയുടെയും സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയുണ്ടായി. അതിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കാനും നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ രണ്ടു നഗരങ്ങളിലും ജലവിതരണ




- നഗരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 3552 കോടി രൂപയുടെ പദ്ധതികൾ
- സുസ്ഥിര നഗരവികസന പദ്ധതിക്ക് 1420 കോടി രൂപ
- ബി.എസ്.യു.പി പദ്ധതിക്ക് 343.40 കോടി രൂപ
- കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ട് പ്രവർത്തനമാരംഭിച്ചു.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും നടപ്പാക്കുന്നതിലും റെക്കോഡ്.
- തിരുവനന്തപുരം നഗരത്തിന് 7416 കോടി രൂപയുടെയും കൊച്ചി നഗരത്തിന് 10983 കോടി രൂപയുടെയും ഡവലപ്മെന്റ് പ്ലാനുകൾ.
- ഐ.എച്ച്.എസ്.ഡി.പി-ക്ക് 207.01 കോടി രൂപ.
- യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിൽ 33 പ്രോജക്റ്റുകൾക്കായി 462.76 കോടി രൂപ.



പദ്ധതികൾക്കായി 288.33 കോടി രൂപയുടെയും സ്വീവറേജ് പദ്ധതിക്കായി 414.97 കോടി രൂപയുടെയും ഖരമാലിന്യ സംസ്ക്കരണത്തിനായി 112.68 കോടി രൂപയുടെയും ഉപരിതല ജലനിർഗ്ഗമന പദ്ധതിക്കായി 50.17 കോടി രൂപയുടെയും ആധുനിക ബസ്സുകൾ വാങ്ങുന്നതിനായി 124.40 കോടി രൂപയുടെയും ട്രാഫിക് & ട്രാൻസ്പോർട്ടേഷന് 109.64 കോടി രൂപയുടെയും ഈ-ഗവേണൻസിനായി 8.70 കോടി രൂപയുടെയും പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്.

ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ ഭാഗമായി കൊച്ചി നഗരത്തിൽ വാങ്ങിയ 7 എ.സി ലോഫ്ളോർ ബസ്സുകൾ സർവ്വീസ് ആരംഭിച്ചു. 43 എ.സി ലോഫ്ളോർ ബസുകളും 120 സെമി ലോഫ്ളോർ ബസുകളും 30 മിനി ബസുകളും വാങ്ങുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ജെ.എൻ.എൻ.യു.ആർ.എം പദ്ധതി പ്രകാരം വാങ്ങിയ 8 എ.സി ലോ ഫ്ളോർ ബസുകൾ സർവ്വീസ് ആരംഭിച്ചു. 22 എ.സി ലോ ഫ്ളോർ ബസുകളും 120 ഓർഡിനറി ലോഫ്ളോർ ബസുകളും വാങ്ങാൻ നടപടികൾ പുരോഗമിക്കുന്നു.

കൊച്ചി നഗരത്തിൽ ഖരമാലിന്യ സംസ്ക്കരണം മെച്ചപ്പെടുത്തുന്നതിനായി രൂപം നൽകിയ ബ്രഹ്മപുരം പ്ലാന്റ് ജെ.എൻ.എൻ.യു.ആർ.എം സഹായത്തോടെ പ്രവർത്തന സജ്ജമായി. ബ്രഹ്മപുരം പദ്ധതിയുടെ ഭാഗമായ അജൈവ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പണി പുരോഗമിക്കുന്നു.

**ജെ.എൻ.എൻ.യു.ആർ.എം-ന്റെ മറ്റൊരു ഉപപദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി-യിൽ 33 പ്രോജക്റ്റുകൾക്കായി 462.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അത് നടപ്പിലാക്കി വരികയുമാണ്**

തിരുവനന്തപുരം വിളപ്പിൽശാല മാലിന്യസംസ്ക്കരണ ശാലയിൽ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രകാരം നടപ്പാക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായ ദ്രവമാലിന്യ ശുദ്ധീകരണ ശാലയുടെ (ലീച്ചെറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമി ക്കുന്നു. പഴയ ലാൻഡ് ഫില്ലുകൾ മൂടുന്ന പ്രവൃത്തിയും നടന്നു വരുന്നു.

തിരുവനന്തപുരത്ത് മുട്ടത്തറയിൽ 107 ദശലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല സംസ്ക്കരണശാല (സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) യുടെ നിർമ്മാണം പുരോഗമിക്കുന്നു. ആക്റ്റിവേറ്റഡ് സ്ലഡ്ജ് പ്രോസസ് എക്സ്റ്റൻഡഡ് എയറേഷൻ എന്ന പ്രക്രിയ ഉപയോഗിച്ച് പരിസര മലിനീകരണം ഒഴിവാക്കിയുള്ള സംസ്ക്കരണ ശാലയാണ് രൂപകൽപന ചെയ്തിരിക്കുന്നത്. അഞ്ചു വർഷത്തെ ഓപ്പറേഷൻ, മെയിന്റനൻസ് ഉൾപ്പെടെ 80.86 കോടി രൂപയാണ് നിർമ്മാണച്ചെലവ്.

മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതിയും സമഗ്ര ചേരി വികസനം ലക്ഷ്യമിടുന്ന സംയോജിത ഭവന നിർമ്മാണ ചേരി വികസന (ഐ.എച്ച്.എസ്.ഡി.പി) പരിപാടിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. ബി.എസ്.യു.പി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകൾ 343.40 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഐ.എച്ച്.എസ്.ഡി.പി പ്രകാരം 40 നഗരസഭകളിലായി ആകെ 207.01 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു.

ജെ.എൻ.എൻ.യു.ആർ.എം-ന്റെ മറ്റൊരു ഉപപദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി-യിൽ 33 പ്രോജക്റ്റുകൾക്കായി 462.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അത് നടപ്പിലാക്കി വരികയുമാണ്.

മുകളിൽ സൂചിപ്പിച്ച ജെ.എൻ.എൻ.യു.ആർ.എം പ്രോജക്റ്റുകൾക്കായി ആകെ 2122.06 കോടി രൂപയാണ് ചെലവിടുന്നത്. ഇത്രയും വലിയൊരു സംഖ്യ നഗരങ്ങളുടെ വികസനത്തിനായി മുൻപ് ഒരിക്കലും വിനിയോഗിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*





*നിരത്തുകൾ തൂത്ത് വൃത്തിയാക്കുന്നതിന് തിരുവനന്തപുരം നഗരസഭ വാങ്ങിയ ആധുനികയന്ത്രം*





# ജലസ്രോതസുകളുടെ ആരോഗ്യം മെച്ചപ്പെടുത്തണം

**85 ശതമാനം ജലസ്രോതസ്സുകളും അപകടകരമായ നിലയിൽ ബാക്ടീരിയകൾ അടങ്ങിയതാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഈ വെള്ളം കുടിക്കുന്നത് രോഗം വിളിച്ചുവരുത്തലാണ്. ഈ അവസ്ഥ അതേപോലെ തുടരാൻ അനുവദിക്കാമോ?**




**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി



നഗരങ്ങളും നഗരസ്വഭാവമാർജിച്ച ഗ്രാമങ്ങളും മാലിന്യപ്രശ്നം ഗൗരവമായി അഭിമുഖീകരിക്കുന്നുണ്ട്. ഗാർഹികവും വാണിജ്യസ്ഥാപനങ്ങളുടേതുമായ മാലിന്യം പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുക എന്നത് ഒരു പതിവാണ്. ഈ പ്രവർത്തനരീതിക്കെതിരായ ബോധവൽക്കരണമാണ് മാലിന്യമുക്ത കേരളം പദ്ധതിയുടെ കാതൽ. ഒരു പരിധിവരെ ഇതു സാധിച്ചിട്ടുണ്ട്. ഖരമാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ വിരലിലെണ്ണാവുന്ന നഗരസഭകളിലൊഴികെ എല്ലായിടവും സജ്ജമായിക്കഴിഞ്ഞു. എന്നാൽ ചിട്ടയായ മാലിന്യശേഖരണ സംവിധാനം പലയിടത്തും ആയിട്ടില്ല. പൊതുസ്ഥലങ്ങൾ മാലിന്യനിക്ഷേപത്തിനുള്ളവയല്ല. എന്നാൽ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുക എന്നത് നമ്മുടെ ഒരു ശീലമായിരിക്കുകയാണ്. കനത്ത മഴ കൂടിയായാൽ ഇവ ഒഴുകി പരന്ന് പരിസരമാകെ വൃത്തിഹീനമാക്കുമെന്ന് എന്തുകൊണ്ടോ ചിന്തിക്കുന്നില്ല. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുമെന്നതുകൊണ്ടാണ് പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കി നിയമനിർമ്മാണം നടത്തിയത്. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കുറവുകൊണ്ടോ താൽപര്യക്കുറവുകൊണ്ടോ ഈ നിയമം നടപ്പിലാക്കപ്പെടുന്നില്ല. ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യവും പരിഗണനാർഹമായ നിലയിലേയ്ക്കു വളർന്നിരിക്കുന്നു.

ജലസ്രോതസ്സുകൾ അപകടകരമായതരത്തിൽ മലിനമാകുന്നത് ഖരദ്രവമാലിന്യങ്ങളുടെ നിക്ഷേപകേന്ദ്രങ്ങളായി ജലാശയങ്ങൾ മാറുന്നതുകൊണ്ടാണ്. 85 ശതമാനം ജലസ്രോതസ്സുകളും അപകടകരമായ നിലയിൽ ബാക്ടീരിയകൾ അടങ്ങിയതാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഈ വെള്ളം കുടിക്കുന്നത്



**നമ്മുടെ ജലസ്രോതസ്സുകളുടെ ആരോഗ്യം പുനസ്ഥാപിച്ചേ പറ്റൂ. അതാണ് ഒരു പ്രദേശത്തെ പൊതു ആരോഗ്യത്തിന്റെ ഗ്യാരന്റി. ഇത് സാധ്യമാണോ എന്നു സംശയിക്കുന്നവരുണ്ടാകാം. പക്ഷേ സാധ്യമായേ പറ്റൂ എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്.**



രോഗം വിളിച്ചു വരുത്തലാണ്. ഈ അവസ്ഥ അതേപോലെ തുടരാൻ അനുവദിക്കാമോ? പകരം ജലസ്രോതസ്സുകളെവിടെ? 300 സെ.മീ. മഴ ലഭിക്കുന്ന കേരളത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടാകുമോ? ഇത്തരം ചോദ്യങ്ങൾ പ്രസക്തമാകുകയാണ്.

നമ്മുടെ ജലസ്രോതസ്സുകളുടെ ആരോഗ്യം പുനസ്ഥാപിച്ചേ പറ്റൂ. അതാണ് ഒരു പ്രദേശത്തെ പൊതു ആരോഗ്യത്തിന്റെ ഗ്യാരന്റി. ഇത് സാധ്യമാണോ എന്നു സംശയിക്കുന്നവരുണ്ടാകാം. പക്ഷേ സാധ്യമായേ പറ്റൂ എന്ന തിരിച്ചറിവാണുണ്ടാകേണ്ടത്. മൂന്നു ഘടകങ്ങൾ ഈ പ്രവർത്തനത്തിനുണ്ട്.

1. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുക. ഉപയോഗിക്കാതെ കിടക്കുന്ന കുളങ്ങൾ, കിണറുകൾ, ചെറുതോടുകൾ തുടങ്ങി പുഴകൾവരെയുള്ള ജലസ്രോതസ്സുകളിലൊന്നിലും മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തണം. ഇത് നിയമനടപടികൾ കൊണ്ടു മാത്രം നടക്കുന്നതല്ല. പ്രാദേശിക സമൂഹത്തിന്റെ ഉറച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സാധ്യമാകുന്നതാണ്. പ്രദേശവാസികൾ – റസിഡന്റ്സ് അസോസിയേഷനുകൾക്ക് ഇത്തരമൊരു തീരുമാനമെടുക്കാനും അവ നടപ്പിലാക്കാനും കഴിയണം. സ്വകാര്യ ഭൂമിയിലുള്ള ജലസ്രോതസ്സുകളും മാലിന്യനിക്ഷേപകേന്ദ്രങ്ങളാകരുത്. മറ്റു സ്രോതസ്സുകളിലെ ജലത്തെയും ഇത് മലിനപ്പെടുത്തും. കൊതുകിനു വളരാൻ അനുകൂലമായ സാഹചര്യമൊരുക്കുന്നവയാണ് മാലിന്യം നിറഞ്ഞ ജലാശയങ്ങൾ. എലിക്കു താവളമാകുന്നതും ഇത്തരം മാലിന്യം നിറഞ്ഞ ജലാശയങ്ങളാണ്. സ്വന്തം പ്രദേശത്തെ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയില്ല എന്ന് പ്രാദേശിക സമൂഹം തീരുമാനിച്ച് ഉറപ്പിച്ചു കഴിഞ്ഞാൽ പിന്നെ അത്തരത്തിൽ പ്രവർത്തിക്കുന്നവരെ നിയമപരമായി നേരിടാൻ കഴിയും. ജലസ്രോതസ്സ് മലിനപ്പെടുത്തുന്നത് ഗുരുതരമായ കുറ്റമാണ്. അവരെ ശിക്ഷിക്കുന്നതിന് നിയമവുമുണ്ട്. ഇക്കൂട്ടർ മാതൃകാപരമായി ശിക്ഷിക്കപ്പെടണം.

ഖരമാലിന്യംപോലെ തന്നെയാണ് ദ്രവമാലിന്യവും. ഹോട്ടൽ, ചെറുവ്യവസായസംരംഭങ്ങൾ എന്നിവയിൽനിന്നെല്ലാം മലിനജലം ഒഴുകിയെത്തുന്നത് ജലാശയങ്ങളിലാണ്. കക്കൂസ് മാലിന്യങ്ങൾ പോലും തോട്ടിലേയ്ക്ക് ഒഴുക്കിവിടുന്നവർ കുറവല്ല. ഇത് സമൂഹത്തോടു ചെയ്യുന്ന ദ്രോഹമാണ്. ഇത് തടഞ്ഞേ പറ്റൂ.

2. ഇനിയും മാലിന്യങ്ങൾ നിക്ഷേപിക്കുകയില്ല എന്നുറപ്പായാൽ ഇപ്പോഴുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കാം. ഇത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാന അജണ്ടകളിലൊന്നാകണം. യന്ത്രസഹായം ആവശ്യമാകുന്നിടത്ത് അതുപയോഗിക്കണം. ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകളും ഉപയോഗിക്കാവുന്നതാണ്. നീക്കം ചെയ്യുന്ന മാലിന്യം വീണ്ടും ജലാശയത്തിലേയ്ക്കെത്താതെ സുരക്ഷിതമായ സ്ഥലത്തേയ്ക്ക് നീക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു കാംപയിൻ പ്രവർത്തനം എന്ന തരത്തിൽ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നത് സമൂഹത്തിലാകെ ഒരു ബോധമുണ്ടാക്കുന്നതിന് സഹായിക്കും.

3. ഇത്രയുമായാൽ ഇനി വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമമാകാം. എന്തൊക്കെയാണ് മാലിന്യങ്ങൾ, അവ എത്രത്തോളമുണ്ട് എന്നു കണ്ടെത്തുകയാണ് ആദ്യം വേണ്ടത്. കേരളത്തിലെ മുഴുവൻ ജലസ്രോതസ്സുകളുടെയും ഗുണപരിശോധന ഇത്തരത്തിൽ നടത്താൻ കഴിയുമോ എന്നത് ഒരു വലിയ ചോദ്യമാണ്. ഹയർസെക്കണ്ടറി വിദ്യാർഥികൾക്ക് അവരുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഇതു ചെയ്യാൻ കഴിയുന്നതാണ്. ലബോറട്ടറികൾ അതിനു സജ്ജമാക്കണം. അധ്യാപകരെ പരിശീലിപ്പിക്കണം. CWRDT, IRTC, മഹാത്മാഗാന്ധി സർവകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ആദ്യഘട്ടം അധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ജില്ലാ പഞ്ചായത്ത് സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുമുണ്ട്. ഈ തുടക്കം പതുക്കെ മറ്റു പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാം. എന്താണ് മാലിന്യമെന്നും അതിന്റെ അളവെത്രയെന്നും അറിഞ്ഞാൽ ഒട്ടുമിക്കവയും ഇല്ലായ്മ ചെയ്യാൻ കഴിയും. ഒരു നിശ്ചിതകാലാവധിക്കുശേഷം മൂന്നുമാസം വീണ്ടും ഗുണപരിശോധന നടത്തി ജലസ്രോതസ്സിന്റെ ആരോഗ്യം മെച്ചപ്പെട്ടിട്ടുണ്ടോ എന്നറിയാൻ പറ്റും. ഇത് ഒരു തുടർപ്രവർത്തനമായി നടത്തേണ്ടതുണ്ട്. ജലസ്രോതസ്സുകളുടെ "ആരോഗ്യം" മെച്ചപ്പെടുത്തുക വഴി ജനതയുടെ ആരോഗ്യം മെച്ചപ്പെടുമെന്നത് ഉറപ്പാണ്.

ജില്ലാപഞ്ചായത്തുകളും നഗരസഭകളുമാണ് ഇതിന് നേതൃത്വം നൽകേണ്ടത്. വിദ്യാഭ്യാസ വകുപ്പും ഹയർസെക്കണ്ടറി അധ്യാപകരും വിദ്യാർഥികളുമാണ് പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകേണ്ടത്. പ്രാദേശിക സമൂഹത്തിന്റെ പിന്തുണയും സഹകരണവും ഇതിന്റെ വിജയത്തിന് അനിവാര്യവുമാണ്. ■






# മഴക്കാല ശുചിത്വ ക്യാമ്പയിൻ

## മരുന്നും ചികിത്സയും എന്നതിനേക്കാൾ പ്രധാനമാണ് പരിസരം ശുചിത്വത്തിലൂടെയുള്ള രോഗപ്രതിരോധം

**കെ. ശിവകുമാർ**




മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ട് കൊണ്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്. ആരോഗ്യവകുപ്പ് ഇതിനകം തന്നെ എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി എന്നീ നാല് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള ഫോർ പ്ളസ് കാമ്പയിന് രൂപം നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പും, ജീവനക്കാരും ഇതിനുള്ള തയ്യാറെടുപ്പുകൾ എടുക്കുന്നതിനോടൊപ്പം പ്രാദേശികമായി പരിസരശുചിത്വവും, കൊതുകിന്റെ ഉറവിടം നശിപ്പിച്ചും ഓടകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ വൃത്തിയാക്കിയും വീടും പൊതുസ്ഥലവും വൃത്തിയായി പരിപാലിച്ചും പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും മഴയെത്തും മുമ്പ് തന്നെ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ വിപുലമായ കാമ്പയിനും പ്രവർത്തനവും ഏറ്റെടുക്കുകയുണ്ടായി ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, സ്കൂളുകൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ തുടങ്ങി ഒട്ടനവധി പ്രവർത്തകരെ ഈ കാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയുകയുണ്ടായി. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ച പ്രവർത്തനം മുൻ വർഷങ്ങളിലെപ്പോലെ ഇപ്രാവശ്യവും പ്രാവർത്തികമാക്കി.

### വാർഡുതല ശുചിത്വ മാപ്പിംഗ്

സംസ്ഥാനത്തെ എല്ലാ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, പ്ലാസ്റ്റിക് വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും ഒക്കെ കണ്ടെത്തുന്നതിന് നടത്തിയ കൂട്ടായ ശ്രമം ആയിരുന്നു ശുചിത്വ മാപ്പിംഗ്. തദ്ദേശ സ്ഥാപന വാർഡുതലത്തിൽ സന്നദ്ധ പ്രവർത്തകരും വിദ്യാർത്ഥികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒത്തുചേർന്ന ശുചിത്വ കൂട്ടായ്മയെ തുടർന്നായിരുന്നു മാപ്പിംഗ്. ഇത്തരം പ്രശ്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിന് വിദ്യാർത്ഥികളു

> **വീട്ടിലും അനുബന്ധമായുള്ള പുരയിടത്തിലും ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിൻ, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, കപ്പ്, ഉടഞ്ഞ ഗ്ലാസ്സ്, കുപ്പി, കുപ്പിയുടെ അടപ്പുകൾ തുടങ്ങി വെള്ളം കെട്ടി നിൽക്കാവുന്ന എല്ലാ വസ്തുക്കളും ശേഖരിച്ച് പുനരുപയോഗിക്കുവാൻ കഴിയുന്നവ അങ്ങനെയും അല്ലാത്തവ നശിപ്പിക്കുകയും ചെയ്യണം.**



ടേയും സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ രൂപീകരിച്ച ശുചിത്വ സ്ക്വാഡുകൾ മേയ്മാസത്തിൽ എല്ലാ വാർഡുകളിലും സഞ്ചരിച്ച് അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കി. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ടുകൾ പഞ്ചായത്ത്/നഗരസഭാ തലത്തിൽ ക്രോഡീകരിക്കുകയും ചെയ്തു.

### പഞ്ചായത്ത് / നഗരസഭാതല കർമ്മപരിപാടി

പഞ്ചായത്ത് / നഗരസഭാ തലത്തിൽ ഈ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ ആകെ പരിശോധിച്ചുകൊണ്ട് തദ്ദേശസ്ഥാപനതല കർമ്മ പരിപാടി രൂപീകരിക്കുകയുണ്ടായി.

റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ, തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ, മാലിന്യസംസ്ക്കരണത്തിന് പദ്ധതി, ജലസ്രോതസുകൾ വൃത്തിയാക്കൽ, ടാങ്കുകൾ വൃത്തിയാക്കൽ, വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ, കുറ്റിച്ചെടിയും മറ്റും മാറ്റൽ, എലി, മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ, പുറമേ പ്രദേശത്തെ വീടുകൾ, കടകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയുണ്ടായി. കർമ്മപരിപാടിയിൽ ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കി വരുന്നു.

### പഞ്ചായത്ത്/നഗരസഭാതല പ്രീമൺസൂൺ കാമ്പയിൻ

പഞ്ചായത്ത്/നഗരസഭാതലത്തിൽ അംഗീകരിച്ച ശുചിത്വ കർമ്മപരിപാടി വിവിധ വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും ഏകോപനത്തോടെ മഴയ്ക്ക് മുമ്പ് ഏറ്റെടുക്കുകയുണ്ടായി. ബഹുജനപങ്കാളിത്തത്തോടെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നടന്ന ശുചിത്വ പ്രചാരണ പ്രവർത്തനങ്ങൾ വരും നാളുകളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനും, പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള അവബോധം വളർത്തുന്നതിനും സഹായകമാകും.

### ഡ്രൈഡേ സന്ദേശം എല്ലാ വീടുകളിലേയ്ക്കും

മഴയെത്തുകയും ഇടവിട്ട് പെയ്യുകയും ചെയ്ത മുൻവർഷത്തെ അനുഭവത്തിന്റെയടിസ്ഥാനത്തിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് തികഞ്ഞ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇതിനായി ഓരോ വാർഡിലേയും വീടുകളെ പ്രത്യേകം വിഭജിച്ച് ആശ, അംഗനവാടി പ്രവർത്തകർ, എസ്.സി/എസ്.റ്റി പ്രൊമോട്ടർമാർ, യൂത്ത് കോർഡിനേറ്റർമാർ തുടങ്ങിയവർക്ക് പുറമേ സന്നദ്ധ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തിയുള്ള സ്ക്വാഡുകൾക്ക് ചുമതല നൽകണം. എല്ലാ ഞായറാഴ്ചകളിലും ഡ്രൈഡേ പ്രവർത്തനം നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.



വീട്ടിലും അനുബന്ധമായുള്ള പുരയിടത്തിലും ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിൻ, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, കപ്പ്, ഉടഞ്ഞ ഗ്ലാസ്സ്, കുപ്പി, കുപ്പിയുടെ അടപ്പുകൾ തുടങ്ങി വെള്ളം കെട്ടി നിൽക്കാവുന്ന എല്ലാ വസ്തുക്കളും ശേഖരിച്ച് പുനരുപയോഗിക്കുവാൻ കഴിയുന്നവ അങ്ങനെയും അല്ലാത്തവ നശിപ്പിക്കുകയും ചെയ്യണം.

അടുക്കളയിൽ നിന്നും കുളിമുറിയിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടി നിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തണം. വെള്ളം കോരിയെടുക്കാത്ത കിണറുകളിലും/കുളങ്ങളിലും കൊതുകു വളരും. ഇത്തരം സ്ഥലങ്ങളിൽ ഗപ്പി മത്സ്യം വളർത്തണം. ചെടിച്ചട്ടി, റഫ്രിജറേറ്ററിന്റെ പുറക് വശം, കെട്ടിട നിമ്മാണവുമായി ബന്ധ പ്പെട്ടുള്ള സ്ഥലങ്ങളിലും വെള്ളം കെട്ടി നിന്ന് കൊതുക് വളരുന്നില്ലെന്ന് ഉറപ്പു വരുത്തണം.

റബ്ബർ മരങ്ങളിലുപയോഗി ക്കുന്ന ചിരട്ടകൾ, വാഴ, ചേമ്പ്, ഏലം തുടങ്ങിയ വിളകളിൽ ഇലയ്ക്കിടയിൽ തങ്ങി നിൽക്കുന്ന വെള്ളത്തിലും കൊതുക് വളരാനുള്ള സാഹചര്യമുണ്ട് എന്നതിനാൽ അത്തരം സ്ഥലങ്ങളിലും ശ്രദ്ധിക്കണം.

ഈ സന്ദേശം വീടുകളിലെത്തിക്കുക എന്നത് പ്രധാനമാണ്. വളരെ ചിട്ടയായി വീടുകൾ സന്ദർശിച്ച് പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും ഉറവിടങ്ങൾ തന്നെ ചൂണ്ടിക്കാട്ടി വീട്ടുകാരുടെ സഹായത്തോടെ ഉറവിട നശീകരണം നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

### ഡ്രൈഡേ സ്കൂളിലും, തൊഴിൽ സ്ഥലങ്ങളിലും

ഞായറാഴ്ചകളിൽ വീട്ടിലും പരിസരത്തും നടത്തുന്ന ഡ്രൈഡേ പ്രവർത്തനം എല്ലാ തിങ്കളാഴ്ചകളിലും സ്കൂളിലും/ആഫീസ്/തൊഴിൽ സ്ഥലങ്ങളിലും ആവർത്തിക്കേണ്ടതുണ്ട്. ഇതിന് വളരെ പ്രാധാന്യമുണ്ട്. നമ്മൾ കൂടുതൽ സമയം ചെലവഴിക്കുന്ന തൊഴിലിടങ്ങളുടെയും സ്കൂളുകളുടെയും പരിസരം വൃത്തിയായി പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ പകർച്ചവ്യാധികളെ പരത്തുന്ന കൊതുകിന്റെ വ്യാപനത്തെ തടയുന്നതിന് സാധിക്കൂ.

### തെളിമയുടെ പ്രവർത്തനം

5 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്കായി ശുചിത്വ മിഷനും, സർവ്വ ശിക്ഷാ അഭിയാനും സംയുക്തമായി തയ്യാറാക്കിയ തെളിമ എന്ന ശുചിത്വ കൈപുസ്തകത്തിലെ പ്രവർത്തനങ്ങൾ കുട്ടികൾ മനസ്സിലാക്കുവാനും ഏറ്റെടുക്കുന്നതിനും ഈ കാമ്പയിൻ ലക്ഷ്യമിടുന്നുണ്ട്. ഇവരുടെ അവധിക്കാല മാലിന്യമുക്ത പ്രവർത്തനങ്ങളുടെ അവതരണം സ്കൂളുകളിൽ നടത്തുന്നതിന് സൗകര്യം ഒരുക്കണം. അധികൃതർ തുടർപ്രവർത്തനങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായി തന്നെ ചെയ്യിക്കുകയും തുടർമൂല്യനിർണ്ണയത്തിന് വിധേയമാക്കുകയും വേണം. ഇത് കുട്ടികളിൽ ശരിയായ മൂല്യബോധം വളർത്തിയെടുക്കും.

### പ്രചാരണ പ്രവർത്തനം

പത്രമാധ്യമങ്ങൾ, ടി.വി.ചാനലുകൾ, വിവിധ എഫ്.എം.റേഡിയോകൾ, പ്രാദേശിക നോട്ടീസ് ബോർഡുകൾ, പോസ്റ്ററുകൾ, ലീഫ്‌ലെറ്റുകൾ വഴിയുള്ള മാധ്യമപ്രവർത്തനമാണ് നടന്നുവരുന്നത്. ഗ്രീൻ കേരള എക്സ്പ്രസ് പോലുള്ള ജനപ്രിയ സോഷ്യൽ റിയാലിറ്റി ഷോയുടെ സന്ദേശങ്ങൾ ഈ ലക്ഷ്യത്തോടെയാണ്. പുറമേ ഒട്ടേറെ ബിസിനസ് സ്ഥാപനങ്ങൾ ശുചിത്വ ബോധവൽക്കരണത്തെ സഹായിക്കുന്നതിനായി മുന്നോട്ടു വന്നിരിക്കുന്നു. മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയാതിരിക്കുന്നതിനും ഉള്ള സന്ദേശം വിപുലമായി എത്തിക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നൂതനമായ പ്രചാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### മോണിട്ടറിംഗ്

തദ്ദേശസ്ഥാപനതലത്തിൽ വാർഡ് തല ശുചിത്വ ആരോഗ്യസമിതി എല്ലാ ആഴ്ചയിലും യോഗം ചേർന്ന് ഈ കാലയളവിൽ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. വാർഡുകളിൽ എല്ലാ തിങ്കളാഴ്ചയും യോഗം ചേർന്ന് നടക്കുന്ന അവലോകനത്തിന്റെ തുടർച്ചയായി അടുത്ത ദിവസം തന്നെ തദ്ദേശ സ്ഥാപനതല രോഗനിർണയ അവലോകന സമിതിയും യോഗം ചേരുകയും അവലോകനം നടത്തി തുടർ നടപടികൾ സ്വീകരിക്കുകയും വേണം.

### ഉപസംഹാരം

മഴക്കാലപൂർവ്വ ശുചീകരണവും, മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളും വഴി കേരളത്തെ കടന്നാക്രമിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനും സാധിച്ചിരിക്കുന്നു. പുതിയ തരം പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന അനുഭവവും നമുക്കുണ്ട്. മരുന്നും ചികിത്സയും എന്നതിനേക്കാൾ പ്രധാനമാണ് പരിസര ശുചിത്വത്തിലൂടെ രോഗ പ്രതിരോധമെന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. ■

*ലേഖകൻ*
*സംസ്ഥാന ശുചിത്വ മിഷനിൽ*
*പ്രോഗ്രാം ആഫീസറാണ്*



> **ഞായറാഴ്ചകളിൽ വീട്ടിലും പരിസരത്തും നടത്തുന്ന ഡ്രൈഡേ പ്രവർത്തനം എല്ലാ തിങ്കളാഴ്ചകളിലും സ്കൂളിലും/ആഫീസ്/തൊഴിൽ സ്ഥലങ്ങളിലും ആവർത്തിക്കേണ്ടതുണ്ട്. ഇതിന് വളരെ പ്രാധാന്യമുണ്ട്. നമ്മൾ കൂടുതൽ സമയം ചെലവഴിക്കുന്ന തൊഴിലിടങ്ങളുടെയും സ്കൂളുകളുടെയും പരിസരം വൃത്തിയായി പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ പകർച്ചവ്യാധികളെ പരത്തുന്ന കൊതുകിന്റെ വ്യാപനത്തെ തടയുന്നതിന് സാധിക്കൂ.**





# പകർച്ചപ്പനി
## പഞ്ചായത്തുകൾ ചെയ്യേണ്ടത്



ഡോ. വിജയകുമാർ

**മിക്ക പനികളും മാരകമല്ല. അതുകൊണ്ട് തന്നെ പനി പടർന്നു പിടിക്കുന്നുവെന്ന് കരുതി അമിതമായി ഭയപ്പെടുന്നതിൽ അർത്ഥമില്ല.**

### തദ്ദേശീയമായ പ്രത്യേകതകളുടെ വിലയിരുത്തലും സാധ്യതാ പഠനവും

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, പകർച്ചവ്യാധികളുടെ കാര്യത്തിലുള്ള മുൻകാല അനുഭവങ്ങൾ, പ്രദേശത്തെ ആളുകളുടെ തൊഴിൽ തുടങ്ങിയവ കണക്കിലെടുത്ത് മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ, മറ്റ് ഓഫീസർമാർ (ഉദാ. കൃഷി, മൃഗസംരക്ഷണം തുടങ്ങിയവ) എന്നിവരുടെ സഹായത്തോടെ ഒരു ചെറുപഠനം നടത്തേണ്ടതാണ്. അതിൽ പഞ്ചായത്തിൽ പടർന്നു പിടിക്കാൻ സാധ്യതയുള്ള പകർച്ചപ്പനികൾ ഏതൊക്കെ? ഏത് വിഭാഗത്തിൽപ്പെടുന്ന (ഉദാഹരണം- കുട്ടികൾ, തൊഴിലാളികൾ) ആളുകളെയാണ് ഈ പനികൾ ബാധിക്കാൻ സാധ്യത? പനി പടർന്നു പിടിക്കുന്നതിന് അനുകൂലമായി പഞ്ചായത്തിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെ, അവ നിയന്ത്രിക്കുന്നതിന് എന്തുചെയ്യാനാകും എന്നിവ ചർച്ച ചെയ്യേണ്ടതാണ്. ഈ ചർച്ചകളുടെ വെളിച്ചത്തിൽ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഒരു പ്രവർത്തന രൂപരേഖ പഞ്ചായത്തുകൾ വികസിപ്പിക്കേണ്ടതാണ്.

### ഏകോപിപ്പിക്കേണ്ട പ്രവർത്തനങ്ങൾ

പ്രവർത്തന രൂപരേഖയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളുടെ ചില സൂചകങ്ങൾ മാത്രമാണ് ഇവിടെ നൽകുന്നത്. പഞ്ചായത്തുകളുടെ പ്രത്യേകതകൾക്കനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

### ആരോഗ്യരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പൊതുവായ പ്രവർത്തനങ്ങൾ

#### *ബോധവൽക്കരണ പരിപാടികൾ*

പടർന്നു പിടിക്കാൻ സാധ്യതയുള്ള രോഗങ്ങൾ, അവ പടർന്നു പിടിക്കുന്നതിന് ഇടനൽകുന്ന സാഹചര്യങ്ങൾ, തടയാൻ കഴിയുന്ന മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. ആശ വോളന്റിയർമാർ ഉൾപ്പെടെയുള്ളവരെ ഉപയോഗിച്ചുള്ള വീടുവീടാന്തരം കാമ്പയിൻ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിൽ പ്രധാനങ്ങളാണ്.

#### *ഖര ദ്രവമാലിന്യങ്ങളുടെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*

വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുകയും അവ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഓവുചാലുകൾ, നീർത്തടങ്ങൾ തുടങ്ങിയവയുടെ സ്ഥിതി അവലോകനം ചെയ്യേണ്ടതാണ്. ചന്തകൾ, ഇറച്ചി സ്റ്റാളുകൾ, പൗൾട്രി ഫാമുകൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ എന്തു ചെയ്യുന്നു എന്നു തിരക്കുകയും ഫലപ്രദമായ മാലിന്യനിർമ്മാർജ്ജന സങ്കേതങ്ങളുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.







#### *പ്രാഥമിക ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*

പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ചും ഫീൽഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആരോഗ്യപ്രവർത്തകരെ സഹായിക്കേണ്ടതുണ്ട്. ആശമാർ ഉൾപ്പെടെയുള്ള പ്രവർത്തകരിൽ പകർച്ചവ്യാധി തടയുന്നതിനുള്ള പ്രവർത്തന രൂപരേഖയെപ്പറ്റി ധാരണയുണ്ടാക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും വേണം. ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും വേണം.

#### *സർവ്വേയലൻസ് പ്രവർത്തനങ്ങൾ*

പകർച്ചവ്യാധികളെപ്പറ്റി ആരോഗ്യപ്രവർത്തകർ ഫീൽഡിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ, ആശുപത്രികളിൽ വരുന്ന രോഗികളുടെ വിവരങ്ങൾ, പഞ്ചായത്തിൽ പ്രൈവറ്റ് ആശുപത്രികളുണ്ടെങ്കിൽ അവിടങ്ങളിലെ വിവരങ്ങൾ, സ്കൂളുകളിലെ കുട്ടികളുടെ അറ്റൻഡൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവ ആഴ്ചയിൽ ഒരിക്കലെങ്കിലും ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

### ചില പ്രത്യേക രോഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

#### *ചിക്കുൻഗുനിയ/ഡെങ്കിപ്പനി*

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, പൊതുസ്ഥലങ്ങളിൽ ചപ്പുചവറുകൾ കൂടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കുക, വീടുകളിലും സ്ഥാപനങ്ങളിലും- ഉള്ളിലും പുറത്തുമായി കൂടിക്കിടക്കുന്ന ചപ്പുചവറുകൾ, ചെടിച്ചട്ടികൾ, മുട്ടത്തോടുകൾ, ചിരട്ടകൾ, പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് ഗ്ലാസ്സുകൾ തുടങ്ങിയവ ഡെങ്കി/ചിക്കുൻഗുനിയ പരത്തുന്നുവെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കുക.


ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആയി ആചരിക്കുക. ആ ദിവസം വീടിന് പുറത്തും സ്ഥാപനത്തിനു പുറത്തും കൊതുകുവളരുന്ന സാഹചര്യം നിലവിലില്ല എന്ന് ബോധ്യപ്പെടുന്നതിന് ആളുകളെ ബോധവൽക്കരിക്കുക.

പ്ലാന്റേഷൻ (തോട്ടം) ഏരിയാകളിൽ (ഉദാ. റബ്ബർ, കൈത, കൊക്കോ) ചിരട്ടകളിലും മറ്റും കൊതുക് വളരുന്നില്ല എന്ന് ഉറപ്പു വരുത്തുക. റബ്ബർ ഉൽപാദനം നടക്കാത്ത സന്ദർഭങ്ങളിൽ ചിരട്ടകൾ കമിഴ്ത്തി വയ്ക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

ഹെൽത്ത് ഇൻസ്പെക്ടർ/പഞ്ചായത്ത് സെക്രട്ടറിമാർ പബ്ലിക് ഹെൽത്ത് നിയമം, പഞ്ചായത്തീരാജ് നിയമം ഇവ അനുസരിച്ച് നടപടികൾ എടുക്കുക.

### ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കടന്നുവരേണ്ട കാര്യങ്ങൾ

- ചിക്കുൻഗുനിയ, ഡെങ്കി തുടങ്ങിയ രോഗങ്ങളുണ്ടാക്കുന്ന കൊതുകുകൾ മുട്ടയിടാൻ ധാരാളം ജലം ആവശ്യമില്ല. ചെറിയ വെള്ളക്കെട്ടുകളിൽ അല്ലെങ്കിൽ ഈർപ്പമുള്ള പ്രതലങ്ങളിൽ ഇവർക്ക് മുട്ടയിടാനാകും.
- ഇവ കടിക്കുന്നത് സാധാരണ അതിരാവിലെയും ഇരുട്ടുന്ന സമയത്തുമാണ്. ആ സമയത്ത് പുറത്തു പോകുന്നവർ (ഉദാ. ടാപ്പിങ് തൊഴിലാളികൾ) ശരീരം പരമാവധി മൂടുന്ന വസ്ത്രം ധരിക്കേണ്ടതാണ്.
- ഇരുട്ട് പരക്കുന്ന സമയത്ത് കുട്ടികൾ പുറത്തുകളിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.
- സ്വന്തം വീട്ടിൽ നിന്നും പരിസരത്തു നിന്നുമാണ് നമ്മെ കടിക്കുന്ന കൊതുകുകൾ ഉണ്ടാകുന്നത്. അത് തടയേണ്ടത് അവരവരുടെ കടമയാണ്.
- വീട്ടിനുള്ളിൽ കൊതുകുവല, കൊതുകുതിരി തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതാണ്.
- കൊതുകുവളരുന്ന സാഹചര്യങ്ങൾ ഉണ്ടാക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.




### എലിപ്പനിക്ക് എതിരെ നടത്തേണ്ട പ്രവർത്തനങ്ങൾ

- നീർത്തടങ്ങളെ മാലിന്യങ്ങൾ ഒഴുക്കികളയുന്ന സ്ഥലങ്ങളല്ലാതെ ആക്കുക.
- നീർത്തടങ്ങൾ/ഓടകൾ വൃത്തിയാക്കുക തുടങ്ങിയ രോഗസാധ്യത കൂടിയ പ്രവർത്തികൾ ചെയ്യുന്നവർക്ക് മെഡിക്കൽ ഓഫീസറുടെ ഉപദേശപ്രകാരം പ്രതിരോധ ചികിത്സ നൽകുക. ഇവർക്ക് കൈയ്യുറ, കാലുറ തുടങ്ങിയവ നൽകുക.
- നീർത്തടങ്ങളിൽ കന്നുകാലികളെ കുളിപ്പിക്കുന്നത് നിയന്ത്രിക്കുക.
- എലിശല്യം കൂടുതലുള്ളയിടങ്ങളിൽ എലിനശീകരണ പ്രവർത്തനങ്ങൾ നടത്തുക.

### ബോധവൽക്കരണത്തിൽ കടന്നുവരേണ്ട വസ്തുതകൾ

- ശുദ്ധികുറവുള്ള നീർത്തടങ്ങളിൽ രോഗസാധ്യത കൂടിയ പ്രവർത്തികൾ- ഉദാ: നീർത്തടശുചീകരണം, ഓടകളുടെ വൃത്തിയാക്കൽ തുടങ്ങിയവ ആവശ്യമായ മുൻകരുതലുകളില്ലാതെ ഒരു കാരണവശാലും ചെയ്യരുത്.
- എലിപ്പനി എലികൾക്കു മാത്രം പരത്താൻ കഴിയുന്ന രോഗമല്ല. മറിച്ച് കന്നുകാലികൾ ഉൾപ്പെടെയുള്ള മൃഗങ്ങൾക്ക് എലിപ്പനി പരത്താൻ കഴിയും.
- മഞ്ഞപ്പിത്തം, മൂത്രം പോകുന്നതിൽ കുറവ് തുടങ്ങിയവയോടു കൂടിയ പനി എലിപ്പനിയുടെ ലക്ഷണങ്ങളാകാം. ഉടൻ വൈദ്യസഹായം തേടേണ്ടതാണ്.

### പകർച്ചപ്പനികൾ പടർന്നു പിടിക്കുമ്പോൾ പൊതുജനങ്ങൾ ചെയ്യേണ്ടത്

- മിക്ക പനികളും മാരകമല്ല. അതുകൊണ്ട് തന്നെ പനി പടർന്നു പിടിക്കുന്നുവെന്ന് കരുതി അമിതമായി ഭയപ്പെടുന്നതിൽ അർത്ഥമില്ല.
- പനിയോടുകൂടി താഴെപറയുന്ന അപകട സാധ്യതാ ഘടകങ്ങൾ ഉണ്ടെങ്കിൽ ഡോക്ടറെ കാണേണ്ടതാണ്.

### പനി-അപകട സാധ്യതാ ഘടകങ്ങൾ

1. ഉയർന്ന താപനിലയിലുള്ള പനിയും ഒപ്പം കുളിരും വിറയലും.
2. ദിവസം രണ്ടുനേരത്തിലധികം ഛർദ്ദിയോ വയറിളക്കമോ ഉണ്ടാവുക.
3. ശ്വാസം മുട്ടൽ അനുഭവപ്പെടുക.
4. പിച്ചും പേയും പറയുക - ജന്നി ഉണ്ടാവുക.

5. നിർജ്ജലീകരണ (dehydration) സാധ്യതകൾ – മൂത്രം വരുന്നത് കുറവാണ് എന്ന് തോന്നുക, എഴുന്നേറ്റു നിൽക്കുമ്പോൾ തല ചുറ്റുക.
6. നാലു ദിവസത്തിലധികം നീണ്ടു നിൽക്കുന്ന പനി.
7. തൊലിപ്പുറത്ത് പാടുകൾ പ്രത്യക്ഷപ്പെടുക, രക്തസ്രാവം ഉണ്ടാവുക.
8. ദീർഘദൂര യാത്രകൾക്കുശേഷം ഒരാഴ്ചയ്ക്കുള്ളിൽ കടുത്ത പനി അനുഭവപ്പെടുക.
9. മൂത്രമൊഴിക്കുമ്പോൾ വേദനയോ മൂത്രത്തിൽ കടുത്ത മഞ്ഞ നിറമോ ഉണ്ടാവുക.
10. സന്ധികൾ നീരുവന്ന് വീങ്ങുക.
11. രണ്ടാഴ്ചയിൽ അധികം നീണ്ടു നിൽക്കുന്ന ചുമയോടുകൂടിയ പനി.

**പകർച്ചപ്പനി വന്നാൽ എന്തൊക്കെ ചെയ്യണം**

1. വിശ്രമിക്കുക–സന്ധികൾക്ക് വേദനയുള്ള പക്ഷം സന്ധികൾ അധികം അനക്കാതിരിക്കുക.
2. പാരസെറ്റമോൾ ഗുളികകൾ ഒഴികെ മറ്റ് വേദനസംഹാരികൾ കഴിയുന്നത്ര ഒഴിവാക്കുക.
3. ധാന്യങ്ങൾ–പയർവർഗ്ഗങ്ങൾ–പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ ധാരാളം കഴിക്കുക.
4. ധാരാളം വെള്ളം കുടിക്കുക.
5. വ്യക്തിശുചിത്വം പാലിക്കുക.
6. ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ മൂക്കും വായയും പൊത്തിപ്പിടിക്കുക.
7. യാത്രകൾ, വിവാഹങ്ങൾ പോലെയുള്ള ഒത്തുചേരലുകൾ കഴിയുന്നത്ര കുറയ്ക്കുക.
8. ചെറിയ പനികൾക്കും മറ്റും വീട്ടിൽത്തന്നെ ചെയ്യാവുന്ന ചികിത്സകൾ– ആവിപിടിക്കുക തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

**മഴക്കാലത്ത് പടർന്നുപിടിക്കാൻ സാധ്യതയുള്ള ജലജന്യരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

- ഇത്തരത്തിലുള്ള രോഗങ്ങൾ (ഉദാ: മഞ്ഞപിത്തം, വയറിളക്കം, ടൈഫോയിഡ്, അപൂർവ്വമായി കോളറ) പടർന്നുപിടിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ.
- ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ പ്രത്യേകമായും മറ്റിടങ്ങളിൽ പൊതുവായുമാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത്.
- രോഗം പടർന്നുപിടിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലെയും സ്ക്കൂളുകളിലെയും കിണറുകൾ ആഴ്ചയിൽ ഒരിക്കലെങ്കിലും എന്ന തോതിലും മറ്റിടങ്ങളിലെ കിണറുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ എന്ന തോതിലും ക്ലോറിനേറ്റ് ചെയ്യേണ്ടതാണ്.
- നദികൾ, കുളങ്ങൾ, തോടുകൾ തുടങ്ങിയവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും അവയിലെ ജലം കുടിവെള്ളമായി ഉപയോഗിക്കുന്ന പക്ഷം സ്ഥിരമായ ക്ലോറിനേഷൻ ഉറപ്പുവരുത്തുകയും വേണം.
- പഞ്ചായത്തു കിണറുകൾ പോലെയുള്ള പൊതുവായ കുടിവെള്ള സ്രോതസ്സുകൾ കാലേക്കൂട്ടി ശുദ്ധിയാക്കേണ്ടതാണ്.

**ആരോഗ്യ അവബോധത്തിന്റെ ഭാഗമാക്കേണ്ട കാര്യങ്ങൾ**

1. വെള്ളം തിളപ്പിച്ചു മാത്രം കുടിക്കാൻ ഉപയോഗിക്കുക.
2. വ്യക്തിശുചിത്വം പാലിക്കുക (കൈ കഴുകിയതിനുശേഷം മാത്രം ഭക്ഷണം കഴിക്കുക, ദിവസവും കുളിക്കുക, കൈനഖങ്ങൾ വെട്ടി സൂക്ഷിക്കുക – ഉദാഹരണങ്ങൾ)
3. കുട്ടികളുടെ വ്യക്തിശുചിത്വത്തിൽ അച്ഛനമ്മമാരും ടീച്ചർമാരും ശ്രദ്ധിക്കുക.
4. മാലിന്യങ്ങൾ ജലാശയങ്ങളുമായി സമ്പർക്കമുണ്ടാകുന്നത് തടയുക.
5. മലമൂത്ര വിസ്സർജ്ജനത്തിന് കക്കൂസുകൾ മാത്രം ഉപയോഗിക്കുക. കഴിയുന്നതും സെപ്ടിക് ടാങ്കുകളോടുകൂടിയ കക്കൂസുകൾ ഉപയോഗിക്കുക.
6. കക്കൂസുകളിൽ അണുനശീകാരികൾ ആവശ്യത്തിനുമാത്രം ഉപയോഗിക്കുക. ഇവ സെപ്ടിക് ടാങ്കുകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തും.
7. പുറത്തുനിന്നും വെള്ളം കുടിക്കുന്നതും ആഹാരം കഴിക്കുന്നതും കഴിയുന്നത്ര ഒഴിവാക്കുക. ■

*ലേഖകൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവനാണ്*











# ഫോർ പ്ലസ് തീവ്രയജ്ഞം 2010




**എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നീ രോഗങ്ങൾക്കെതിരെ ഒരുവർഷം നീണ്ടുനില്ക്കുന്ന യജ്ഞം**

നാല് പ്രധാന പകർച്ചപ്പനികളായ എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവയ്ക്കെതിരെ നാലുപ്രവർത്തന തന്ത്രങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ആരോഗ്യവകുപ്പിനൊപ്പം വിവിധ സർക്കാർ വകുപ്പുകളും സംഘടനകളും പൊതുജനങ്ങളും ഒത്തുചേർന്നു നടത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന യജ്ഞമാണ് ഫോർ പ്ലസ് തീവ്രയജ്ഞം. 2010 ഫെബ്രുവരി 10 ന് മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ഫോർപ്ലസ് തീവ്രയജ്ഞത്തിന് ഔപചാരികമായ തുടക്കം കുറിച്ചു. ഇത് നടപ്പിലാക്കുന്നതിന് വേണ്ടി ആരോഗ്യ കുടുംബക്ഷേമവകുപ്പ് 'ഫോർപ്ലസ് തീവ്രയജ്ഞം' (ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ യജ്ഞം) എന്ന പേരിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ ജില്ലകൾക്കും ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. ഫോർപ്ലസ് സംബന്ധിച്ച സിഡികൾ, ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവയുടെ മാതൃകകളും ഓരോ ജില്ലയ്ക്കും ലഭ്യമാക്കിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി കാംപസ് ഫോർ പ്ലസ് (സി. ഫോർപ്ലസ്) തയ്യാറാക്കി നടപ്പിലാക്കി വരുന്നു. അന്യ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങൾ വഴി രോഗവ്യാപനം നിയന്ത്രിക്കുവാനായി ബോർഡർ ഫോർപ്ലസ് (ബി. ഫോർപ്ലസ്) ആവിഷ്കരിച്ചു. ഇതു നടപ്പിലാക്കുവാൻ ഏപ്രിൽ മാസം 23 ന് ഒരു അന്തർ സംസ്ഥാന യോഗം (തമിഴ്നാട് കേരള സംസ്ഥാനങ്ങൾക്കായി) തിരുവനന്തപുരത്ത് വിളിച്ചുകൂട്ടി, വിശദമായ മാർഗരേഖ തയ്യാറാക്കി. ലോകാരോഗ്യദിനത്തിൽ നഗരപ്രദേശങ്ങൾക്ക് വേണ്ടിയുള്ള ഫോർ പ്ലസ് അഥവാ അർബൻ ഫോർ പ്ലസ് (യു ഫോർ പ്ലസ്) ആരംഭിച്ചു. ആരോഗ്യവകുപ്പ് ജീവനക്കാരും മറ്റ് വകുപ്പുകളും നിർവഹിക്കേണ്ട ചുമതലകളെപ്പറ്റിയും റിപ്പോർട്ടിംഗ് കാര്യക്ഷമമാക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫോർപ്ലസിനെ സംബന്ധിച്ച് ബോധവത്കരണ ശിൽപശാലകളും ക്ലാസുകളും വിവിധ തലങ്ങളിൽ സംഘടിപ്പിച്ചു. ഫോർപ്ലസ് കർമ്മ പദ്ധതിയനുസരിച്ചുള്ള തയ്യാറെടുപ്പുകളും പ്രതിരോധപ്രവർത്തനങ്ങളും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും നടന്നു. ആരോഗ്യവകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവർ ഇതിന്റെ അവലോകന യോഗങ്ങളും നടത്തി. എന്നാൽ ഈ സംരംഭം വിജയിപ്പിക്കാൻ പൊതുജനങ്ങളുടെയും ഇതര വകുപ്പുകളുടേയും കൂട്ടായ്മ കൂടിയേ തീരൂ. അതിന് പഞ്ചായത്ത് സ്ഥാപനങ്ങളുടെ നേതൃത്വവും കൃത്യമായ ഇടപെടലും ഏറ്റവും പ്രാധാന്യമർഹിക്കുന്നു.

**പ്രവർത്തിക്കൂ, അല്ലെങ്കിൽ മരിക്കൂ (Do or Die)**

രോഗം പടരാനുള്ള സാധ്യതകൾ അവലോകനം ചെയ്യാനായി സംസ്ഥാനത്ത് പല പ്രദേശത്തും ഫീൽഡ് സർവ്വേ നടത്തിയതിൽ നിന്നും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം വളരെ കുറവാണെന്ന് കാണാൻ കഴിഞ്ഞു. ഇത് അത്യന്തം ഗൗരവമായ പ്രശ്നമാണ്. 2002 ൽ കേരളത്തിൽ പടർന്ന് പിടിച്ച് 2003 ൽ തന്നെ ഏറ്റവും കൂടുതൽ പേരെ ബാധിച്ച ഡെങ്കിപ്പനി അതിന് ശേഷം കൂടിയും കുറഞ്ഞും ഇന്നും നമ്മോടൊപ്പമുണ്ടെന്ന വസ്തുത നാം വിസ്മരിക്കുന്നു. സാധാരണ ഡെങ്കിപ്പനി മാരകമല്ലെങ്കിലും ഡെങ്കി ഹിമൊറാജിക് പനി, ഡെങ്കി ഷോക്സിൻഡ്രോം എന്നിവ മാരകമാണെന്ന കാര്യം ഗൗരവമായെടുക്കണം. മരണനിരക്ക് കൂടിവരുന്ന ഈ രോഗത്തിനെതിരെ നാടും നാട്ടാരും ഇനിയും ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ മറ്റ് മാർഗ്ഗമില്ലെന്നറിയുക. ഏതുതരക്കാരെയും ഏതാണ്ടൊരു പോലെ ബാധിക്കുന്ന ഡെങ്കിപ്പനി അൽപം ശ്രദ്ധിച്ചാൽ ദൂരെപ്പായിക്കാവുന്നതാണ്.


**നോക്കൂ, നീക്കൂ, നേടൂ**

സ്വന്തം വീടിനുള്ളിലും വീടിന് മുകളിലും ചുറ്റുപാടും വിവിധാവശ്യങ്ങൾക്ക് വച്ചിരിക്കുന്നതോ ഉപേക്ഷിച്ചിരിക്കുന്നതോ ആയ, വെള്ളം കെട്ടിനിൽക്കാൻ ഉതകുന്ന പ്രകൃത്യായുള്ളതും കൃത്രിമവുമായ ഏതൊരു വസ്തുവും സശ്രദ്ധം നോക്കി, കണ്ടുപിടിക്കണം. ഈഡിസ് കൊതുകിന്റെ കൂത്താടികൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇത്തരം ഉറവിടങ്ങൾ വെള്ളം കെട്ടിനിൽക്കാതെ നീക്കണം.

വീടുകളിൽ മാത്രമല്ല ഓരോ സ്ഥാപനത്തിലും ഇതേ കാര്യം നടപ്പിലാക്കണം. സ്ഥാപന മേധാവി ഇതിന് മേൽനോട്ടം വഹിക്കണം. റബർ,കൊക്കോ, അടക്കാ മരത്തോട്ടം എന്നിവിടങ്ങളിൽ തോട്ടം ഉടമകളുടെ ഉത്തരവാദിത്തത്തിൽ ഉറവിടനശീകരണം നടത്തണം. തൊഴിലാളികൾക്ക് ഇതിന് സഹായിക്കാനാകും. ജലദൗർലഭ്യം മൂലം ജലം സംഭരിച്ച് വയ്ക്കുന്ന പാത്രങ്ങളും ടാങ്കുകളും മറ്റും ഉടമസ്ഥൻ ആഴ്ചയിൽ ഒരിക്കൽ നിരീക്ഷിച്ച് കൊതുക് പെരുകാതെ ശ്രദ്ധിക്കണം.

ടയർ റിപ്പയർ സെന്ററുകൾ, കരിക്ക് കച്ചവടകേന്ദ്രങ്ങൾ, കൊപ്രയാട്ടു സ്ഥലങ്ങൾ, സാനിട്ടറിവെയർ ഷോപ്പുകൾ, ആക്രികടകൾ, ചെടിച്ചട്ടി, ഫിഷ്ടാങ്ക് എന്നിവയുടെ വിൽപനകേന്ദ്രങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥരും ആഴ്ചയിൽ ഒരിക്കൽ ഉറവിടനശീകരണം നടത്തണം. കീടനാശിനി തളിക്കുന്നതും ഫോഗിംഗ് നടത്തുന്നതും കൊണ്ട് മാത്രം ഡെങ്കിപ്പനിയും ചിക്കുൻ ഗുനിയയുമകറ്റാൻ കഴിയില്ല. 'മുളയിലേ നുള്ളണം' എന്ന് അറിയുക. ഉറവിടനശീകരണം തന്നെയാണ് ഒരേ ഒരു മാർഗം. പല്ലുതേയ്ക്കും പോലെ, കുളിക്കും പോലെ, ഭക്ഷണം കഴിക്കും പോലെ, ടി.വി.കാണും പോലെ, ദിവസേനയോ, ആഴ്ചയിൽ ഒരിക്കലോ 5 –10 മിനിട്ട് ഉറവിടനശീകരണത്തിന് മാറ്റിവയ്ക്കണം. ■

*തയ്യാറാക്കിയത്*
**പ്രൊഫ.(ഡോ) തോമസ് മാത്യൂ,**
നോഡൽ ഓഫീസർ
**ഉണ്ണികൃഷ്ണൻ. ആർ**
കൺസൽററന്റ് (ഐ.വി.എം)
സംസ്ഥാന രോഗനിയന്ത്രണ അവലോകന സെൽ, എൻ.ആർ.എച്ച്.എം. കേരള







# നവീന അറവുശാലകൾ ശുചിത്വ പരിപാലനത്തിന്

## അറവുശാലകൾ സ്ഥാപിക്കുന്നതിന് മൂലധന ചെലവിന്റെ അമ്പതു ശതമാനം സർക്കാർ നൽകും

**എം. ദിലിപ് കുമാർ**

കേരളത്തിൽ 889 അറവുശാലകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അറവുശാലകളെന്ന നിലയിൽ അടിസ്ഥാന സൗകര്യങ്ങൾ നാമമാത്രമായെങ്കിലും ഉള്ളവ ഇതിൽ 44 എണ്ണം മാത്രമാണ്. കേരളത്തിൽ പ്രതിവർഷം 4 ലക്ഷം ടൺ ആട്ടിറച്ചിയും 6 ലക്ഷം ടൺ മാട്ടിറച്ചിയും ഉത്പാദിപ്പിക്കപ്പെടുന്നുവെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ 2006ലെ കണക്കുകൾ പ്രകാരം ഇത് 1.96 ലക്ഷം ടൺ ആണ്. കണക്കുകൾ എന്തുതന്നെ ആയാലും ഇറച്ചി ഉപയോഗം വളരെ കൂടുതലാണെന്നും കേരളത്തിലെ 80 ശതമാനം ജനങ്ങളും സസ്യേതര ഭക്ഷണം ഉപയോഗിക്കുന്നവരാണെന്നും പൊതുവെ കണക്കാക്കപ്പെടുന്നു. ആളോഹരി ഇറച്ചി ഉപഭോഗം പ്രതിവർഷം ഏകദേശം 40 കിലോഗ്രാം ആണ്. ഇവിടെയാണ് കേരളത്തിലെ ഇറച്ചി ഉത്പാദന രംഗത്തേയ്ക്ക് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ഏറുന്നത്.



മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ കശാപ്പു ചെയ്യുന്നതിനാവശ്യമായ ആധുനിക കശാപ്പുശാലകളുടെ അഭാവം കേരളത്തിലുടനീളം അനുഭവപ്പെട്ടുവരുന്നു. നിലവിലുള്ള അറവുശാലകളിൽ മൃഗങ്ങളെ ശാസ്ത്രീയമായി അറവു നടത്തുന്നതിനും രക്തം വാർത്തെടുക്കുന്നതിനും ഇറച്ചി ഒഴികെയുള്ള മാലിന്യത്തെ വേർതിരിച്ചെടുക്കുന്നതിനും അറവുശാല ശുചിത്വത്തോടെ പരിപാലിക്കുന്നതിനും മാലിന്യ സംസ്ക്കരണത്തിനും ഇറച്ചി കഴുകാനുമുള്ള സൗകര്യം കുറവാണ്. അവ പരിശോധിച്ച് കഴിക്കാൻ ഉപയുക്തമാണെന്ന് സാക്ഷ്യപ്പെടുത്താനുള്ള വെറ്ററിനറി ഡോക്ടറുടെ അഭാവവും പരിമിതിയാണ്. ഇറച്ചി വളരെ വേഗത്തിൽ, പരമാവധി നാലുമണിക്കൂറിന് ശേഷം ജീർണ്ണനം തുടങ്ങി കേടാകാൻ സാദ്ധ്യതയുള്ള ഒരു ഭക്ഷ്യവിഭവമാണ്. അശാസ്ത്രീയമായ രീതിയിൽ അറവുശാല നടത്തുന്നത് വേഗത്തിൽ ഇറച്ചി കേടാകാനും സാൽമൊണല്ല, ഷിഗല്ല തുടങ്ങിയ രോഗാണുക്കൾ പെരുകാനും സാദ്ധ്യത ഒരുക്കുന്നു. അതിനാൽ ഇറച്ചി വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ചാക്കിൽ കെട്ടി ജലാശയങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലും, നിരത്തുകളിലും തള്ളുന്ന പ്രവണതയും ഏറി വരികയാണ്. അറവുശാലകളിൽ മാലിന്യം തരംതിരിക്കാനും അവ സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യാനുമുള്ള സൗകര്യം ഇല്ലാത്തതും പൗരബോധമില്ലാത്തതുമാണ് ഇതിനു കാരണം.

കേരള ഹൈക്കോടതിയിൽ അറവുശാലകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ഒരു കൂട്ടം കേസുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അറവുശാലകൾ അടച്ചുപൂട്ടാനും അംഗീകാരമുള്ള അറവുശാലകളിലല്ലാതെ മൃഗങ്ങളെ കശാപ്പു ചെയ്യുന്നതും പൊതു സ്ഥലങ്ങളിൽ അരോചകമാം വിധം ഇറച്ചി പ്രദർശിപ്പിച്ച് വില്പന നടത്തുന്നതും തടയണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 12.08.2009ൽ ഉത്തരവ് നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അറവുശാല സ്ഥാപിക്കാനുള്ള സമയബന്ധിത പ്രവർത്തനങ്ങൾ നടത്തുവാനും ഹൈക്കോടതി ഉത്തരവ് പൂർണ്ണമായി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ കൈക്കൊള്ളാനുമുള്ള നിർദ്ദേശം സർക്കാരിൽ നിന്നും 21.08.2009 ലെ സർക്കുലർ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

അറവുശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഏവരും ഒരുപോലെ അംഗീകരിക്കുന്നു. എന്നാൽ സ്വന്തമായി അറവുശാലകൾ സ്ഥാപിക്കാനും അവ ശുചിത്വത്തോടെ പ്രവർത്തിപ്പിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വരുന്നില്ല. സാമ്പത്തിക-സാങ്കേതിക കാരണങ്ങളും സ്ഥല ദൗർലഭ്യം, പൊതുജനങ്ങളുടെ എതിർപ്പ്, താൽപ്പര്യം ഇല്ലായ്മ തുടങ്ങിയ കാരണങ്ങളും അറവുശാലകളുടെ നിർമ്മാണത്തിന് തടസ്സമായി ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതികളെ ഒരളവുവരെ പരിഹരിക്കാനുമാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

നവീന അറവുശാലകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർമ്മിച്ച് ശുചിത്വത്തോടെ പ്രവർത്തിപ്പിക്കണമെന്നതാണ് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശം. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

### സ്ഥലം തെരഞ്ഞെടുക്കൽ

അറവുശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക എന്നതാണ് ആദ്യപടി. ചന്തയിൽ നിന്നും വളരെ അകലെയല്ലാതെയും വെള്ളക്കെട്ടില്ലാത്തതും റോഡ് സൗകര്യം ഉള്ളതും വെള്ളം, വൈദ്യുതി എന്നിവ ലഭ്യമായതുമായ സ്ഥലം വേണം അറവുശാലയ്ക്കായി കണ്ടെത്തേണ്ടത്. വീടുകൾ, ശ്മശാനം, കമ്പോസ്റ്റ് പ്ലാന്റ് എന്നിവയ്ക്കടുത്താണ് സ്ഥലം കണ്ടെത്തുന്നതെങ്കിൽ അറവുശാലയിൽ നിന്നും അവയ്ക്ക് 100 മീറ്റർ അകലം ഉറപ്പാക്കണം. അറവുശാല കഴിവതും ചന്തയ്ക്ക് അടുത്തായി സ്ഥാപിക്കുന്നത് മൃഗങ്ങളെ കശാപ്പിനായി കൊണ്ടുപോകാനും ഇറച്ചി കൊണ്ടുപോകാനും സൗകര്യമാകും. മാത്രമല്ല, അറവുശാല ഉപയോഗപ്പെടുത്താൻ കൂടുതൽ താൽപ്പര്യം ബന്ധപ്പെട്ടവരിൽ ഉണ്ടാക്കാനും ഇത് ഇടയാക്കും.


അറവുശാലയും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ നഗരങ്ങളിൽ കുറഞ്ഞത് ഒരേക്കർ സ്ഥലവും ഗ്രാമപഞ്ചായത്തുകളിൽ അര ഏക്കർ സ്ഥലവും ആവശ്യമായി വരും. ഒരു ഗ്രാമ പഞ്ചായത്തിന് ഒരറവുശാല പ്രത്യേകമായി സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ രണ്ടോ മൂന്നോ ഗ്രാമപഞ്ചായത്തുകൾ യോജിച്ച് ഒരു സ്ഥലത്ത് അറവുശാല സ്ഥാപിക്കുന്നതാകും പ്രായോഗികം.

സ്ഥലം കണ്ടെത്തൽ പ്രക്രിയ ത്വരിതപ്പെടുത്താനായി ഫാസ്റ്റ് ട്രാക്ക് ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ അനുവർത്തിക്കാവുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഫാസ്റ്റ് ട്രാക്ക് സംവിധാനം ഉപയോഗപ്പെടുത്തി സ്ഥലം അക്വയർ ചെയ്യാനുദ്ദേശിക്കുന്നവർക്ക് അക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താവുന്നതാണ്. ഭൂമി വാങ്ങുന്നതിനുള്ള തുക പ്ലാൻ സ്ക്കീമിൽ ഉൾപ്പെടുത്തണം.

### സാമ്പത്തിക സഹായം

സാമ്പത്തിക പരിമിതിയാണ് താൽപ്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറവുശാല നിർമ്മാണവുമായി മുന്നോട്ടു പോകുന്നതിൻ വിഘാതമായിട്ടുള്ളതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ വെളിച്ചത്തിൽ അത് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അറവുശാല സ്ഥാപിക്കാനുള്ള കെട്ടിടം, അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെടുന്ന മൂലധന ചെലവിന്റെ 50% തുക സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായമായി ലഭ്യമാക്കാൻ തീരുമാനമുണ്ട്. 20 വലിയ മൃഗങ്ങളേയും 40 ചെറിയ മൃഗങ്ങളേയും പ്രതിദിനം കശാപ്പുചെയ്യുന്നതി

**അറവുശാലയും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ നഗരങ്ങളിൽ കുറഞ്ഞത് ഒരേക്കർ സ്ഥലവും ഗ്രാമപഞ്ചായത്തുകളിൽ അര ഏക്കർ സ്ഥലവും ആവശ്യമായി വരും. ഒരു ഗ്രാമ പഞ്ചായത്തിന് ഒരറവുശാല പ്രത്യേകമായി സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ രണ്ടോ മൂന്നോ ഗ്രാമപഞ്ചായത്തുകൾ യോജിച്ച് ഒരു സ്ഥലത്ത് അറവുശാല സ്ഥാപിക്കുന്നതാകും പ്രായോഗികം.**





നുള്ള നവീന അറവുശാല എല്ലാ ഘടകങ്ങളും ചേർത്ത് നിർമ്മാണം നടത്തുന്നതിനുള്ള മതിപ്പ് ചെലവ് ഏക ദേശം 85 ലക്ഷം രൂപയാണ്. ഇടത്തരം വലിപ്പമുള്ള നഗരസഭകളിൽ ഇത്രയും വലിപ്പമുള്ള അറവുശാല മതിയാകും. ഗ്രാമപഞ്ചായത്തുകളിൽ ഭൂരിഭാഗവും 5 ൽ താഴെ വലിയ മൃഗങ്ങളെ കശാപ്പു ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രതിദിനം 5 മുതൽ 10 വലിയ മൃഗങ്ങളേയും 20 ചെറിയ മൃഗങ്ങളേയും കശാപ്പു ചെയ്യുന്ന അറവുശാലയ്ക്കായി ആവശ്യമായ മൂലധന ചെലവ് ഏകദേശം 35 ലക്ഷം രൂപയാണ്. മൂലധന ചെലവിന്റെ ശേഷിക്കുന്ന 50 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർമ്മാണ മേഖലയിൽപ്പെടുത്തി പ്ലാൻ സ്ക്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.

## സാങ്കേതിക സഹായം

സംസ്ഥാനത്ത് വളരെയേറെ തുക ചെലവഴിച്ച് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അറവുശാലകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തൃപ്തികരമായി അറവ് നടത്തുന്നതിനോ മാലിന്യം വേർതിരിക്കുന്നതിനോ മതിയായ സൗകര്യങ്ങൾ നിലവിലില്ല. മൃഗങ്ങളെ പ്രാകൃതമായി കൊന്ന് തറയിലിട്ട് ഇറച്ചി മാലിന്യങ്ങളുമായി കലർത്തി വെള്ളം ശരിയായി ഉപയോഗിക്കാതെ കൈകാര്യം ചെയ്യുന്ന രീതിയാണ് പൊതുവെ കണ്ടുവരുന്നത്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ശുചിത്വമേഖലയിലെ ആവശ്യകതയും പരിഗണിച്ച് അറവുശാല നിർമ്മാണത്തിന് ശുചിത്വ മിഷനെ നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ സാങ്കേതിക സഹായം നൽകാനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അറവുശാലകൾക്കുള്ള സാങ്കേതിക അംഗീകാരം നൽകാനുള്ള ചുമതലയും ശുചിത്വ മിഷനാണ്.

ഈ മേഖലയിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളും കേരളത്തിൽ സ്ഥാപിച്ച അറവു ശാലകളുടെ പരിമിതികളെകുറിച്ചും ശുചിത്വ മിഷൻ വിലയിരുത്തുകയുണ്ടായി. കേരളത്തിന്റെ സാഹചര്യത്തിൽ കൂടുതൽ യന്ത്രവൽക്കരണം ഇപ്പോൾ ആവശ്യമില്ല. തുടക്കമെന്ന നിലയിൽ രണ്ട് അടിസ്ഥാന മോഡൽ ഡിസൈനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്.

അറവുശാലകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കാനായി പരിശീലനവും മോഡൽ ഡിസൈനും ശുചിത്വമിഷനിൽ നിന്നും ലഭ്യമാകും. 2009 നവംബർ മാസത്തിൽ തുടങ്ങിയ ഈ പരിപാടിയുടെ ഭാഗമായി 22 നഗരസഭകളും 20 ഗ്രാമപഞ്ചായത്തുകളും ഇതിനകം നവീന അറവുശാല സ്ഥാപിക്കാനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കി ശുചിത്വ മിഷന് നൽകിയിട്ടുണ്ട്. അവ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകാനും ഭാഗിക സാമ്പത്തിക സഹായം നൽകാനുമുള്ള നടപടികൾ നടന്നു വരുന്നു.

## നിയമപരമായ ബാദ്ധ്യതകൾ

നവീന അറവുശാലകൾ പാലിക്കേണ്ട നിയമങ്ങളും മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താണ് ശുചിത്വ മിഷൻ മോഡൽ ഡിസൈനുകൾ തയ്യാറാക്കിയിട്ടുള്ളത്. 2001 ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ ചട്ടങ്ങൾ, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1974-ലെ ജലമലിനീകരണ (നിവാരണ നിയന്ത്രണ) നിയമം തുടങ്ങിയവയാണ് അറവുശാലയുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ. കൂടാതെ 1979-ലെ അറവുശാല നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖയും കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും ഇവയിൽപ്പെടുന്നു.

**അറവുശാലകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കാനായി പരിശീലനവും മോഡൽ ഡിസൈനും ശുചിത്വമിഷനിൽ നിന്നും ലഭ്യമാകും. 2009 നവംബർ മാസത്തിൽ തുടങ്ങിയ ഈ പരിപാടിയുടെ ഭാഗമായി 22 നഗരസഭകളും 20 ഗ്രാമപഞ്ചായത്തുകളും ഇതിനകം നവീന അറവുശാല സ്ഥാപിക്കാനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കി ശുചിത്വ മിഷന് നൽകിയിട്ടുണ്ട്. അവ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകാനും ഭാഗിക സാമ്പത്തിക സഹായം നൽകാനുമുള്ള നടപടികൾ നടന്നു വരുന്നു.**

## അറവുശാലയിൽ ഉണ്ടാകേണ്ട ഘടകങ്ങൾ

മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം പാലിച്ചുകൊണ്ടും ഇറച്ചിയും അനുബന്ധ ഘടകങ്ങളും കശാപ്പിനു ശേഷം വേർതിരിച്ച് എടുക്കുന്ന തരത്തിലും വെള്ളത്തിന്റെ ഉപയോഗം പരമാവധി കുറച്ചും മലിനജലത്തിന്റെ അളവ് കഴിയുന്നത്ര കുറച്ചും മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും മാലിന്യത്തിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കുന്നതിനുള്ള നടപടികളും ഉൾപ്പെട്ട അറവുശാലകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. ഇത് യാഥാർത്ഥ്യമാക്കുന്നതിന് അറവുശാലയിൽ താഴെപ്പറയുന്ന ഘടകങ്ങൾ അനിവാര്യമാണ്.









മൃഗങ്ങളെ സ്വീകരിക്കാനുള്ള സ്ഥലം, മൃഗങ്ങളെ പരിശോധിച്ച് അസുഖമുള്ളവയെ മാറ്റി പാർപ്പിക്കാനുള്ള ലെയ്റേജ് (ആല), വെറ്ററിനറി ഡോക്ടർക്ക് പരിശോധന നടത്താനുള്ള സ്ഥലം, മൃഗങ്ങളെ ബോധം കെടുത്തിയോ ഹലാൽ രീതിയിലോ കൊല്ലാനുള്ള സ്ഥലം, രക്തം വാർത്തിയെടുക്കാനുള്ള സ്ഥലം, തൊലി ഉരിക്കാനും കഴുകാനുമുള്ള സ്ഥലം, വയറ്റിലുള്ള മാലിന്യങ്ങൾ നീക്കംചെയ്ത് മാറ്റാനുള്ള സംവിധാനം, ഇറച്ചി കഴുകാനും ഡോക്ടർക്ക് പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പാക്കാനുമുള്ള സ്ഥലം, രക്തം, കൊഴുപ്പ്, എല്ല്, തോല് ഇവ സൂക്ഷിക്കാനും വ്യാവസായികമായി ഉപയോഗപ്പെടുത്താനുതകും വിധം കൈമാറാനുമുള്ള സംവിധാനം, മാലിന്യ സംസ്ക്കരണത്തിനായി കമ്പോസ്റ്റ് യൂണിറ്റ്, മലിനജല സംസ്ക്കരണ പ്ലാന്റ് , വാട്ടർ പ്രഷർജറ്റ് ക്ലീനർ, സോളാർ വാട്ടർ ഹീറ്റർ, ബയോഗ്യാസ് ഉപയോഗിച്ചുള്ള ചൂള, ഡീസൽ ജനറേറ്റർ, ചുറ്റുമതിൽ- ഗേറ്റ്, ഗ്രീൻ ബെൽറ്റ്, ചുറ്റിലും ഒഴിഞ്ഞ സ്ഥലം, തൊഴിലാളികൾക്ക് കുളിക്കാനും വസ്ത്രം സൂക്ഷിക്കുന്നതിനും സൗകര്യം, ഡോക്ടർക്കും ഹെൽത്ത് ഇൻസ്പെക്ടർക്കുമുള്ള മുറി, ഓഫീസ് തുടങ്ങിയ സൗകര്യങ്ങളാണ് അറവുശാലയിൽ ഏർപ്പെടുത്തേണ്ടത്. ആവശ്യമായ സിവിൽ ജോലികളുടേയും മെഷിനറികളുടേയും സ്പെസിഫിക്കേഷനും, യൂണിറ്റ് കോസ്റ്റും ശുചിത്വമിഷൻ തയ്യാറാക്കിയിട്ടുള്ള മോഡൽ ഡിസൈനിൽ ലഭ്യമാണ്.

## വിഭവങ്ങൾ വീണ്ടെടുക്കൽ

ഇറച്ചി, തോൽ, എല്ല് എന്നീ ഘടകങ്ങൾ മാത്രമാണ് ഇപ്പോൾ അറവുശാലകളിൽ വേർതിരിച്ചെടുക്കുന്നത്. മാലിന്യമായി ഇപ്പോൾ പുറംതള്ളുന്ന വസ്തുക്കൾ ഒട്ടുമിക്കവയും വിഭവങ്ങളായി മാറ്റിയെടുക്കാൻ വളരെയേറെ സാദ്ധ്യതയുള്ളവയാണ്. ഉദാഹരണത്തിന് രക്തം വാർത്തി വേർതിരിച്ചെടുത്ത് മത്സ്യതീറ്റ, കോഴിതീറ്റ, വളം, പ്ലൈവുഡ് നിർമ്മാണത്തിനുള്ള പശ തുടങ്ങിയവയായി ഉപയോഗപ്പെടുത്താം. കൊഴുപ്പ് വേർതിരിച്ചെടുത്ത് സോപ്പ് നിർമ്മാണം, ഗ്രീസ്, ഫാറ്റി ആസിഡുകളുടെ ഉല്പാദനം, സൗന്ദര്യ വർദ്ധക സാധനങ്ങളുടെ നിർമ്മാണം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താം. രോമം ഉപയോഗിച്ച് കളിപ്പാട്ടം, അമിനോ ആസിഡ് ഉല്പാദനം, കാർപ്പറ്റ് നിർമ്മാണം, ബ്രഷുകളുടെ നിർമ്മാണം തുടങ്ങി പലതരത്തിലും ഉപയോഗപ്പെടുത്താം. കുടൽ വേർതിരിച്ചെടുത്ത് പലതരം സോസുകൾ, ഭക്ഷണ പദാർത്ഥങ്ങൾ, സർജറിക്കുള്ള നൂൽ, സംഗീത ഉപകരണങ്ങളുടെ നിർമ്മാണം, സ്പോർട്സ് സാധനങ്ങളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഉപയോഗപ്പെടുത്താം. വയറ്റിലുള്ള വസ്തുക്കളെ ഉപയോഗപ്പെടുത്തി ജൈവ വളവും ബയോഗ്യാസും ഉല്പാദിപ്പിക്കാം.

അറവുശാലയുടെ പ്രവർത്തന ചെലവിന്റെ ഒരു ഭാഗമെങ്കിലും വഹിക്കാൻ ഇവയിൽ നിന്നുള്ള വരുമാനം ലഭിക്കത്തക്കരീതിയിൽ മാലിന്യമായി ഇപ്പോൾ പുറംതള്ളുന്ന വസ്തുക്കളെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് കാണാം. നവീന അറവുശാല സ്ഥാപിക്കുമ്പോൾ ജില്ലാ അടിസ്ഥാനത്തിൽ ഒരു റെൻഡറിംഗ് പ്ലാന്റ് കൂടി സ്ഥാപിച്ചാൽ വിഭവങ്ങൾ വീണ്ടെടുക്കാൻ കൂടുതൽ സഹായകമാകും. ഇത്തരത്തിലുള്ള പ്രവർത്തനത്തിന്റെ ആദ്യ പടിയായി നവീന അറവുശാലകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടത് ഒരാവശ്യമാണ്.



## ഉപസംഹാരം

പൊതു വേദികളിൽ മുഴങ്ങിക്കേൾക്കുന്ന ഒരു വിഷയമാണ് അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ജലാശയങ്ങളിലും പൊതു നിരത്തിലും ഒഴിഞ്ഞ പറമ്പിലും തള്ളുന്നതിൽ നിന്നുള്ള പരിസ്ഥിതി - മലിനീകരണ പ്രശ്നങ്ങൾ. മതിയായ സൗകര്യമുള്ള അറവുശാലകൾ സ്ഥാപിക്കാനും അവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാനും അല്ലാതുള്ളവയ്ക്കെതിരെ നിയമപരമായ ശിക്ഷണ നടപടികൾ കൈക്കൊള്ളാനുമുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ശുചിത്വമുള്ള ഇറച്ചി ജനങ്ങൾക്ക് ലഭിക്കാനും അറവു ശാലകളിൽ നിന്നുള്ള മാലിന്യങ്ങളെ പരമാവധി കുറയ്ക്കാനും അവയിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കാനും ശേഷിക്കുന്നവ സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യാനും നവീന അറവുശാലകൾ സ്ഥാപിക്കുന്നതിലൂടെ സാദ്ധ്യമാകും.

സമൂഹ ശുചിത്വം കാത്തു സൂക്ഷിക്കാൻ നവീന അറവുശാലകളുടെ സ്ഥാപിക്കലും പ്രവർത്തനവും അനിവാര്യമാണ്. അതിനുള്ള തുടക്കം കുറിക്കാൻ ഈ അവസരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്. ■

*ലേഖകൻ*
*സംസ്ഥാന ശുചിത്വമിഷനിൽ*
*സോളിഡ്‌വേസ്റ്റ് മാനേജ്മെന്റ് വിഭാഗം*
*ഡയറക്ടറാണ്*




# നഗരങ്ങളുടെ റേറ്റിംഗ്

## ഇന്ത്യയിലെ 423 നഗരങ്ങളുടെ റേറ്റിംഗ് : ചാണ്ഡീഗർ ഒന്നാമത് കേരളത്തിൽ കോട്ടയം

**ഡോ. ഡി. ശ്രീകുമാർ**

**ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിൽ കേരളത്തിലെ നഗരങ്ങൾക്ക് മികച്ച പോയിന്റ്**

കേന്ദ്രസർക്കാർ 2008ൽ ദേശീയ ശുചിത്വനയത്തിന് (NUSP - National Urban Sanitation Policy) രൂപം നൽകുകയുണ്ടായി. ഈ മേഖലയിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നഗര ശുചിത്വ സൂചികകളുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ റേറ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി. നഗരങ്ങളിലെ പൊതുജനാരോഗ്യത്തിനും പരിസ്ഥിതിക്കുമാണ് റേറ്റിംഗിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഇന്ത്യയിലെ ഒരു ലക്ഷത്തിന് മേൽ ജനസംഖ്യയുള്ള നഗരപ്രദേശങ്ങളെയാണ് (Urban agglommerations)റേറ്റിംഗിൽ ഉൾപ്പെടുത്തിയത്. ഡിസംബർ 2009നും ഏപ്രിൽ 2010നുമിടയ്ക്കു നടത്തിയ റേറ്റിംഗിൽ 436 നഗരങ്ങളെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

### കാറ്റഗറി

റേറ്റിംഗിന് നഗരങ്ങളെ നാലായി തിരിച്ചിട്ടുണ്ട്.

**പച്ച** : ആരോഗ്യശുചിത്വ നഗരം : 91–100 പോയിന്റ്

**നീല** : മെച്ചപ്പെട്ടുകൊണ്ടിരിക്കുന്ന നഗരം : 67–90 പോയിന്റ്

**കറുപ്പ്**: ഗണ്യമായി മെച്ചപ്പെടുത്തേണ്ട നഗരം : 34–66

**ചുവപ്പ്**: അടിയന്തര പരിഹാര നടപടികൾ ആവശ്യമുള്ള നഗരം: < 33 പോയിന്റ്

### ദേശീയസ്ഥിതി

2010 മേയ് 10–ാം തീയതി കേന്ദ്ര നഗരകാര്യമന്ത്രി ജയ്പാൽ റെഡ്ഡി ഡൽഹിയിലെ വിജ്ഞാൻഭവനിൽ നടത്തിയ പത്രസമ്മേളനത്തിൽ ഇന്ത്യയിൽ നടത്തിയ ആദ്യത്തെ നഗര റേറ്റിംഗുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. വളരെ കർക്കശമായ നിലവാരം സ്വീകരിച്ചിരുന്നെങ്കിലും റേറ്റിംഗിന്റെ ഫലം പൊതുവെ നിരാശാജനകമായിരുന്നു. നഗരഭരണകർത്താക്കളെ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ആവശ്യകത റേറ്റിംഗിൽ പ്രകടമായി ബോധ്യപ്പെട്ടു. ഇന്ത്യയിലെ 423 നഗരങ്ങളുടെ റേറ്റിംഗ്


*നഗരങ്ങളുടെ ദേശീയ റേറ്റിംഗിൽ കേരളത്തിൽ ഒന്നാമതെത്തിയ കോട്ടയം നഗരം.*







പ്രഖ്യാപിച്ചതിൽ പച്ച കാറ്റഗറിയിൽ ഒരു നഗരവും ഉൾപ്പെട്ടിട്ടില്ല. പച്ച കാറ്റഗറിയിൽ ഉൾപ്പെടുന്നതിന് 91 പോയിന്റ് വേണ്ട സ്ഥാനത്ത് ഒന്നാമത് എത്തിയ ഇന്ത്യയിലെ ആസൂത്രിത നഗരമായ ചാണ്ടിഗറിനു ലഭിച്ചത് 73.48 പോയിന്റ് മാത്രമാണ്. ചാണ്ഡിഗർ ഉൾപ്പെടെ 4 നഗരങ്ങൾ മാത്രമാണ് നീല കാറ്റഗറിയിൽ വന്നിട്ടുള്ളതും. ചാണ്ടിഗർ, മൈസൂർ, സൂററ്റ്, ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ (ഡൽഹിയൂടെ 3% സ്ഥലം). 423 നഗരങ്ങളുടെ റേറ്റിംഗ് നിലവാരം താഴെ കൊടുക്കുന്നു.




189 നഗരങ്ങൾ ചുവപ്പ് കാറ്റഗറിയിൽ വന്നിരിക്കുന്നതു ആശങ്കയ്ക്കു വക നല്കുന്നു. അവിടെ അടിയന്തര പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായി ഉണ്ട്.

### കേരളത്തിന്റെ സ്ഥിതി

നല്ല ആരോഗ്യ ശുചിത്വ അന്തരീക്ഷം കേരളത്തിൽ നിലവിലുണ്ട് എന്നു പരക്കെ വിശ്വസിക്കപ്പെടുന്നുവെങ്കിലും റേറ്റിംഗിൽ നമ്മുടെ സ്ഥിതി വളരെ മെച്ചമാണെന്നു പറയാൻ കഴിയില്ല. കേരളത്തിലെ 10 നഗരങ്ങളാണ് റേറ്റിംഗിൽ ഉൾപ്പെട്ടിട്ടുള്ളത്. അവയ്ക്ക് ലഭിച്ച സ്ഥാനവും പോയിന്റും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പട്ടണം/നഗരം | റാങ്ക് | പോയിന്റ് | കാറ്റഗറി |
|---|---|---|---|---|
| 1 | കോട്ടയം | 47 | 45.000 | കറുപ്പ് |
| 2 | തിരുവനന്തപുരം | 73 | 41.710 | കറുപ്പ് |
| 3 | കൊച്ചി | 81 | 41.070 | കറുപ്പ് |
| 4 | തൃശൂർ | 114 | 39.490 | കറുപ്പ് |
| 5 | പാലക്കാട് | 125 | 38.930 | കറുപ്പ് |
| 6 | കോഴിക്കോട് | 147 | 37.974 | കറുപ്പ് |
| 7 | കൊല്ലം | 167 | 36.970 | കറുപ്പ് |
| 8 | കാഞ്ഞങ്ങാട് | 174 | 36.750 | കറുപ്പ് |
| 9 | ആലപ്പുഴ | 294 | 29.480 | ചുവപ്പ് |
| 10 | ചേർത്തല | 347 | 25.880 | ചുവപ്പ് |



*നഗരങ്ങളുടെ ദേശീയ റേറ്റിംഗിൽ ഒന്നാമതെത്തിയ ചാണ്ഡീഗർ നഗരം.*

ആലപ്പുഴ, ചേർത്തല പട്ടണങ്ങൾ ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെട്ടിരിക്കുന്നു. അവിടെ അടിയന്തരമായി പ്രത്യേക ശ്രദ്ധ നല്കേണ്ടതായി ഉണ്ട്.

### ദേശീയ നഗര ശുചിത്വ നയം

2008ൽ രൂപീകരിച്ചിട്ടുള്ള ദേശീയ നഗര ശുചിത്വ നയം ഇന്ത്യയിലെ നഗരങ്ങളെ പൊതുജനപങ്കാളിത്തത്തോടെ സമ്പൂർണ്ണ ശുചിത്വമുള്ള ആരോഗ്യകരമായ ജീവിതം നയിക്കാൻ ഉതകുന്ന നഗരങ്ങൾ ആക്കാനാണു ലക്ഷ്യമിടുന്നത്. ശുചിത്വവുമായി ബന്ധപ്പെട്ട സ്വഭാവ രീതികളിൽ മാറ്റം, തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം തടയൽ, സംയോജിത നഗര ശുചിത്വ പരിപാലനം എന്നിവയാണ് ദേശീയ നഗര ശുചിത്വ നയത്തിൽ ലക്ഷ്യമിടുന്നത്. ദേശീയ നയത്തിനു അനുസൃതമായി സംസ്ഥാന Strategy യും നഗര സാനിറ്ററി പ്ലാനുകളും രൂപീകരിച്ചു നടപ്പിലാക്കേണ്ടതാണ്.

റേറ്റിംഗിനു ഉപയോഗിച്ച സൂചികകൾ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

### റേറ്റിംഗ് സൂചികകൾ

റേറ്റിംഗ് ഉപയോഗിച്ച സൂചികകൾ പ്രധാനമായും മൂന്നു തരത്തിലുള്ളതാണ്.

**ഫല സൂചികകൾ – (50 പോയിന്റ്) (Output indicators)**

- തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം ഇല്ല.
- മനുഷ്യ വിസർജ്ജനം സുരക്ഷിതമായി കൈകാര്യം ചെയ്യൽ (% ശേഖരിക്കുന്നു)
- ബ്ലാക്ക് വാട്ടർ (വിസർജ്ജം അടങ്ങിയ മലിനജലം) കൈകാര്യം ചെയ്യൽ (%)
- ഗ്രേ വാട്ടർ (മലിന ജലം) കൈകാര്യം ചെയ്യൽ (%)
- ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം (%)
- മഴവെള്ളം ഒഴുകി പോകുന്നതിനുള്ള ഓടകൾ (%)
- ഖരമാലിന്യ ശേഖരണം (%)
- ഖരമാലിന്യ സംസ്ക്കരണം (%)
- നഗരമാലിന്യങ്ങൾ നഗരത്തിനു പുറത്തു ദുഷ്യഫലങ്ങൾ ഉണ്ടാക്കാത്ത അവസ്ഥ

**പ്രക്രിയ സൂചികകൾ – 30 പോയിന്റ് (Process indicators)**

- തുറസ്സായ മലമൂത്ര വിസർജ്ജനം പരിശോധിക്കാനുള്ള സംവിധാനം
- സ്വിവറേജ് സംവിധാനത്തിന്റെ പ്രവർത്തന ക്ഷമത
- സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത
- ഡ്രെയിനേജ് സംവിധാനത്തിന്റെ പ്രവർത്തനക്ഷമത
- ഖരമാലിന്യ മാനേജ്മെന്റിന്റെ പ്രവർത്തനക്ഷമത
- ഉത്തരവാദിത്വങ്ങൾ വ്യക്തമായി നല്കുകയും നിറവേറ്റുകയും ചെയ്യുന്നതിന്റെ പ്രവർത്തനക്ഷമത
- പിഴ ഈടാക്കുന്ന സംവിധാനത്തിന്റെ കാര്യക്ഷമത

**അന്തഫല സൂചികകൾ –20 പോയിന്റ്** (Outcome indicators)

- കുടിവെള്ളത്തിന്റെ ഗുണനിലവാരം
- ജലസ്രോതസ്സുകളുടെ ഗുണനിലവാരം
- ജലജന്യ രോഗങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ്

**– ആകെ 100 – പോയിന്റ്**

## റേറ്റിംഗും കേരളവും: ഒരു അവലോകനം

ദേശീയ ശുചിത്വ റേറ്റിംഗിൽ കേരളത്തിലെ നഗരങ്ങൾക്കു പ്രതീക്ഷിച്ച റാങ്ക് നേടാൻ കഴിഞ്ഞില്ല. അതിന്റെ കാരണങ്ങൾ പരിശോധനാ വിധേയമാക്കേണ്ടതായുണ്ട്.

കേരളത്തിൽ ശുചിത്വത്തിന്റെ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെങ്കിലും ദേശീയ ശുചിത്വ നയത്തിന്റെ ഭാഗമായി നടത്തിയ റേറ്റിംഗുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്കു പുറമേ മറ്റു ചില ഡിപ്പാർട്ടുമെന്റുകൾ/ഏജൻസികളുടെ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നു. കൂടാതെ നാം വളരെയൊന്നും ശ്രദ്ധിക്കാതെ പോയിട്ടുള്ള ചില ഘടകങ്ങളും ഉൾക്കൊള്ളുന്നു. വളരെ ഉയർന്ന നിലവാരത്തിലുള്ള മാനദണ്ഡങ്ങളാണ് റേറ്റിംഗിനു ഉപയോഗിച്ചത് എന്നതുകൊണ്ടുതന്നെ ആ നിലവാരത്തിൽ എത്തുന്നതിനു കഠിനമായ പരിശ്രമവും കൂടുതൽ ഫണ്ടും ആവശ്യമാണ്.

തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം കേരളത്തിൽ പ്രശ്നമായി ഇപ്പോൾ നഗരങ്ങൾ കണക്കാക്കുന്നില്ല. എന്നാൽ പരിശോധന നടത്തിയ ഏജൻസി ഇപ്പോഴും മിക്ക നഗരങ്ങളിലും തുറസ്സായ മലമൂത്ര വിസർജ്ജനം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു കാലത്ത് നഗരസഭകൾ ഇതിനെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രശ്നത്തിന്റെ കാഠിന്യം കുറഞ്ഞുവന്നതിനാൽ ഇപ്പോൾ പരിശോധിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത. റേറ്റിംഗിൽ തുറസ്സായ മലമൂത്ര വിസർജ്ജനത്തിന്റെ ഒരു കേസ് പോലും ഉണ്ടാകാൻ പാടില്ല.

സ്വിവറേജ് സംവിധാനത്തിന്റെ അഭാവമാണ് മറ്റൊരു പ്രശ്നം. തിരുവനന്തപുരവും (30%) കൊച്ചിയും (5%) കഴിഞ്ഞാൽ കേരളത്തിൽ മറ്റൊരിടത്തും സ്വിവറേജ് സംവിധാനം നിലവിൽ ഇല്ല. റേറ്റിംഗിൽ ഒരു മാർക്കു ലഭിക്കണമെങ്കിൽ പോലും 45 % സ്വിവറേജ് സംവിധാനം ആവശ്യമാണ്. കേരളത്തിലെ നഗരങ്ങൾക്കും ഈ കാര്യത്തിൽ പോയിന്റ് ലഭിച്ചില്ല.

സെപ്റ്റിക് ടാങ്ക് മാലിന്യം, ബ്ലാക്ക് വാട്ടർ, ഗ്രേവാട്ടർ എന്നിവയുടെ സംസ്ക്കരണം കേരളത്തിൽ ഒരു നഗരത്തിലും ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ ഈ കാര്യങ്ങളിലും നമുക്കു പോയിന്റുകൾ ഒന്നും ലഭിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ക്കരണ സംവിധാനം ഇല്ലാത്തതുകൊണ്ടുതന്നെ പുനരുപയോഗത്തിന്റെ പോയിന്റുകളും നഷ്ടപ്പെടുകയാണ് ഉണ്ടായത്.

സ്വിവറേജ്, സെപ്റ്റിക് മാലിന്യം, ബ്ലാക്ക് വാട്ടർ, ഗ്രേ വാട്ടർ എന്നിവയുടെ സംസ്ക്കരണം കേരള വാട്ടർ അതോറിറ്റിയാണ് പ്രധാനമായും ചെയ്യുന്നത്. എന്നാൽ ഈ മേഖലയിൽ വേണ്ടത്ര മുടക്കുമുതൽ നടത്താത്തതിനാൽ ഇപ്പോഴും ഫലപ്രദമായ സംവിധാനം ഒരു നഗരത്തിലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. JNNURM, VIDSMT എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ചില നഗരങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ചെറിയ മാറ്റം വരുത്തുമെന്നു പ്രതീക്ഷിക്കാം.

റേറ്റിംഗ് മാനദണ്ഡപ്രകാരം എല്ലാ റോഡുകളിലും മഴവെള്ളം പോകുന്നതിനുള്ള ഓട ആവശ്യമാണ്. PWD, NH, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ചുള്ള പ്രവർത്തനം കൊണ്ടുമാത്രമേ ഇതു സാദ്ധ്യമാകുകയുള്ളു.

ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിൽ കേരളത്തിലെ നഗരങ്ങൾക്കു താരതമ്യേന മികച്ച പോയിന്റുകൾ ലഭിക്കുകയുണ്ടായി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഈ മേഖലയിൽ നാം നടത്തിയിരുന്ന ഇടപെടൽ ഫലം ചെയ്യുന്നുണ്ടെന്ന് വ്യക്തമാണ്. എന്നാൽ പൂർണ്ണതയിൽ എത്തുന്നതിനും മാലിന്യം വലിച്ചെറിയുന്നത് അവസാനിപ്പിക്കുന്നതിനും കൂടുതൽ പ്രവർത്തനം ആവശ്യമാണ്.

പ്രക്രിയ സൂചികകളിലും സ്വിവറേജ്, ഓടകൾ, തുറസ്സായ മലമൂത്ര വിസർജ്ജന മോണിറ്ററിംഗ്, സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്ക്കരണം തുടങ്ങിയ കാര്യങ്ങളിൽ നമുക്കു കാര്യമായ പോയിന്റുകൾ നേടാൻ കഴിഞ്ഞിട്ടില്ല. ഖരമാലിന്യ സംസ്ക്കരണത്തിൽ നമ്മുടെ സ്ഥിതി മെച്ചപ്പെട്ടതാണ്. അനന്തഫല സൂചികകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ നമുക്കു മെച്ചപ്പെട്ട റേറ്റിംഗ് ലഭിച്ചപ്പോൾ ജല സ്രോതസ്സുകളിലെ (Water bodies) ജലസാമ്പിളുകളുടെ പരിശോധനയിൽ നാം പൊതുവേ പിന്തള്ളപ്പെടുകയാണ് ഉണ്ടായത്. ജലജന്യരോഗങ്ങളുടെ കാര്യത്തിൽ നഗരതല ഡേറ്റയുടെ അഭാവം നമുക്കു ലഭിക്കാമായിരുന്ന പോയിന്റുകൾ നഷ്ടപ്പെടാൻ കാരണമായി.

### എന്തു ചെയ്യാൻ കഴിയും ?

ദേശീയ നയം അനുസരിച്ച് ഓരോ വർഷവും റേറ്റിംഗ് നടത്തുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ നഗരങ്ങളുടെ നിലവാരം അടിയന്തരമായി മെച്ചപ്പെടുത്തേണ്ടതുണ്ട്.

സംസ്ഥാനതലത്തിൽ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ വർഷവും സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും റേറ്റിംഗ് നടത്തുന്നത് സ്ഥിതി മനസ്സിലാക്കാനും മെച്ചപ്പെടുത്താനും ഉപകരിക്കും.

തുറസ്സായ സ്ഥലത്തു നടത്തുന്ന മലമൂത്ര വിസർജ്ജനം അവസാനിപ്പിക്കുന്നതിനു ബോധവല്ക്കരണം, ടോയിലറ്റുകളുടെ നിർമ്മാണം, പരിശോധന, അവലോകന സംവിധാനം എന്നിവ ഏറ്റെടുക്കാവുന്നതാണ്.

സ്വിവറേജ് സംവിധാനം, ബ്ലാക്ക് വാട്ടർ, ഗ്രേ വാട്ടർ സംസ്ക്കരണം, ഓടകളുടെ നിർമ്മാണം എന്നിവ ഏർപ്പെടുത്തുന്നതും ചെലവേറിയ പ്രവർത്തികളാണ്. എന്നാൽ ശുചിത്വ നഗരത്തിന് ഇവ കൂടിയേ കഴിയൂ. ഘട്ടംഘട്ടമായി വിഭവങ്ങൾ കണ്ടെത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ആലത്തൂർ മാതൃകയും സ്വകാര്യ പങ്കാളിത്തത്തിന്റെ സാദ്ധ്യതയും ഗൗരവമായി ആലോചിക്കേണ്ടതാണ്. അടിയന്തരമായി ജില്ലാ/നഗര/ബ്ലോക്ക് തലങ്ങളിൽ കക്കൂസിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതായുണ്ട്.

ഖരമാലിന്യ സംസ്ക്കരണ രംഗത്തു നാം കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താനും കുറ്റമറ്റതാക്കാനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തുന്ന സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും പ്രവർത്തനക്ഷമത ഉറപ്പുവരുത്താനും കാലാകാലങ്ങളിൽ അവലോകനം ചെയ്യാനും പരിസ്ഥിതി സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്താനുമുള്ള നടപടി സ്വീകരിക്കാൻ കഴിയേണ്ടതാണ്.

ജലസ്രോതസ്സുകളുടെ മലിനീകരണത്തിനു എതിരേ വളരെ ശക്തമായ നിയനിർമ്മാണം ഉണ്ടായിട്ടുണ്ടെങ്കിലും അത് നടപ്പാക്കി തുടങ്ങാൻ ഇനിയും കാലതാമസം ഉണ്ടാകരുത്.

ആരോഗ്യവകുപ്പുമായി സഹകരിച്ച് നിലവിലുള്ള ആശുപത്രി അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾക്കൊപ്പം തദ്ദേശസ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള രോഗ/പ്രതിരോധ പ്രവർത്തനങ്ങളുടെ ഡേറ്റ കൂടി ശേഖരിക്കാനും പരിശോധിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

നമ്മുടെ നഗരങ്ങളെ ഉന്നത നിലവാരത്തിലുള്ള 'ശുചിത്വ നഗരങ്ങൾ' ആക്കിയെടുക്കുന്നതിനു വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതു നടപ്പിലാക്കുന്നതിനു സംസ്ഥാന-ജില്ലാതലങ്ങളിലും തദ്ദേശസ്ഥാപനതലത്തിലും സംയുക്ത കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. ■

*ലേഖകൻ*
*തിരുവനന്തപുരം കോർപ്പറേഷനിൽ*
*ഹെൽത്ത് ആഫീസറാണ്*







## ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി ലക്ഷ്യത്തിലേയ്ക്ക്

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ മാത്രം നൂറിലധികം വീടുകൾ പൂർത്തീകരിച്ച 10 പഞ്ചായത്തുകളാണുള്ളത്. ഭൂമിയും വീടുമില്ലാത്തവർക്ക് അതുറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയും ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളും ഫലം കാണിച്ചു തുടങ്ങിയിരിക്കുന്നു.

വീടില്ലാത്ത 5 ലക്ഷം ദരിദ്ര കുടുംബങ്ങളെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ധനസഹായം നൽകി വീടു നിർമ്മിച്ചു നൽകുക എന്ന പ്രക്രിയ അത്ര എളുപ്പമല്ല. അത്രയധികം കാര്യങ്ങൾ പരിശോധിച്ചും കൃത്യമായി ആസൂത്രണം നടത്തിയും മാത്രമേ നിർവഹണം സാധ്യമാകൂ. ധനസഹായം നൽകുക മാത്രമല്ല ഗുണഭോക്താവിന് സാങ്കേതിക-സന്നദ്ധ പിന്തുണ നൽകുന്നുവെന്നതും വീട് പൂർത്തിയാക്കുന്നതുവരെ തദ്ദേശഭരണ സ്ഥാപനം ഒപ്പം ഉണ്ടാകുന്നുവെന്നതും ഈ പദ്ധതിയുടെ സവിശേഷതയാണ്. യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ അവലംബിച്ച പ്രക്രിയയും നിർവഹണമാരംഭിച്ചപ്പോൾ ഉണ്ടായി വന്ന തടസങ്ങൾ പരിഹരിച്ചു

**ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അർഹതയുള്ള ഗുണഭോക്താവിനെ കണ്ടുപിടിച്ച് രേഖകൾ കൃത്യമാക്കി, പരിശോധനകൾ നടത്തി വീടിനർഹതയുള്ളവർക്ക് വീടു നൽകുക എന്ന നയമാണ് നടപ്പാക്കിയത്. അതിലൂടെ പണവും വിഭവവും എത്തേണ്ടിടത്തു തന്നെ എത്തുന്നു എന്നുറപ്പാക്കാനായിട്ടുണ്ട്. ഇതിനായി കൃത്യമായ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളിലൂടെ നൽകിയിട്ടുമുണ്ട്.**

മുന്നോട്ടു പോകാൻ കഴിഞ്ഞതും തുടർന്നുള്ള പ്രവർത്തനങ്ങൾ ഏളുപ്പമാക്കുകയാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അർഹതയുള്ള ഗുണഭോക്താവിനെ കണ്ടുപിടിച്ച് രേഖകൾ കൃത്യമാക്കി, പരിശോധനകൾ നടത്തി വീടിനർഹതയുള്ളവർക്ക് വീടു നൽകുക എന്ന നയമാണ് നടപ്പാക്കിയത്. അതിലൂടെ പണവും വിഭവവും എത്തേണ്ടിടത്തു തന്നെ എത്തുന്നു എന്നുറപ്പാക്കാനായിട്ടുണ്ട്. ഇതിനായി കൃത്യമായ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളിലൂടെ നൽകിയിട്ടുമുണ്ട്. ഇത് ഭവന പദ്ധതി നടത്തിപ്പിനെ കുറ്റമറ്റതാക്കുന്നതിന് സഹായകരമായി.

ഇപ്പോൾ നിർവഹണത്തിന്റെ ഘട്ടമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും വികസനഫണ്ടിന്റെ 15 ശതമാനത്തിന്റെ പത്തിരട്ടിയെന്ന പരിധിക്കു വിധേയമായി, ആവശ്യമായ വായ്പയെടുത്തുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നു.

ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപനവുമായി ഏർപ്പെടേണ്ട കരാർ മുതൽ സഹകരണ ബാങ്കിൽ അക്കൗണ്ട് എടുക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ ഒറ്റ ദിവസം കൊണ്ട് ഏകജാലക സംവിധാനത്തിലൂടെ പൂർത്തിയാക്കുന്ന മാതൃകാപരമായ പ്രവർത്തനം പദ്ധതി നടത്തിപ്പ് ജനസൗഹൃദപരമാക്കി മാറ്റി. ഈ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് അതിവേഗം വ്യാപിക്കുന്നുമുണ്ട്. സുതാര്യമായ ഈ പ്രവർത്തന രീതി ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി ക്യാമ്പയിന്റെ തിളക്കമാർന്ന ഒരു ഭാഗമാണ്. ക്രമേണ ഈ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക എന്നത് സുപ്രധാനമാണ്.



പി. സുരേഷ്

## ആവേശമായ് അനുഭവ പഠനശില്പശാല



അനുഭവ പഠന ശില്പശാലയിൽ പങ്കെടുത്തു കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി സംസാരിക്കുന്നു.

ഏകജാലക സംവിധാനം മാത്രമല്ല, കേരളത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള ഭവന പദ്ധതികളുടെ അനുഭവങ്ങൾ മനസിലാക്കിയും പങ്കുവെച്ചുംകൊണ്ടുമാത്രമേ 5 ലക്ഷത്തോളം വീടുകൾ നിർമ്മിക്കുന്ന ഈ ബൃഹത് പദ്ധതിയെ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി അഹാഡ്സിന്റെ നേതൃത്വത്തിലുള്ള ഭവന പദ്ധതി സവിശേഷമായ ഒരു പ്രവർത്തന മാതൃകയെന്ന നിലയിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. കൊടകര ബ്ലോക്കിൽ നടപ്പാക്കിയ സുസ്ഥിര പാർപ്പിട പദ്ധതിയുടെ പ്രഖ്യാപനം 2010 ജൂൺ 20-ന് നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ നടക്കുന്നു. ഈ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്ന ഊർജ്ജം ഇ.എം. എസ്. സമ്പൂർണ ഭവന പദ്ധതിക്ക് കൂടുതൽ കരുത്തു പകരുന്നതാണ്.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ രംഗത്തെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന അനുഭവ പഠന ശില്പശാല 2010 മെയ് 28, 29 തീയതികളിൽ തിരുവനന്തപുരത്തു നടത്തിയത്.

ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും 4 പ്രതിനിധികളെയാണ് ശില്പശാലയിലേയ്ക്ക് ക്ഷണിച്ചത്. 100 തദ്ദേശഭരണ സ്ഥാപനങ്ങൾ 400 പേർ എന്നതായിരുന്നു ധാരണ. എന്നാൽ 150 ലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ ശില്പശാലയ്ക്ക് വളരെ മുൻപുതന്നെ രജിസ്റ്റർ ചെയ്തു. തദ്ദേശഭരണ സ്ഥാപന അധ്യക്ഷൻമാരും ജനപ്രതിനിധികളുമടങ്ങുന്ന 700 ഓളം പേർ പങ്കെടുക്കുന്ന അനുഭവ പഠന ശില്പശാല ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള താൽപര്യത്തിന്റെ കൃത്യമായ സൂചനയാണ്.

അനുഭവ പഠന ശില്പശാല ഉദ്ഘാടനം ചെയ്തത് സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രഭാത് പട്നായിക് ആയിരുന്നു. സംസ്ഥാന സർക്കാരിന്റെ വികസന രംഗത്തെ നാഴികകല്ലായാണ് ഇ.എം.എസ്. ഭവന പദ്ധതിയെ അദ്ദേഹം വിശേഷിപ്പിച്ചത്. ഇത് കേരളത്തിന്റെ അധികാരവികേന്ദ്രീകരണ പ്രവർത്തനത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. വീടില്ലാത്തവർക്കു വീടു നൽകുന്നത് വ്യക്തിയുടെ അവകാശമായി അംഗീകരിക്കുന്നത് ഇ.എം.എസ്. ഭവന പദ്ധതിയുടെ ഏറ്റവും ആകർഷകമായ സവിശേഷതയായി അദ്ദേഹം വിലയിരുത്തി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ജനങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിൽ വിമുഖത നിലനിൽക്കുമ്പോൾ കേരളം അതിൽ നിന്നും വ്യത്യസ്തമാകുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് ജനങ്ങളുമായി വളരെ അടുത്ത ബന്ധമുണ്ട്. ജനങ്ങളോട് അത് നിരന്തരം ബന്ധപ്പെടുന്നു. അതുകൊണ്ട് പ്രാദേശിക സർക്കാരുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളത്തിന്റെ സാമൂഹ്യ വികാസത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണായകമായ പങ്കാണ് വഹിക്കുന്നതെന്ന് തുടർന്നു സംസാരിച്ച ആസൂത്രണബോർഡ് അംഗം സി.പി.നാരായണൻ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി നടത്തിപ്പ് നന്നായി ഡോക്യുമെന്റ് ചെയ്യണം. പദ്ധതികളുടെ വിജയവും പരാജയവും പിന്നീടുവരുന്നവർക്ക് അനുഭവ പാഠമാകുന്നതിന് ഇത് സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഉദ്ഘാടന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ സംസ്ഥാന സെക്രട്ടറി എം.വി. ബാലകൃഷ്ണൻ മാസ്റ്റർ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി എസ്. നാസറുദ്ദീൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി.പി. മുരളി, കില ഡയറക്ടർ എൻ. രമാകാന്തൻ എന്നിവരും സംബന്ധിച്ചു.

ഇ.എം.എസ് ഭവന പദ്ധതി സമാനതകളില്ലാത്തതാണെന്ന് ധനകാര്യ വകുപ്പു മന്ത്രി തോമസ് ഐസക് പറഞ്ഞു. പദ്ധതിയുടെ തുടർ പരിപാടികളെപ്പറ്റി സംസാരിക്കുകയായിരുന്നു അദ്ദേഹം. സമയബന്ധിതമായി പൂർത്തിയാക്കുക എന്നത് പ്രധാനമാണ്. ആഗസ്റ്റ് മാസത്തോടെ ഒന്നാംഘട്ടം പൂർത്തിയാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇ.എം. എസ്. സമ്പൂർണ ഭവന പദ്ധതിയുടെ ഭാഗമായി 100 വീടുകൾ പൂർത്തീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ ജൂൺ 19, 20-ന് തൃശൂർ നെൻമണിക്കരയിൽ നടക്കുന്ന 5000 വീട് പൂർത്തിയാക്കുന്നതിന്റെ പ്രഖ്യാപനം നടത്തുന്ന സംസ്ഥാന പാർപ്പിട ശില്പശാലയിലേയ്ക്ക് അദ്ദേഹം സ്വാഗതം ചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഇ.എം. എസ് സമ്പൂർണ ഭവന പദ്ധതി കർമ പരിപാടിയെപ്പറ്റിയാണ് സംസാരിച്ചത്. പദ്ധതി നടത്തിപ്പിലെ പ്രായോഗികമായ പ്രശ്നങ്ങളുടെ ഭാഗമായാണ് കാലതാമസം നേരിടുന്നതെന്നദ്ദേഹം സൂചിപ്പിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജനങ്ങളുമായി നേരിട്ടു ബന്ധമുള്ളതിനാൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 5 ലക്ഷം വീടുകൾ നൽകിയതുകൊണ്ട് ഉത്തരവാദിത്തം അവസാനിക്കുന്നില്ല. അവർ ആ വീടുകളിൽ താമസിക്കുന്നുവെന്ന് ഉറപ്പാക്കണം. ഒരേ സമയത്ത് ഇത്രയധികം വീടുകൾ ഒരുമിച്ചു നിർമ്മിച്ചതുകൊണ്ട് നിർമ്മാണ സാമഗ്രികളുടെ വലിയ ദൗർലഭ്യം നേരിടും. കൃത്യമായ ആസൂത്രണത്തോടു കൂടി പദ്ധതി നടപ്പാക്കണം. പല തർക്കങ്ങളും തടസങ്ങളും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇത്തരം തർക്കങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തണം. എന്നാൽ തർക്കങ്ങൾ ഇല്ലാത്തവയുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിന് തടസമില്ല. സാങ്കേതികത്വം പദ്ധതി നടത്തിപ്പിൽ തടസമുണ്ടാക്കുന്നതിന് യാതൊരു കാരണവശാലും അനുവദിക്കില്ല എന്നും അദ്ദഹം പറഞ്ഞു.





സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രൊഫ. പ്രഭാത് പട്നായിക് അനുഭവ പഠന ശില്പശാല ഉദ്ഘാടനം ചെയ്യുന്നു.

ഇ.എം.എസ് സമ്പൂർണ ഭവന പദ്ധതി തിരുവനന്തപുരം മാതൃകയെപ്പറ്റി ജില്ലാ ആസൂത്രണസമിതി അധ്യക്ഷൻ ആനാവൂർ നാഗപ്പൻ സംസാരിച്ചു. ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച ഇ.എം.എസ് സെല്ലാണ് ജില്ലയുടെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നത്. സെല്ലിന്റെ നേതൃത്വത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ സംഗമം നടത്തുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

### തിരുവനന്തപുരം മാതൃക

തിരുവനന്തപുരം ജില്ലയിൽ പദ്ധതി പ്രവർത്തനങ്ങൾ ക്യാമ്പയിൻ രീതിയിൽ നടത്തുന്നതിന് സവിശേഷമായ ചില പ്രവർത്തന രീതികൾ ആവിഷ്ക്കരിച്ചു. രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ, ബഹുജനസംഘടനകൾ, വ്യാപാരികൾ, കുടുംബശ്രീ പ്രവർത്തകർ സാംസ്ക്കാരിക സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, നിർമ്മാണ തൊഴിലാളികൾ ഭവന പദ്ധതിക്ക് അവരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ജനകീയ കൺവെൻഷനുകളിൽ അത് പ്രഖ്യാപിക്കുകയും ചെയ്യുന്ന തരത്തിലായിരുന്നു കൺവെൻഷനുകൾ സംഘടിപ്പിച്ചത്. ശരാശരി 200 പേരാണ് കൺവെൻഷനുകളിൽ പങ്കെടുത്തത്. ഭവന പദ്ധതിക്ക് ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ ഇത് വലിയ പങ്ക് വഹിക്കുന്നുണ്ട്. ഗുണഭോക്തൃ സംഗമത്തിൽ ഏകജാലക സംവിധാനം നടപ്പിലാക്കുക വഴി ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവനങ്ങളും ഒരു ദിവസം തന്നെ നൽകാൻ കഴിഞ്ഞു. ഇത് പുതിയ ഒരു സമീപനരീതി രൂപപെടുത്താൻ സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കൃത്യമായി കമ്മിറ്റി സംവിധാനങ്ങൾ പ്രവർത്തിച്ചും മോണിറ്ററിംഗ് ശക്തമാക്കിയുമാണ് പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കിയത്. നിരവധി പഞ്ചായത്തുകളിൽ വീടു നിർമ്മാണം ജനകീയ പങ്കാളിത്തത്തോടെ നടക്കുകയാണ്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിലൂടെയാണ് ഇതു സാധ്യമാക്കിയത്. ജനപിന്തുണയോടെ കുറഞ്ഞ



ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി സി. ദിവാകരൻ "ഇ.എം. എസ്. ഭവനപദ്ധതി മാതൃകാപരമായ പ്രവർത്തനങ്ങൾ" എന്ന പുസ്തകം പ്രകാശനം ചെയ്യുന്നു.



അനുഭവ പഠന ശില്പശാലയിൽ നിന്ന്



ആനാവൂർ നാഗപ്പൻ, പ്രസിഡന്റ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്



പ്രൊഫ. പി.കെ. രവീന്ദ്രൻ, തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി



സമയത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാനായതാണ് തിരുവനന്തപുരം മാതൃക എന്നും അദ്ദേഹം വ്യക്തമാക്കി.

തിരുവനന്തപുരം ജില്ലയിൽ ഭവന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഗുണഭോക്തൃ സംഗമത്തെപ്പറ്റി തിരുവനന്തപുരം ജില്ല ഇ.എം.എസ്.ഭവനം ക്യാമ്പയിൻ സെല്ലിന്റെ കൺവീനർ വി.എസ്.ബിജു സംസാരിച്ചു. നിർവഹണ ഉദ്യോഗസ്ഥനുമായും സെക്രട്ടറിയുമായും കരാർ ഉണ്ടാക്കൽ, സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുറക്കൽ, ഭവന നിർമ്മാണത്തിനാവശ്യമായ പെർമിറ്റ് നൽകൽ എന്നീ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ഒറ്റ ദിവസം കൊണ്ട് ഏകജാലക സംവിധാനം വഴി നൽകുന്നു. ഇതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും എങ്ങനെ കൂട്ടായി പ്രവർത്തിച്ചു എന്ന് അദ്ദേഹം വിശദീകരിച്ചു. ഇതിനുള്ള ഏഴു കൗണ്ടറുകൾ എങ്ങനെ ഫലപ്രദമായി നടത്താമെന്ന് വി.എസ്. ബിജുവിന്റെ അവതരണത്തിലൂടെ വിശദമാക്കി.

ശില്പശാലയുടെ രണ്ടാം ദിവസം രാവിലെ 9 മണിക്ക് കേരളത്തിന്റെ പാർപ്പിട പ്രശ്നവും ഇ.എം.എസ് സമ്പൂർണ ഭവന പദ്ധതിയും എന്ന വിഷയത്തിൽ പ്രൊഫ. പി.കെ.രവീന്ദ്രൻ സംസാരിച്ചു. പദ്ധതി നടത്തിപ്പിൽ നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമങ്ങൾ പാലിക്കാതെ പണം നൽകുന്നതും ചെലവഴിക്കുന്നതും കുറ്റകരമാണെന്നും അദ്ദേഹം പറഞ്ഞു. ഭവന പദ്ധതി നടത്തിപ്പിലെ പ്രായോഗികമായ പ്രശ്നങ്ങളെപ്പറ്റി അദ്ദേഹം വിശദീകരിച്ചു.

100 വീടുകൾ പൂർത്തീകരിച്ച് താക്കോൽ നൽകിയ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ, ആര്യങ്കോട്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരും വി.ഇ.ഒമാരും ഭവന പദ്ധതി നിർവഹണത്തെപ്പറ്റി സംസാരിച്ചു. പ്ലീനറി സെഷനിൽ ഇ.എം.എസ് സമ്പൂർണ ഭവന പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി ഗ്രൂപ്പുകളിൽ നടന്ന ചർച്ച റിപ്പോർട്ടു ചെയ്യുകയും ചർച്ച നടത്തുകയും ചെയ്തു. സി.പി. നാരായണനും പ്രൊഫ. പി.കെ. രവീന്ദ്രനും ചർച്ചകളോട് പ്രതികരിച്ചു സംസാരിച്ചു.

സമാപനയോഗത്തിൽ എൻ. ശക്തൻ എം.എൽ.എ. അധ്യക്ഷനായിരുന്നു. ഭക്ഷ്യ സിവിൽസപ്ലൈസ് മന്ത്രി സി. ദിവാകരൻ യോഗം ഉദ്ഘാടനം ചെയ്യുകയും 'ഇ.എം.എസ് ഭവന പദ്ധതി – മാതൃകാപരമായ പ്രവർത്തനങ്ങൾ' എന്ന പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ ആനാവൂർ നാഗപ്പൻ, പാർപ്പിട നയരേഖാപ്രഖ്യാപനം നടത്തി. തുടർന്ന് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. എസ്. സുന്ദരേശൻ സംസാരിച്ചു. ഉദ്യോഗസ്ഥരും എസ്.ആർ.ജി. അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായി ഇതിനകം സംസ്ഥാനത്ത് 3 ലക്ഷം വീടുകൾ പൂർത്തിയാക്കി കഴിഞ്ഞു. ഇതുമൂലം 12 ലക്ഷത്തോളം ആളുകളുടെ ജീവിതത്തിന് പ്രതീക്ഷയുടെ, സുരക്ഷിതത്വത്തിന്റെ അർത്ഥമുണ്ടാകുകയാണ്. ഇന്നലെവരെ അവർ എവിടെ ജീവിച്ചുവോ അതിനെക്കാൾ മെച്ചപ്പെട്ട ഒരിടം അവർക്ക് സ്വന്തമാകുന്നു. അത് കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വലിയ മാറ്റമാണ് ഉണ്ടാക്കുന്നത്. 999 ഗ്രാമപഞ്ചായത്തുകളിൽ 994ലും ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് പുറപ്പെടുവിച്ച് പദ്ധതി മുന്നേറുകയാണ്. 683 ഗ്രാമപഞ്ചായത്തുകൾക്ക് ബാങ്ക് ലോൺ ലഭ്യമായി കഴിഞ്ഞു. 733 ഗ്രാമപഞ്ചായത്തുകൾ ഒന്നാം ഗഡു വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയിരക്കണക്കിന് വീടുകളുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾ അനുദിനം വ്യാപിക്കുകയാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും ഭവന പദ്ധതിയുടെ വ്യത്യസ്തമായ പ്രവർത്തനരീതികളും അനുഭവങ്ങളും എത്തേണ്ടതുണ്ട്. പദ്ധതിയുടെ സാമൂഹ്യ പ്രസക്തി കൂടുതൽ കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതുമുണ്ട്. ശിലപശാല ഇതിന് സഹായകരമായിട്ടുണ്ട്. ■

*ലേഖകൻ ജനകീയാസൂത്രണം*
*സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗമാണ്*





റിപ്പോർട്ട്

**ആർ. പാർവ്വതീദേവി**

# കുടുംബശ്രീ 12-ാം വാർഷികം വർണാഭമായി

സ്ത്രീ ശാക്തീകരണത്തിന്റെ ഉത്തമ മാതൃകയായ കുടുംബശ്രീയുടെ പന്ത്രണ്ടാം സംസ്ഥാനതല വാർഷികം എറണാകുളത്ത് വിപുലമായി ആഘോഷിച്ചു.സാമ്പത്തിക ശാക്തീകരണത്തിലൂടെ കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാൻ പ്രതിജ്ഞയെടുത്തു കൊണ്ടാണ് കുടുംബശ്രീയുടെ 12-ാം വാർഷിക സമ്മേളനം സമാപിച്ചത്. മറൈൻ ഡ്രൈവിൽ നടന്ന പൊതുസമ്മേളനത്തിൽ പതിനായിരക്കണക്കിന് സ്ത്രീകളാണ് പങ്കെടുത്തത്. ജാതി മത ഭേദമന്യേ കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമാണ് പെൺകൂട്ടായ്മ എന്ന സന്ദേശം വിളിച്ചോതുന്നതായിരുന്നു രണ്ടു ദിവസം നീണ്ടുനിന്ന കുടുംബശ്രീ വാർഷികാഘോഷം. രാജേന്ദ്രമൈതാനം മുതൽ മറൈൻഡ്രൈവ് വരെ അണിനിരന്ന റാലിയോടെ ആരംഭിച്ച ആഘോഷ പരിപാടി നിയമസഭ സ്പീക്കർ കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു.

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് കുടുംബശ്രീ നടത്തിയ പ്രവർത്തനം അത്ഭുതാവഹമാണെന്ന് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. സ്ത്രീകൾക്ക് അധികാരവും സമ്പത്തും വഴങ്ങില്ലെന്ന പൊതുധാരണയെ കുടുംബശ്രീ മാറ്റിമറിച്ചുവെന്ന് സ്പീക്കർ കെ.രാധാകൃഷ്ണൻ പറഞ്ഞു. 12 വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെറ്റുകൾ തിരുത്തി മാറ്റത്തിന്റെ മറ്റൊരു കേരള മോഡൽ സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു. വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞെന്ന് പൈൻശ്രീ പൈനാപ്പിൾ ജ്യൂസിന്റെ വിതരണോദ്ഘാടനം നിർവഹിച്ച കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രി കെ.വി.തോമസ് പറഞ്ഞു.ആലുവ മുൻസിപ്പൽ ചെയർപേഴ്സൺ സ്മിത ഗോപി പൈൻശ്രീയുടെ ആദ്യ പായ്ക്ക് ഏറ്റുവാങ്ങി. മികച്ച പത്ത് സിഡിഎസുകൾക്ക് രണ്ടരലക്ഷം രൂപയും ട്രോഫിയുമടങ്ങുന്ന പുരസ്ക്കാരം പാലോളി മുഹമ്മദ്കുട്ടി നൽകി.





*കുടുംബശ്രീ 12-ാം വാർഷികാഘോഷം നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പലോളി മുഹമ്മദ് കുട്ടി, ഡോ. ടി.എം. തോമസ് ഐസക്ക്, ജോസ് തെറ്റയിൽ, കേന്ദ്രസഹമന്ത്രി കെ.വി. തോമസ്, മുനിസിപ്പൽ ചെയർപേഴ്സൺ സ്മിതാഗോപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. ഷൈല തുടങ്ങിയവർ സമീപം.*

സാമ്പത്തിക സാക്ഷരതാ പ്രചരണോദ്ഘാടനവും കൈപ്പുസ്തക പ്രകാശനവും കൂടുതൽ വായ്പ നല്കിയ ബാങ്കുകൾക്കുള്ള പുരസ്ക്കാര വിതരണവും മന്ത്രി ടി.എം.തോമസ് ഐസക് നിർവഹിച്ചു.സംഘകൃഷി കൂട്ടായ്മയ്ക്കുള്ള രണ്ടു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്ന അവാർഡ് മന്ത്രി ജോസ് തെറ്റയിൽ നൽകി. കൂടാതെ കുടുംബശ്രീ മാസികയുടെ പ്രത്യേക പതിപ്പും അദ്ദേഹം പ്രകാശനം ചെയ്തു. കുടുംബശ്രീയുടെ പദ്ധതികളെക്കുറിച്ചുള്ള മൂന്ന് ഹ്രസ്വചിത്രങ്ങൾ മേഴ്സി വില്യംസ് പ്രകാശനം ചെയ്തു.

കെ.പി. ധനപാലൻ എം.പി, എം.എൽ.എമാരായ എം.എം.മോനായി, എ.എം. യൂസഫ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. ഷൈല, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, എറണാകുളം ജില്ലാ കോ–ഓർഡിനേറ്റർ കെ.കെ.രവി തുടങ്ങിയവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് സ്ത്രീശക്തി സമ്മേളനം, വിപണനമേള, പ്രദർശനം, കലാപരിപാടികൾ എന്നിവയും സംഘടിപ്പിച്ചു.

ചരിത്രത്തിലാദ്യമായി കുടുംബശ്രീയുടെ പഞ്ചായത്തുതല സമിതിയായ സിഡിഎസിന്റെ മുഴുവൻ പ്രതിനിധികളും ഒത്തുചേർന്ന പ്രത്യേക കൺവെൻഷൻ 12-ാം വാർഷിക സമ്മേളനത്തിന്റെ സവിശേഷതയായി. കുടുംബശ്രീയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് പത്ത് വിഷയങ്ങളിലായി ചർച്ചകൾ നടത്തി. സാമ്പത്തിക, സാമൂഹ്യ, സ്ത്രീ ശാക്തീകരണ മേഖലകളിൽ അനിവാര്യ ശക്തിയായി കുടുംബശ്രീ മാറുമെന്ന സൂചനയാണ് കൺവെൻഷൻ നൽകിയത്. കൃഷി, ഭക്ഷ്യ സുരക്ഷ, സൂക്ഷ്മസംരംഭ വികസനം, മാലിന്യ നിർമ്മാർജ്ജനം, അഗതി പുനരധിവാസം തുടങ്ങി വ്യത്യസ്ത പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുക്കുന്നതിന്റെ അനുഭവ സാക്ഷ്യങ്ങൾ ആയിരുന്നു കൺവെൻഷന്റെ പ്രത്യേകത.

ഇതിനോടനുബന്ധിച്ച് കുടുംബശ്രീയുടെ പ്രത്യേക പദ്ധതിയായ ബഡ്സ് സ്കൂൾ, ദേശീയ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരുന്നു. സർക്കാരിന്റെ പലിശ സബ്സിഡി ഉൾപ്പെടെയുള്ള വാഗ്ദാനങ്ങളുടെ പശ്ചാത്തലത്തിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള സാമ്പത്തിക കുതിച്ചുചാട്ടം നിലനിർത്തുവാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും പാർശ്വവൽകരിക്കപ്പെട്ടവരെ കുടുംബശ്രീയുടെ മുഖ്യ കാര്യപരിപാടിയിൽ നിലനിർത്തുമെന്നും ബാലപഞ്ചായത്തുകളെ അവകാശാധിഷ്ഠിത സ്ഥാപനങ്ങളാക്കി മാറ്റുമെന്നും സമാപന സമ്മേളനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ശാരദാമുരളീധരൻ പറഞ്ഞു. ■

*ലേഖിക കുടുംബശ്രീ മിഷനിൽ*
*പബ്ലിക് റിലേഷൻസ് ഓഫീസറാണ്*





# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **പഞ്ചായത്ത് നേതൃത്വത്തിന് വികസന പ്രവർത്തനങ്ങളിലും സേവന ലഭ്യത ഉറപ്പാക്കുന്നതിലും ഉള്ള പങ്ക്.**

- വില്ലേജിന്റെ വികസനത്തിനു വേണ്ടി വിഭവ സമാഹരണം നടത്തുന്നതിൽ ജനങ്ങളുടെ പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തുന്നതിൽ പഞ്ചായത്ത് നേതൃത്വത്തിനുള്ള പങ്ക് എന്താണ്. ഇത് സംബന്ധിച്ച് നടന്നിട്ടുള്ള പ്രവർത്തനങ്ങളും പഠനങ്ങളും.
- സേവനലഭ്യത ഉറപ്പാക്കുന്നതിൽ പഞ്ചായത്ത് നേതൃത്വം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്താണ്? ഇതിന് എന്തെങ്കിലും ഉദാഹരണങ്ങൾ ഉണ്ടോ?
- ഉണ്ടെങ്കിൽ ഇത് സുസ്ഥിരമാക്കുവാൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ.
- എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് ഇത്തരത്തിൽ പുതിയ പ്രവർത്തനമേഖലകളിലേയ്ക്ക് പഞ്ചായത്ത് കടന്നുചെന്നത്.

## പ്രതികരണങ്ങൾ ചുരുക്കത്തിൽ

വികസന പ്രവർത്തനങ്ങളിലും സേവന ലഭ്യത ഉറപ്പാക്കുന്നതിലും ഇന്ത്യയിലാകമാനമുള്ള പഞ്ചായത്തുകൾ ചെയ്തിട്ടുള്ള നൂതനമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് പ്രധാനമായും ചോദിച്ചിരിക്കുന്നത്. വികസന പ്രവർത്തനങ്ങളിലും, ആസൂത്രണത്തിലും, സേവനലഭ്യത ഉറപ്പാക്കുന്നതിലും വിഭവസമാഹരണത്തിലും പഞ്ചായത്തുകൾ വിജയം കൈവരിച്ച ഒട്ടനവധി ഉദാഹരണങ്ങൾ ഇന്ത്യയിലുണ്ട്. ഇക്കാര്യത്തിൽ വനിതാ ജനപ്രതിനിധികളുടെ പങ്ക് വളരെയധികം പ്രശംസനീയമാണ്.

## സേവനലഭ്യത

സേവനലഭ്യത ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾ ചെയ്തിട്ടുള്ള ഒട്ടനവധി നൂതനമായ പ്രവർത്തനങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാനുണ്ട്. കേരളത്തിലെ അയ്മനം ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയറിൽ ചെയ്തിരിക്കുന്ന സേവനം ഇതിന് ഒരുദാഹരണമാണ്. പ്രായാധിക്യത്താലും മറ്റ് രോഗങ്ങൾ മൂലവും അവശത അനുഭവിക്കുന്നവർക്ക് വേണ്ട മാനസിക പിന്തുണയും അത്യാവശ്യം ചികിത്സാ സൗകര്യവും ഈ സാന്ത്വന ചികിത്സയിലൂടെ ചെയ്തുവരുന്നു. ഒരു പഞ്ചായത്തിന് പുതിയ ഏത് മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയും എന്നുള്ളതിന് ഉദാഹരണമാണിത്. അതുപോലെ തന്നെ സേവനലഭ്യത ഉറപ്പാക്കുന്നതിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം പഞ്ചായത്ത് നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് ഉദാഹരണമായി അംഗങ്ങൾ ചൂണ്ടിക്കാട്ടുന്നു. സേവന ലഭ്യതയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ നല്ലളം പഞ്ചായത്ത് ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളും, തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് ആരോഗ്യം വിദ്യാഭ്യാസം, പരിസ്ഥിതി, വനവൽക്കരണം കുടിവെള്ള വിതരണം എന്നിവയിൽ നടത്തുന്ന പ്രവർത്തനങ്ങളും അംഗങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു.

## വികസന പ്രവർത്തനങ്ങളും പദ്ധതി രൂപീകരണവും

പദ്ധതി രൂപീകരണത്തിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലും പഞ്ചായത്തുകൾ വഹിക്കുന്ന പങ്കാളിത്തത്തെ സംബന്ധിച്ച് ധാരാളം ഉദാഹരണങ്ങൾ അംഗങ്ങൾ ചൂണ്ടിക്കാട്ടി. മഹാരാഷ്ട്രയിലെ ഹിവരേബസാർ പഞ്ചായത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ വില്ലേജിന്റെ സമഗ്രവികസനത്തിനായി പദ്ധതി രൂപീകരിച്ച് നടപ്പാക്കിവരുന്നു. തമിഴ്നാട്ടിലെ കൂത്തംമ്പാക്കം ഗ്രാമപഞ്ചായത്തിൽ പദ്ധതിരൂപീകരണം, പാർപ്പിടം, ജീവനോപാധി എന്നീ രംഗങ്ങളിൽ നൂതനമായ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിവരുന്നു. തങ്ങളുടെ അനുഭവങ്ങളും പ്രവർത്തി പരിചയസമ്പത്തും മറ്റ് ഗ്രാമപഞ്ചായത്തുകളുമായും പങ്കുവെയ്ക്കുകയും ചെയ്തുവരുന്നു. കേരളത്തിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് വികേന്ദ്രീകരണ ആസൂത്രണ പ്രവർത്തനങ്ങളിലും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലും മികച്ച പ്രകടനം കാഴ്ചവച്ചുവരുന്നു. പഞ്ചായത്ത് നേതൃത്വം ഇതിന് പ്രധാനമായും സന്നദ്ധ പ്രവർത്തകരുടെ സേവനമാണ് ഉപയോഗിക്കുന്നത്.

മദ്ധ്യപ്രദേശിലെ അലിരാജ്പൂർ ജില്ലയിലെ ജെൻസ്രാ, ആത്ത, ബാരി സിർക്കി എന്നീ പഞ്ചായത്തുകൾ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി വനവത്കരണ പ്രവർത്തനങ്ങളും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനത്തിലൂടെ ചെയ്തുവരുന്നു. കേരളത്തിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്താകട്ടെ വാട്ടർ ഷെഡ് അടിസ്ഥാനമാക്കി മാസ്റ്റർ പ്ളാൻ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ഹരിയാനയിലെ ധരംപൂർ പഞ്ചായത്തിൽ സാമ്പത്തികമായി വളരെയധികം താഴെക്കിടയിലുള്ള വനിതകളുടെ ഉന്നമനത്തിനായി പദ്ധതി രൂപീകരിച്ച് നടപ്പാക്കിവരുന്നു. ഗുജറാത്തിലെ തംന പഞ്ചായത്ത് അധിക വിഭവ സമാഹരണത്തിനായി പുതിയ മേഖലകൾ കണ്ടെത്തി. പ്രകൃതി സംരക്ഷണത്തിലും ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിലും, മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിലും രാജ്യത്താകമാനമുള്ള പഞ്ചായത്തുകൾ ഏതൊക്കെ വിധത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണല്ലോ?

## വനിതാ ജനപ്രതിനിധികളുടെ വിജയഗാഥ

ഗ്രാമത്തിന്റെ സമഗ്രവികസനത്തിനു വേണ്ടി ഇറങ്ങിത്തിരിച്ച് വിജയം കൈവരിച്ച വനിതാ പ്രതിനിധികളുടെ ഒട്ടനവധി ഉദാഹരണങ്ങൾ അംഗങ്ങൾ ചൂണ്ടിക്കാട്ടി. രാഷ്ട്രീയ പ്രശ്നങ്ങളിലും സാമൂഹ്യ പ്രശ്നങ്ങളിലും ഇടപെട്ട് വനിതകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാനും വിജയം കൈവരിക്കുവാനും കഴിഞ്ഞിട്ടുള്ള ഒട്ടനവധി ഉദാഹരണങ്ങൾ കാണുവാൻ കഴിയും.

## വിഭവ സമാഹരണം

കേരളത്തിലെ കുമിളി ഗ്രാമപഞ്ചായത്ത് വിഭവസമാഹരണത്തിനും അതിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഒരു മികച്ച ഉദാഹരണമാണ്. നികുതി അടയ്ക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുന്ന പ്രവർത്തനം തന്നെ കുമിളിയിൽ നടത്തുകയുണ്ടായി. ഇതിലൂടെ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കുകയും, തന്മൂലം പഞ്ചായത്തിന് മികച്ച സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാനും കഴിഞ്ഞു. തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലുള്ള ഓടൻതുറൈ ഗ്രാമപഞ്ചായത്താകട്ടെ വിഭവ സമാഹരണം ഒരു കമ്പനിയുമായി ചേർന്നാണ് നടപ്പാക്കിയത്. ഇതിനു വേണ്ടി കമ്പനിയുമായി ചേർന്ന് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരുപദ്ധതി 7 വർഷം മുമ്പ് നടപ്പാക്കി. ഇതിൽ നിന്നും പഞ്ചായത്തിന് സ്ഥിരമായ വരുമാനം ലഭിച്ചുവരുന്നു. വിഭവസമാഹരണത്തിൽ കേരളത്തിലെ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം പഞ്ചായത്ത് എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതാണ്. പഞ്ചായത്തുകളുടെ വികസനത്തിനായി എങ്ങനെ എം.പി, എം.എൽ.എ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കാം എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്ക്. ഈ ബ്ലോക്കിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ മറ്റ് സ്ഥലങ്ങളിലും ഫലപ്രദമായി നടപ്പാക്കാവുന്നതേയുള്ളൂ.

പഞ്ചായത്ത് നേതൃത്വത്തിന് മെച്ചപ്പെട്ട വികസനപ്രവർത്തനങ്ങളും സേവനങ്ങളും നല്കുന്നതിലൂടെ നാടിന്റെ വികസനത്തിനും ജനങ്ങളുടെ നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുവാൻ തീർച്ചയായും കഴിയുന്നതാണ്. ■

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്റ്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*

*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*


ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

വായിക്കുക വരിക്കാരാകുക

**പരസ്യ നിരക്ക്**

| | തുക (രൂപയിൽ) |
|---|---|
| കവർ (അവസാനപുറം) കളർ : | 12000/- |
| കവർ (ഉൾവശം) കളർ : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് : | 8000/- |
| മറ്റു പേജുകൾ (കളർ) : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) : | 6000/- |
| അര പേജ് (കളർ) : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 6

# ജേണൽ എൻട്രി തയ്യാറാക്കൽ

**ഇടപാടിൽ ഏതെല്ലാം അക്കൗണ്ടുകളുണ്ടെന്നും അവയോരോന്നും ഏതുതരം അക്കൗണ്ടാണെന്നും മനസ്സിലാക്കിക്കഴിഞ്ഞാൽ, ഓരോ ഇടപാടിന്റേയും സ്വഭാവം അനുസരിച്ച് ഏത് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യണമെന്ന് തീരുമാനിക്കാം. ഒപ്പം ഏത് അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യണമെന്നും.**

ഡബിൾ എൻട്രി അക്കൗണ്ടിംഗിൽ ഓരോ ഇടപാടും രേഖപ്പെടുത്തുന്നത് ജേണൽ എൻട്രി ആയിട്ടാണ്. അതിനാൽ അക്കൗണ്ടിംഗ് സംബന്ധിച്ച പ്രാഥമിക യോഗ്യത ജേണൽ എൻട്രി തയ്യാറാക്കാൻ പരിശീലനം നേടലാണ്.

ഓരോ ഇടപാടിനകത്തും ജേണൽ എൻട്രി തയ്യാറാക്കുന്നതിനുള്ള വിവരങ്ങളുണ്ട്. അവ ഏതെല്ലാമാണെന്നു വേർതിരിച്ചറിയാൻ കഴിഞ്ഞാൽ ജേണൽ എൻട്രി തയ്യാറാക്കാനാവും. ഓരോ വിവരവും വേർതിരിച്ചറിഞ്ഞ് ജേണൽ എൻട്രി തയ്യാറാക്കുന്നതിനുള്ള പടികൾ (Steps) ഏതെല്ലാമെന്ന് താഴെ വിവരിക്കുന്നു.

ചോദ്യം : 'വിനോദനികുതി 1000 രൂപ കാഷ് ആയി ലഭിച്ചു'. ഈ ഇടപാടിനെ പടിപടിയായി വിശകലനം ചെയ്ത് ജേണൽ എൻട്രി തയ്യാറാക്കുക.

മേൽകൊടുത്ത ചോദ്യത്തിന്റെ ഉത്തരമായി ജേണൽ എൻട്രി തയ്യാറാക്കുന്നതിനുള്ള ഓരോ പടിയും താഴെ നൽകിയിരിക്കുന്നു.

***പടി 1 : അക്കൗണ്ടുകൾ ഏതെല്ലാമെന്ന് വേർതിരിച്ചറിയുക.***

ഏതിടപാടിലും ഏറ്റവും ചുരുങ്ങിയത് രണ്ട് അക്കൗണ്ടുകൾ ഉണ്ടായിരിക്കും. (ഒരു പക്ഷേ, ഒരു ഭാഗത്ത് ഒന്നിൽ കൂടുതൽ അക്കൗണ്ടുകളും ഉണ്ടായേക്കാം.) ഇടപാടിൽ ഉൾപ്പെട്ട അക്കൗണ്ടുകൾ ഏതെല്ലാമെന്ന് വേർതിരിച്ചറിയലാണ് ആദ്യത്തെ പടി.

നൽകിയിരിക്കുന്ന ഉദാഹരണത്തിൽ രണ്ട് അക്കൗണ്ടുകളുണ്ട്.

1. കാഷ് അക്കൗണ്ട്
2. വിനോദനികുതി അക്കൗണ്ട്

***പടി 2 : അക്കൗണ്ടിന്റെ തരം മനസ്സിലാക്കുക***

ഓരോ അക്കൗണ്ടിന്റേയും തരം മനസ്സിലാക്കുന്നതിന് രണ്ട് രീതിയുണ്ട്. 1. ബ്രിട്ടീഷ് രീതി 2. അമേരിക്കൻ രീതി.

**2.1 ബ്രിട്ടീഷ് രീതി :** ഓരോ അക്കൗണ്ടും വ്യക്തിഗത അക്കൗണ്ടാണോ, യഥാർത്ഥ അക്കൗണ്ടാണോ, നാമമാത്ര അക്കൗണ്ടാണോ (Personal Account, Real Account or Nominal Account) എന്ന് പരിശോധിച്ചു മനസ്സിലാക്കുക.

ഉദാഹരണത്തിലെ രണ്ട് അക്കൗണ്ടുകൾ കാഷ് അക്കൗണ്ടും വിനോദനികുതി അക്കൗണ്ടുമാണല്ലോ.

കാഷ് അക്കൗണ്ട് ആസ്തിയാണ്; അതിനാൽ യഥാർത്ഥ അക്കൗണ്ട് ആണ്.

വിനോദ നികുതി അക്കൗണ്ട് വരുമാനമാണ്; അതിനാൽ നാമമാത്ര അക്കൗണ്ടാണ്.

**2.2 അമേരിക്കൻ രീതി:** ഇടപാടിൽ ഉൾപ്പെട്ട ഓരോ അക്കൗണ്ടും വരുമാനം, ചെലവ്, ബാദ്ധ്യത, ആസ്തി (Income, Expenditure, Liabilities, Assets) ഇവയിൽ ഏതുതരം അക്കൗണ്ടാണെന്നു മനസ്സിലാക്കണം.

കാഷ് അക്കൗണ്ട് ആസ്തി അക്കൗണ്ടാണ്; വിനോദനികുതി അക്കൗണ്ട് വരുമാന അക്കൗണ്ടും.

കുറിപ്പ് : ബ്രിട്ടീഷ് രീതി, അമേരിക്കൻ രീതി–ഇവയിൽ ഏതെങ്കിലും ഒരു രീതി മാത്രം അവലംബിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിച്ചാൽ മതി. പരിശീലനം നേടാനായി മാത്രമാണ് ഇവിടെ രണ്ടു രീതിയിലും പ്രതിപാദിച്ചിരിക്കുന്നത്.

***പടി 3 : ഡെബിറ്റ് ചെയ്യേണ്ടത് ഏത് അക്കൗണ്ടിനെ? ക്രെഡിറ്റ്...?***

ഇടപാടിൽ ഏതെല്ലാം അക്കൗണ്ടുകളുണ്ടെന്നും അവയോരോന്നും ഏതുതരം അക്കൗണ്ടാണെന്നും മനസ്സിലാക്കിക്കഴിഞ്ഞാൽ, ഓരോ ഇടപാടിന്റേയും സ്വഭാവം അനുസരിച്ച് ഏത് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യണമെന്ന് തീരുമാനിക്കാം. ഒപ്പം ഏത് അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യണമെന്നും.

**3.1 ബ്രിട്ടീഷ് രീതി :** കാഷ് അക്കൗണ്ട് യഥാർത്ഥ അക്കൗണ്ട് (Real Account) ആണ്. Debit What comes in, credit what goes out എന്നാണ് യഥാർത്ഥ അക്കൗണ്ട് സംബന്ധിച്ച നിയമം. ഈ ഇടപാടിൽ കാഷ് നഗരസഭയിലേയ്ക്കു വരുന്നു; അതിനാൽ കാഷ് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു.

വിനോദനികുതി അക്കൗണ്ട് നാമമാത്ര അക്കൗണ്ടാണ് (Nominal Account).

ഇതുസംബന്ധിച്ച നിയമം Debit all expenses and Losses Credit all incomes and gains എന്നാണ്. വിനോദനികുതി വരുമാനമാകയാൽ വിനോദനികുതി അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.

**3.2 അമേരിക്കൻ രീതി :** കാഷ് അക്കൗണ്ട് ആസ്തി അക്കൗണ്ടാണ് (Asset Account). If debited, all expenditures and assets increase എന്നതാണ് നിയമം. ഇവിടെ കാഷ് അഥവാ ആസ്തി വർദ്ധിക്കുകയാണ്. അതിനാൽ പ്രസ്തുത അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു.

വിനോദ നികുതി അക്കൗണ്ട് വരുമാന അക്കൗണ്ടാണ് (Income Account). If credited all incomes and liabilities increase എന്നാണ് നിയമം. വിനോദനികുതി ലഭിക്കുമ്പോൾ വിനോദനികുതി എന്ന അക്കൗണ്ടിൽ വർദ്ധനവുണ്ടാകുന്നു; അതിനാൽ ആ അക്കൗണ്ടിനെ (വിനോദനികുതി) ക്രെഡിറ്റ് ചെയ്യുന്നു.

***പടി 4 : ജേണൽ എൻട്രി തയ്യാറാക്കൽ***

ഒരു അക്കൗണ്ടിനെ ഡെബിറ്റ് ചെയ്തും മറ്റേ അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്തുമാണ് ജേണൽ എൻട്രി തയ്യാറാക്കേണ്ടത്. താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ ജേണൽ എൻട്രി തയ്യാറാക്കാം.

| Date | Particulars | Ledger Folio | Debit Amount Rs. | Credit Amount Rs. |
|---|---|---|---|---|
| 31/3/2010 | Cash A/c Dr<br>To Entertainment Tax<br><br>(Being the collection of Property Tax in cash) | | 1000 | 1000 |


### പ്രായോഗിക പരിശീലനം

മേൽപറഞ്ഞ പടികളിലൂടെ കടന്നുപോയി ജേണൽ എൻട്രി തയ്യാറാക്കുന്നതിനായി 6 ഇനങ്ങളടങ്ങിയ ചോദ്യാവലിയും ഉത്തരം രേഖപ്പെടുത്തുന്നതിനുള്ള പട്ടികയും താഴെ കൊടുക്കുന്നു.

1. At the begining of transactions there was Rs. 5,00,000 in the Panchayat Fund which was maintained in an account in State Bank of Travancore (SBT)
2. Withdraw Rs. 75,000 from SBT Account on self cheque.
3. Paid salary of staff in cash : Rs. 75,000
4. Received furniture costing of Rs. 2,00,000 from supplier.
5. Paid the cost of furniture by cheque.
6. Received Rent of Town Hall Rs. 1000 in cash.

**താഴെ കൊടുക്കുന്ന പട്ടികയിൽ ഉത്തരം രേഖപ്പെടുത്തുക**
**(ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം ഭാഗികമായി നൽകിയിരിക്കുന്നു)**

| Sl. No. | Transaction | Note the two accounts involved | Mark the type of Account | | | Mark the type of Account | | | | Note whether Debit or Credit | Journalise | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Personal | Real | Nominal | Income | Expenditure | Liability | Asset | | Particulars | Debit Amount Rs. | Credit Amount Rs. |
| 1. | Balance in SBT | • SBT A/c<br>• Panchayat Fund A/c | √<br>√ | | | | | <br>√ | √ | Dr.<br>Cr. | | | |
| 2 | | | | | | | | | | | | | |
| 3 | | | | | | | | | | | | | |
| 4 | | | | | | | | | | | | | |
| 5 | | | | | | | | | | | | | |
| 6 | | | | | | | | | | | | | |



മുരളീധരൻ തഴക്കര

**തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ** — പരമ്പര - 16

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

മഴപോലെ തന്നെയാണ് മഴയെ സംബന്ധിക്കുന്ന പദങ്ങളും. അത്രപെട്ടെന്ന് പെയ്തു തോർന്ന് പോകില്ല. കേരളീയമായ ജൈവ പരിസ്ഥിതിയുടെ ആധാരം മഴയാണ്–ജീവന്റെ നിദാനം എന്ന് പറയാം. മണ്ണിനു നീരും മരത്തിനു വേരും മഴതന്നെ. ഓർമ്മയുടെ സുഗന്ധവും ചരിത്രത്തിന്റെ അടയാളവും മഴ തന്നെ. നമ്മെത്തന്നെ നവീകരിക്കുന്ന പെയ്ത്താണത്. തളിരിടുന്ന നാമ്പുകളിൽ ജീവിതത്തിന്റെ തളിർപ്പച്ച തേടി യും നേടിയും മുന്നോട്ടുപോകുമ്പോൾ ഇങ്ങനെ വാക്കുകൾ മരം പെയ്യുന്നതുപോലെ കിട്ടുന്നു. ഇനിയുമുണ്ടാവാം അനേകം അനേകം വാക്കുകൾ. അവ നമുക്ക് ചേർന്ന് പൂരിപ്പിക്കാം – അതാണല്ലോ ശരിയായ ഗവേഷണം.

**തൂവാനമടിക്കുക**

കാറ്റടിച്ച് മഴത്തുള്ളികൾ വീടിനകത്തേയ്ക്ക് വീഴുക. 'തൂശനടിക്കുക' എന്നും ചില സ്ഥലങ്ങളിൽ പറയും.

**പിശർ**

തൂവാനമടിക്കുക എന്നത് ശക്തിയായാൽ പിശർ എന്നു പറയും. പിശർ വീടിനകത്തെ അനുഭവമല്ല . മഴയത്തു പുറത്തു നില്ക്കുമ്പോഴുള്ള അനുഭവമാണ്. കുടയുണ്ടെങ്കിലും 'പിശറടിച്ച്' മൊത്തം നനയും. ചിലേടത്തു ഇതിനെ 'തൂളിയിടുക' എന്നും പറയും.

**ഉച്ചത്തോർച്ച**

എടുത്ത കടുത്ത മഴയ്ക്കും ഉച്ചയോടടുത്ത്–ഏതാണ്ട് മധ്യാഹ്നമെത്തുമ്പോൾ മഴ തെല്ലൊന്ന് ശമിക്കും. മഴക്കാലത്ത് ഈ ഉച്ചത്തോർച്ച കണക്കാ ക്കി കന്നുകാലികളെ എരുത്തിലിൽ നിന്നിറക്കി കെട്ടുകയും, തുണികൾ അലക്കിയിടുകയും, മറ്റും ചെയ്യുക പണ്ട് പതിവാണ്.

**മരം പെയ്യുക**

മഴ പെയ്ത് തോർന്നിട്ടും മരങ്ങളിൽ നിന്ന് വെള്ളത്തുള്ളികൾ വീണുകൊണ്ടേയിരിക്കും. "മഴ തോർന്നാലും മരം പെയ്യുന്നു" എന്നതൊരു ശൈലി കൂടിയാണ്.

**എറിച്ചിവെള്ളം**

വീടിന്റെ വരാന്തയുടെ അറ്റത്ത് നിന്ന് പണ്ടാണെങ്കിൽ വാരിയിൽ നിന്നും വീഴുന്ന വെള്ളം. അതുകൊണ്ടുതന്നെ വാരിവെള്ളം എന്നും പറയും. ചിലേടത്ത് ഈർച്ച വെള്ളം എന്നും വിളിക്കുന്നു.

**ചോരുക**

മഴവെള്ളം വീടിനുള്ളിലേയ്ക്കു അരിച്ചു വീഴുന്നതിനെ 'ചോരുക' എന്നും പറയും. 'ചോർച്ച'യാണ് ചോരുന്ന അവസ്ഥ. ഓലമേഞ്ഞ വീടുകളിൽ ചോർച്ച മഴക്കാലത്തെ ഒഴിവാക്കാനാവാത്ത അനുഭവമായിരുന്നു. ഓടിട്ടപ്പോഴും ചോർച്ചയുണ്ടായി. ഇപ്പോഴിതാ കോൺക്രീററ് ചെയ്ത് വാർത്ത കെട്ടിടങ്ങളും ചോരുന്നു. എപ്പോഴും 'ചോർച്ച'യില്ല, മഴ പെയ്യുമ്പോഴേ ഉള്ളൂ' എന്ന് പറഞ്ഞ ഏതോ രസികനെയും ഓർക്കാം. ടെറസ്സ് വീടുകളുടെ മുകളിൽ ഷീറ്റുകൊണ്ട് പുതിയ മേൽക്കൂരയുണ്ടാക്കി ചോർച്ച ഒഴിവാക്കുന്ന രീതിയും സാർവ്വത്രികമായിരിക്കുന്നു.

**ചൊരുകുക**

ചോർച്ചയുള്ള സ്ഥലത്ത് ഓലയോ, പാളയോ ചൊരുകി ചോർച്ച നിർത്തുന്ന പ്രക്രിയ. 'ഊടുവലിക്കുക' എന്ന് ചിലേടത്ത് പറയും. ചെറിയോല അഥവാ മുണ്ടോല എടുത്ത് ചോർച്ചയുള്ള സ്ഥാനം കണക്കാക്കി തിരുകും. ഇതൊക്കെ മഴ പെയ്യുമ്പോൾ വീടിനകത്തു നിന്നാണ് ചെയ്യുക.

**മഴപ്പാറ്റ**

ഈയ്യാം പാറ്റകൾ, പുതുമഴ പെയ്യുമ്പോൾ മണ്ണിൽ നിന്നിളകി കാഴ്ചയെപ്പോലും മറയ്ക്കും. അടുത്തുള്ള വെളിച്ചത്തിന് നേരേ പാഞ്ഞുചെന്ന് ചിറകറ്റ് വീഴും. 'തൂവാനത്തുമ്പികൾ' എന്ന് കാൽപ്പനികമായിപ്പറയും.

**മട വീഴുക**

കാലവർഷക്കാലത്ത് മഴപെയ്ത് ആറ്റിലും തോട്ടിലും മറ്റും വെള്ളം നിറയുമ്പോൾ സമീപത്തായുള്ള നെല്പാടങ്ങളിലേയ്ക്ക് വെള്ളം കയറാതെ ചിറ അഥവാ പുറംബണ്ട് ബലപ്പെടുത്തി സംരക്ഷിക്കും. എന്നാൽ 'പെരുമഴയെ പഴമുറം' കൊണ്ട് തടുക്കാൻ കഴിയില്ലെന്ന് പറയുംപോലെ. നിലയ്ക്കാത്ത മഴകാരണം ജലനിരപ്പ് ഉയർന്ന് ബണ്ടുപൊട്ടി വെള്ളം കൃഷിയിടങ്ങളിലേയ്ക്ക് കയറുന്നു. ഇതിന് മട വീഴുക എന്ന് പറയുന്നു–മട വീണ് കുട്ടനാട്ടിലും മറ്റും കൃഷി നശിക്കുക പതിവാണ്.

**മഴവെള്ളം**

മഴ പെയ്തു കിട്ടുന്ന വെള്ളം–ആദ്യ മഴയുടെ വെള്ളം ശേഖരിക്കരുത് എന്ന് പഴമക്കാർ പറയും. ആദ്യ മഴ നനയരുതെന്നും ഉപദേശിക്കാറുണ്ട്. ജലക്ഷാമത്തിന് പരിഹാരമായി മഴവെള്ളം യഥേഷ്ടം സംഭരിച്ച് ഉപയോഗിക്കുന്ന രീതി ഇപ്പോൾ പ്രചുരപ്രചാരത്തിലായിരിക്കുന്നു.

**മഴക്കൂൺ**

നീണ്ടുനിന്ന വേനലിനുശേഷം പുതുമഴ പെയ്യുമ്പോൾ പിറ്റേദിവസം രാവിലെ വീടിന്റെ പരിസരത്ത് 'കൂൺ' മുളച്ചു പൊന്തി നില്ക്കുന്നത് കാണാം. ഇങ്ങനെ മഴയോടു ചേർന്ന് മുളച്ചുവരുന്ന കൂണിനെ 'മഴക്കൂൺ' എന്നാണ് പറയുന്നത്.

**മഴക്കോട്ട്**

മഴക്കാലത്ത് ഇരുചക്ര വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോഴും, മഴയത്തു നിന്ന് ജോലി ചെയ്യേണ്ടിവരുമ്പോഴോ ശരീരം നനയാതെ ധരിക്കുന്ന പ്ലാസ്റ്റിക് ഉടുപ്പാണ് അഥവാ മേലങ്കിയാണ് മഴക്കോട്ട്. വളരെ വളരെ പണ്ട് മഴ നനയാതിരിക്കാൻ കുടയ്ക്ക് പകരം ചേമ്പിലയും വാഴയിലയും തലയിൽ പിടിച്ചു പോകുമായിരുന്നു. പാടത്ത് പണിയെടുക്കുന്ന കർഷകത്തൊഴിലാളി സ്ത്രീകൾ കൈതയോല കൊണ്ട് നെയ്തുണ്ടാക്കുന്ന 'പുട്ടലാണ്' മഴക്കോട്ടായി ധരിച്ചിരിക്കുന്നത്.

**തുലാവർഷം**

തുലാമാസത്തിൽ പെയ്യുന്ന മഴ. ഇടവപ്പാതി മഴ പടിഞ്ഞാറ് കോളുകൊണ്ടാണ് പെയ്യുന്നതെങ്കിൽ തുലാവർഷം കിഴക്കു കോളുകൊണ്ട് ഉച്ച കഴിഞ്ഞാണ് പെയ്യുന്നത്. ഇടിമിന്നലിന്റെ അകമ്പടി ഉറപ്പ്. ■

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*









# ഇന്ത്യയിലെ പ്രഥമ സ്ത്രീധനരഹിത പഞ്ചായത്ത് കേരളത്തിൽ(!)

**ആർ. ഹേലി**

"പ്രഥമ സ്ത്രീധന രഹിത പഞ്ചായത്ത് ഞങ്ങളുടേതായിരിക്കണം" സാമൂഹ്യ പരിഷ്ക്കരണ രംഗത്തെ നിലമ്പൂർ പഞ്ചായത്തിന്റെ സുപ്രധാന പദ്ധതി ലോകത്തോടു മുഴുവൻ മുഖ്യഭരണ സാരഥികൾ ടി.വി ചാനലിന് മുന്നിൽ വന്നു വിവരിച്ചപ്പോൾ സന്നിഹിതരായിരുന്ന ജനപ്രതിനിധികളും വികസനപ്രവർത്തകരും സർവ്വശ്രദ്ധയും കേന്ദ്രീകരിച്ച് അത് കേൾക്കാൻ തുടങ്ങി. മാത്രമല്ല ഉത്സാഹഭരിതരായി കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കാനും അവർ മറന്നില്ല.

ദൂരദർശനും കേരള സർക്കാരിന്റെ സി.ഡിറ്റും ശുചിത്വ മിഷനും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടപ്പാക്കുന്ന "വികസ്വര ലോകത്തിലെ തന്നെ സുസ്ഥിര വികസനത്തെപ്പറ്റിയുള്ള ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ"യിലെ അത്ഭുതം ജനിപ്പിച്ച ഒരു മുഹൂർത്തമാണ് മേൽ സൂചിപ്പിച്ചത്.

'ഗ്രീൻ കേരള എക്സ്പ്രസ്' എന്ന ടി.വി. പരിപാടി കേരളത്തിലും പുറത്തും വമ്പിച്ച ജനശ്രദ്ധയും മാദ്ധ്യമ പ്രിയവും പിടിച്ചുപറ്റിയിരിക്കുന്നു. ഭാരതത്തിലെ ഏറ്റവും വലിയ അധികാരവികേന്ദ്രീകരണ യജ്ഞമായ 'പഞ്ചായത്ത് രാജ്' കേരളത്തിൽ സൃഷ്ടിക്കുന്ന ശ്രദ്ധേയമായ വികസന മാതൃകകളാണ് ഈ പരിപാടിയുടെ കാതലായ ഉള്ളടക്കം.

കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന നിരവധി യത്നങ്ങളുടെ വ്യാപ്തിയും സ്വാധീനവും ജനമദ്ധ്യത്തിലേയ്ക്ക് എത്തിക്കാനുള്ള ഒരു മഹത്തായ മാധ്യമ മാതൃകകൂടിയായി 'ഗ്രീൻ കേരള എക്സ്പ്രസ്' ഉയർന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ ഗ്രാമതല സാമ്പത്തികവികസനവും അടിസ്ഥാന വികസന സാദ്ധ്യത മെച്ചപ്പെടുത്തലും കാർഷിക മേഖലയിലെ ഉൽപ്പാദന വർദ്ധനവും തൊഴിൽ സൗകര്യ ഉയർത്തലും ഒക്കെ കടന്ന് സാമൂഹ്യ പരിഷ്ക്കരണ പ്രക്രിയയുടെ വിവിധ മേഖലകളിലേയ്ക്ക് ജനകീയ ആസൂത്രണം, അധികാരവികേന്ദ്രീകരണത്തിന്റെ പാതയിലൂടെ കടന്ന് ചെന്നിരിക്കുന്ന ഹൃദയഹാരിയായ മാതൃക നമുക്ക് കാണാൻ കഴിയുന്നു. അതിൽ ഒന്നാണ് മുൻപു പറഞ്ഞ സ്ത്രീധന രഹിത പഞ്ചായത്തായി മലപ്പുറം ജില്ലയിലെ നിലമ്പൂർ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്ന പദ്ധതി. പഞ്ചായത്ത് പ്രസിഡന്റ് ആര്യാടൻ ഷൗക്കത്തും മറ്റു പഞ്ചായത്തു മെമ്പറന്മാരും ബഹുജനങ്ങളും ഒത്തൊരുമിച്ചു അസാധാരണമായ ഐക്യത്തോടെ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വിശദീകരിച്ചു. ഒപ്പം മറ്റു വികസനസംരംഭങ്ങളും പ്രവർത്തനങ്ങളും ജൂറിയുടെ മുന്നിൽ ഒന്നൊന്നായി നിരത്തി.

അവർ കേരളത്തിലെ 999 പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളുമാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായിട്ട് വികസന യത്നങ്ങളുടെ സർവ്വവിധ ചുമതലകളും ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നത്. കോടിക്കണക്കിനു കേന്ദ്ര–സംസ്ഥാന ഗവൺമെന്റ് ഫണ്ടുകളും, അതിനു പുറമേ പഞ്ചായത്തിന്റെ നികുതി വരുമാനവും തനതുഭാവനയും ഒത്തുചേർത്തു കഴിഞ്ഞ 4 വർഷങ്ങളിലായി അവർ നടത്തിയ യത്നങ്ങളിൽ രൂപപ്പെട്ട മികച്ച മാതൃകകൾ ജനസമക്ഷം ദൂരദർശൻ അവതരിപ്പിക്കുന്നു. ലോകമെങ്ങുമുള്ള മലയാളികൾ മാത്രമല്ല, നൂറുകണക്കിനു വികസ്വര മാധ്യമ പ്രവർത്തകരും ഇത് ശ്രദ്ധിക്കുന്നുണ്ട്, പഠിക്കുന്നുണ്ട്, വിലയിരുത്തുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉത്സവം കണക്ക് ഇത് പ്രചരിക്കുന്നുമുണ്ട്.

ഇത് ഒരു നൂതന മത്സരമാണ്. ജനസേവനത്തിൽ മികച്ച മാതൃകയും നേട്ടവുമുണ്ടാക്കുന്ന പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സമ്മാനം ലഭ്യമാക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മൂല്യം, താൻ ജീവിക്കുന്ന ചുറ്റുപാടിലേയ്ക്ക് സൂക്ഷ്മമായി കണ്ണോടിക്കാനും തന്റെ ചുറ്റിലുമുള്ള പ്രകൃതിയേയും മനുഷ്യരേയും പഠിക്കാനുമുള്ള ഒരു അവസരം അത് സൃഷ്ടിക്കുന്നു എന്നതാണ്. വിഭവങ്ങളുടെ പ്രാദേശിക ലഭ്യതയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധരുടെ പിന്തുണയോടെ ഗ്രാമതല ഭരണ നേതൃത്വം, വികസന പദ്ധതികൾക്കു രൂപം നൽകി ജനപിന്തുണയോടെ നടത്തുന്ന ഒരു വലിയ പരീക്ഷണമായി കൂടി 'പഞ്ചായത്ത് രാജ്' സംവിധാനത്തെ നാം അറിയണം. ഇവിടെ പ്രാദേശിക വികസന ആസൂത്രണം വിസ്മയകരമായ മാതൃകകൾ സൃഷ്ടിച്ചു തുടങ്ങിയിരിക്കുന്നു. ഭക്ഷ്യസുരക്ഷ, കുടിവെള്ള ലഭ്യത, നീർത്തട സംരക്ഷണം, തൊഴിൽ



*ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയിൽ നിലമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആര്യാടൻ ഷൗക്കത്ത് ജൂറി അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു.*

സൗകര്യവർദ്ധന, നൂതന തൊഴിൽ പരിശീലനം, ഉൽപ്പന്ന വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിലെല്ലാം മാതൃകാപരമായ മുന്നേറ്റത്തിനപ്പുറത്ത് ശുചിത്വം, രോഗപ്രതിരോധം, യാത്ര സൗകര്യ വർദ്ധനവ്, ഊർജ്ജ സംരക്ഷണം, മാലിന്യ സംസ് ക്കരണം തുടങ്ങിയ രംഗങ്ങളിൽ സൃഷ്ടിച്ചിരിക്കുന്ന നേട്ടങ്ങൾ സുതാര്യവും അത്ഭുതപ്പെടുത്തുന്നതുമാണ്. ഇവയിലെ ജനപങ്കാളിത്തവും ഉപഭോക്തൃ സഹകരണവും ആണ് അതിശയിപ്പിക്കുന്ന ഘടകം.

ഇവയ്ക്കു പുറമേ സർക്കാരുകൾ തൊടാൻപോലും ഭയക്കുന്ന ചില സാമൂഹികസ്വഭാവ മാറ്റത്തിന് വഴി വെട്ടി തുറക്കുന്ന പ്രവർത്തനങ്ങളും അവയ്ക്കുള്ള പരിപാടികളും നടപ്പാക്കി തുടങ്ങാനുള്ള ആർജ്ജവം പഞ്ചായത്തുകൾക്ക് എവിടെ നിന്നു കിട്ടി എന്നത് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ ഗവേഷണം നടത്തേണ്ട ഒരു രംഗമാണ്.

കേരളത്തിന്റെ 150 ഓളം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ പുതുമയാർന്ന വികസന മത്സരത്തിൽ പങ്കെടുക്കുന്നു. ലോകശ്രദ്ധ തന്നെ പിടിച്ചുപറ്റേണ്ട ഈ വികസന മാതൃകകൾ സാർവ്വത്രികമായി പകർത്തുന്നതിൽ നാം വിജയിച്ചാൽ ദൈവത്തിന്റെ നാട് വികസന മാതൃകകളുടെ സ്വർഗ്ഗമാകും. ഈ മാതൃകകൾ പരീക്ഷണത്തിന്റെ പ്രഥമഘട്ടം പിന്നിട്ടിരിക്കുന്നുവെന്ന സന്തോഷം നിറഞ്ഞ വസ്തുത മാദ്ധ്യമലോകത്തെയും കേരളത്തിലും പുറത്തുമുള്ള നന്മനിറഞ്ഞ സർവ്വജനങ്ങളേയും അറിയിക്കുന്നു. അവരുടെ പങ്കാളിത്തവും പിന്തുണയും നേടിയെടുക്കാനുള്ള ഒരു മഹൽ സംരംഭമാണ് ഗ്രീൻ കേരള എക്സ്പ്രസ് എന്ന നൂതന ടി.വി പരിപാടി ലക്ഷ്യമാക്കിയിരിക്കുന്നത്.

ഈ പദ്ധതിയുടെ ചുക്കാൻ പിടിക്കുന്ന പ്രവർത്തകരുടെ അഭിപ്രായത്തിൽ ഇന്ത്യൻ ടി.വി ചരിത്രത്തിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ- ഗ്രീൻ കേരള എക്സ്പ്രസ് സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ചെടുത്ത ഏറ്റവും മികച്ച നല്ല പഞ്ചായത്തുകളെ കണ്ടെത്താനുള്ള ഒരു മത്സരമാണ്. ടെലിവിഷനിൽ പ്രചുരപ്രചാരം നേടിയ പരിപാടിയെ വികസനോന്മുഖമായ ആശയ വിനിമയത്തിനായി പരിവർത്തനം ചെയ്യാനുള്ള പരിശ്രമമാണെന്നു അവർ അവകാശപ്പെടുന്നു.

പഞ്ചായത്തുകൾ ഈ മത്സരത്തിൽ ഉത്സാഹത്തോടെ പങ്കെടുത്ത് ധീരമായി അവരുടെ നേട്ടങ്ങൾ അവതരിപ്പിക്കുന്നു. വിദഗ്ധരായ ജൂറികളുടെ മുന്നിൽ അവർ നേട്ടങ്ങൾ നിരത്തി സംശയങ്ങൾ മാറ്റുകയും തങ്ങളുടെ ഭാവി ലക്ഷ്യങ്ങളെ സമർപ്പിക്കുകയും ചെയ്യുന്നു. മറ്റു



പഞ്ചായത്തുകളിൽ നിന്നെത്തുന്ന പ്രതിനിധികൾ ഇതു കേട്ടിരുന്ന് ആവേശം കൊള്ളുന്നു, നോട്ടുകൾ കുറിക്കുന്നു. പലപ്പോഴും ആഹ്ലാദചിത്തരായി കൈയ്യടിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ നേട്ടങ്ങളേയും ജൂറി ചർച്ചകളേയും ഗ്രാമകാഴ്ചകളേയും ഒക്കെ ഒപ്പിയെടുത്ത് തിങ്കൾ മുതൽ വെള്ളിവരെ ദിവസവും രാത്രി 8.45 മുതൽ 9.20 വരെയുള്ള സമയത്ത് ദൂരദർശൻ പ്രദർശിപ്പിക്കുന്നു. ഓരോ പഞ്ചായത്തിലും ആയിരക്കണക്കിന് ജനങ്ങൾക്ക് ഇതു കാണാൻ പ്രത്യേക സദസ്സുകൾ പഞ്ചായത്തുകൾ ഒരുക്കുന്നുണ്ട്. അന്നു രാത്രി 11 മണിക്ക് ഈ പരിപാടി ആവർത്തിക്കുന്നു. ഈ മത്സരത്തിന്റെ രണ്ടാം ഘട്ടം കഴിയുമ്പോൾ ഇത് ലോകമാദ്ധ്യമശ്രദ്ധ പിടിച്ചുപറ്റുമെന്ന് മാത്രമല്ല ഇന്ത്യയിലെ 'ഡവലപ്മെന്റ് കമ്മ്യൂണിക്കേഷൻ' രംഗത്ത് ഒരു പുതിയ അദ്ധ്യായം കൂടി എഴുതിചേർക്കുമെന്നും പ്രതീക്ഷിക്കാം.

ഇതൊരു വെറും 'റിയാലിറ്റിഷോ' അല്ല.ആയിരക്കണക്കിന് ആശയങ്ങൾ ഇവിടെ പൊട്ടി വിടരുകയാണ്. ലക്ഷ്യമോ സാർവ്വത്രികമായ വികസനം. ജൈവഗ്രാമങ്ങൾ, തരിശ് രഹിത ഗ്രാമങ്ങൾ, ഭൂജലവിനിയോഗത്തിന്റെ സുവർണ്ണ മാതൃകകൾ, ഓടുന്ന വെള്ളത്തെ നടത്തുന്ന നിർത്തടാസൂത്രണം, ആദിവാസി ഊരുകളിലെ വിദ്യാർത്ഥികളുടെ പഠനദാഹത്തിന് പുതിയ രൂപവും ഭാവവും നൽകിയത്, അനാഥരക്ഷയ്ക്ക് പഞ്ചായത്ത് നടത്തുന്ന മഹോന്നത ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആയിരക്കണക്കിന് തരിശ് നിലങ്ങളിൽ നെൽകൃഷി വീണ്ടും ഇറക്കിയവർ, ആത്മഹത്യ പ്രവണതയെ തടുക്കാനുള്ള പദ്ധതികൾ, കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പരിപാടികൾ, കുടുംബശ്രീകളുടെ വിപ്ലവകരമായ വികസന പ്രവർത്തനങ്ങൾ, കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ എന്നു വേണ്ട എത്ര പറഞ്ഞാലും എഴുതിയാലും അറിയിക്കാൻ കഴിയാത്ത വിധമുള്ള പരിപാടികൾ കേരളത്തിലെ പഞ്ചായത്തുകൾ നടത്തിക്കൊണ്ടിരിക്കുന്നു.

അതു നാം അറിഞ്ഞേ തീരൂ. അറിയാതിരിക്കുന്നത് നാടിനോടുള്ള ഒരു അനാദരവാണ്. സർവ്വവും ഭദ്രമാണ് എന്നല്ല ഇതിന്റെ അർത്ഥം. രാഷ്ട്രീയമായ എല്ലാ ആശയവ്യത്യാസങ്ങളും മാറ്റിവച്ച് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജനങ്ങൾ മുന്നോട്ടുവരുന്നയിടങ്ങളിൽ കാണുന്ന മാറ്റങ്ങൾ ആരേയും ചിന്തിപ്പിക്കും. വികസനരംഗത്ത് രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിയാണ് ഞങ്ങൾ ഒത്തൊരുമയോടുകൂടി ഈ നേട്ടം സൃഷ്ടിക്കുന്നത് എന്ന് പഞ്ചായത്ത് പ്രതിനിധികൾ ഒരുമിച്ച് പറയുന്നത് കേൾക്കുമ്പോഴും കാണുമ്പോഴും കേരളത്തിൽ മാറ്റത്തിന്റെ ഒരു കുളിർ കാറ്റ് വ്യാപിക്കുന്നതായി തോന്നും.

ഈ മാതൃകകൾ ഒരു ചോദ്യം ഉയർത്തുന്നു. ഈ പഞ്ചായത്തിൽ ഇതു നേടാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ ഇതായിക്കൂടാ? അത്തരമൊരു ചിന്ത ഉണർത്താൻ മാദ്ധ്യമസഹായവും പങ്കാളിത്തവും ലഭിക്കാൻ ഈ പരിപാടിക്കും കഴിയും തീർച്ച.

ഏറ്റവും നല്ല പഞ്ചായത്തിന് 100 ലക്ഷം (1 കോടി) രൂപയാണ് സമ്മാനം. ഇനിയും നിരവധി സമ്മാനങ്ങൾ. മൊത്തം 3 കോടിയുടെ സമ്മാനങ്ങൾ. എല്ലാം സ്ഥാപനങ്ങൾക്കാണ്. അവർ വീണ്ടും ശക്തമായി വികസന പരിപാടിക്കായി ജനപങ്കാളിത്തത്തോടെ എത്ര വേണമെങ്കിലും ഇരട്ടിപ്പിച്ച് നിക്ഷേപിക്കുമെന്ന് പ്രതീക്ഷിക്കാം.

മലപ്പുറത്തു നിന്നുള്ള മറ്റൊരു പഞ്ചായത്തിന്റെ ലക്ഷ്യം കൂടി പറഞ്ഞ് ലേഖനം അവസാനിപ്പിക്കാം.

"ഞങ്ങളുടെ പഞ്ചായത്ത് സ്ത്രീ പീഡനരഹിത പഞ്ചായത്ത് കൂടി ആക്കാനാണ് ഞങ്ങളുടെ ഉന്നം".

ടി.വി ഷൂട്ടിംഗ് നടക്കുന്ന തീയേറ്ററിൽ ആകെ ചിരിയും കൈയ്യടിയും.

ശരിയാണ് ഗ്രീൻ കേരള എക്സ്പ്രസ് ഒരു വലിയ മാറ്റം സൃഷ്ടിക്കും. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതു മുതൽ സർവ്വർക്കും ഭവനവും തൊഴിലും ആരോഗ്യരക്ഷയും കായിക വിനോദങ്ങളും ലഭ്യമാക്കുന്ന യജ്ഞത്തിന്റെ മുന്നണി പടയാളിയായി പഞ്ചായത്തുകൾ കരുത്തു നേടുന്ന കാഴ്ച തികച്ചും ആവേശകരമാണ്. ഒരു സ്വപ്ന സാഫല്യവും. ■

*ലേഖകൻ കൃഷി ശാസ്ത്രജ്ഞനും കൃഷിവകുപ്പ് മുൻ ഡയറക്ടറുമാണ്*

**ജി. വിജയരാഘവൻ**

# നിങ്ങളറിയാതെ.............

*നമ്മുടെ നാട്ടിൽ ഒട്ടേറെ കൊച്ചു കൊച്ച് നല്ല കാര്യങ്ങൾ നടക്കുന്നുണ്ട്. ആരാലും അറിയപ്പെടാത്ത ആളുകളാണ് അതൊക്കെയും ചെയ്യുന്നത്. വികസനം സംബന്ധിച്ച എന്റെ പല ധാരണകളും മുൻവിധികളും തിരുത്തിക്കുറിക്കാൻ ഈ അറിവുകൾ ഇടയാക്കി. ദൂരദർശന്റെ ഒരു റിയാലിറ്റി ഷോയാണ് അതിനിടയാക്കിയത്. ഗ്രീൻകേരള എക്സ്പ്രസ് എന്ന വികസനാധിഷ്ഠിത പ്രോഗ്രാം.*

*ഒരു ദിവസം ദൂരദർശനിൽ നിന്ന് ഒരു സുഹൃത്ത് വിളിച്ചു. അവരുടെ റിയാലിറ്റി ഷോയിൽ ജഡ്ജായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു. എനിക്ക് പാട്ടും ഡാൻസുമൊന്നും വിലയിരുത്താനറിയില്ല എന്നാണ് മറുപടി പറഞ്ഞത്. ഇത് പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു പരിപാടിയാണെന്നും രണ്ടോ മൂന്നോ ദിവസം ജഡ്ജായിരുന്നാൽ മതിയെന്നും അവർ പറഞ്ഞു. ചില മുൻവിധികളോടെയാണ് അവിടെ പോയത്. പക്ഷേ ഒരു പുസ്തകത്തിൽ നിന്നും കിട്ടാത്ത ഒരുപാടറിവുകൾ എനിക്ക് നൽകിയ ഒരു വേദിയായിരുന്നു അത്.*

*കാർഷികവൃത്തിക്ക് കേരളത്തിൽ ആളിനെ കിട്ടില്ലെന്നാണ് എല്ലാവരും പറയുന്നത്. ഈ പല്ലവി ആവർത്തിക്കുന്നതല്ലാതെ ക്രിയാത്മകമായി അത് പരിഹരിക്കാൻ ആരും ശ്രമിക്കാറില്ല. എന്നാൽ തിരുവനന്തപുരം സിറ്റിയോട് ചേർന്നു കിടക്കുന്ന കുടപ്പനക്കുന്ന് പഞ്ചായത്ത് അക്കാര്യം അതിശയിപ്പിക്കുന്ന രീതിയിൽ പരിഹരിച്ചു. പക്ഷേ ഇക്കാര്യം ഈ സിറ്റിയിൽ തന്നെയുള്ള എത്രപേർക്കറിയാം ?*

*കുടപ്പനക്കുന്ന് പഞ്ചായത്ത് കർഷകത്തൊഴിലാളികളെയല്ല സൃഷ്ടിച്ചത്. പ്രീഡിഗ്രിവരെ പഠിച്ചവർ ഉൾപ്പെടുന്ന പല ടീമുകൾ അവർ രൂപീകരിച്ചു. മൂന്നുപേർ ഉൾപ്പെടുന്നതാണ് ഒരു ടീം. ഇതിൽ ഒരാൾ ടില്ലർ മെഷീൻ പ്രവർത്തിപ്പിക്കും. മറ്റൊരാൾ ചെടി കട്ട് ചെയ്യുന്ന യന്ത്രം പ്രവർത്തിപ്പിക്കും. മൂന്നാമന്റെ കൈയിൽ മാത്രമാണ് മൺവെട്ടി ഉള്ളത്. നിങ്ങളുടെ വസ്തുവിലെ ഏത് കാർഷിക വൃത്തിയും ഇവർ ചെയ്തു തരും. പണിക്ക് വേണ്ടി വസ്തുവിന്റെ ഉടമ പത്ത് സെന്റിന് 350 രൂപ പഞ്ചായത്തിൽ അടയ്ക്കണം. മൂന്നുപേരുംകൂടി രാവിലെ വീട്ടിലെത്തി ഒരു മണിക്കൂർ ജോലി ചെയ്യും. കാട് വെട്ടി തെളിക്കുക. ചെടി നടുക. പച്ചക്കറി വിത്തുകൾ വിതയ്ക്കുക, കിഴങ്ങുകൾ പാകുക തുടങ്ങിയ ജോലികളാണ് ചെയ്യുന്നത്. ഇവർ ഓരോരുത്തരുടെയും മാസവരുമാനം 7000 രൂപയാണ് എന്നറിയുമ്പോഴാണ് ഇവരുടെ ഡിമാന്റ് നമ്മൾ മനസ്സിലാക്കുന്നത്. ഇത് മാതൃകയാക്കിയാൽ കാർഷികപ്പണിക്ക് ആളെ കിട്ടുന്നില്ല, അഥവാ കിട്ടിയാൽ 450 രൂപ കൂലി കൊടുക്കണം തുടങ്ങിയ പരാതികൾ ഒഴിവാക്കാം.*

*മണക്കാട് എൽ.പി. സ്ക്കൂൾ കോർപ്പറേഷന്റെ സഹായത്തോടെ നവീകരിച്ചതിന്റെ ദൃശ്യങ്ങൾ ദൂരദർശന്റെ പരിപാടിയുടെ ഭാഗമായി കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ലോകനിലവാരമുള്ള ക്ലാസ് മുറികൾ, ഒന്നാന്തരം ഫർണിച്ചറും മറ്റു സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു.*



*ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയിൽ പങ്കെടുത്ത പഞ്ചായത്തിന് ജൂറിഅംഗം ജി. വിജയരാഘവൻ ഉപഹാരം നൽകുന്നു*

*കുട്ടികളുടെ സന്തോഷം കണ്ടാൽ നമുക്ക് മനസ്സ് നിറയും. പഠനസൗകര്യം ഉയർത്തിയപ്പോൾ സ്ക്കൂളിലെ ഹാജർ നിലയും കൂടിയതായി അറിഞ്ഞു.*

*ആ സ്കൂൾ നേരിട്ട് പോയി കാണാനിരിക്കുകയാണ് ഞാൻ.*

*കണ്ണൂരിൽ പട്ടിക വർഗ്ഗക്കാർക്ക് ഭൂരിപക്ഷമുള്ള ഒരു പഞ്ചായത്തിൽ കാവുകളെയും തെയ്യത്തെയുംക്കുറിച്ച് സ്ക്കൂൾ കുട്ടികൾ പഠനം നടത്തുന്നു. കേരളത്തിലെ കാവുകളെ സംരക്ഷിച്ചാൽ പ്രകൃതി സംരക്ഷണം ഒരു വലിയ പരിധിവരെ നമുക്ക് ഉറപ്പാക്കാം.*

*ആറ്റിങ്ങൽ നഗരസഭ മാലിന്യങ്ങൾ ഒരു പ്രത്യേക രീതിയിലാണ് സംസ്ക്കരിക്കുന്നത്. മാലിന്യം സംസ്ക്കരിച്ച് അവർ വളമാക്കി വിൽക്കുന്നു. കാസർകോട്ടു നിന്ന് വന്ന ഒരു സംഘമാണ് മാലിന്യ സംസ്കരണത്തിന്റെ ഈ ടെക്നോളജി അവരെ പഠിപ്പിച്ചത്. ചെറിയ ചെറിയ സ്ഥലങ്ങളിൽ മാലിന്യങ്ങൾ കൂട്ടി അവിടെത്തന്നെ സംസ്ക്കരിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. മാലിന്യം സംസ്ക്കരിക്കുന്നിടത്ത് ഒരു ഈച്ചയും കാക്കയുംപോലും വരില്ല. അത്രമാത്രം ദുർഗന്ധരഹിതമായ രീതിയിലാണ് അവർ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇത് പല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാതൃകയാക്കാവുന്നതാണ്.*

*വാചകമടികളും വിവാദങ്ങളും മാത്രമല്ല, ക്രിയാത്മകമായ മറ്റു പലതും കേരളത്തിൽ നടക്കുന്നു എന്ന അറിവ് വലിയ സന്തോഷം പകർന്നു. ഇതൊന്നും നടപ്പാക്കുന്നത് നമ്മളൊന്നും അറിയുന്ന മനുഷ്യരല്ല.*

*ഒരു പഞ്ചായത്തിന്റെ പ്രസിഡന്റ് പുരുഷനും വൈസ് പ്രസിഡന്റ് വനിതയുമാണ്. പുരുഷനേക്കാൾ ഭംഗിയായി വനിത മറുപടി പറയുന്നു. ആ പെൺകുട്ടിക്ക് 22 വയസ്സേയുള്ളൂ. ഞാൻ കരുതി ഏതെങ്കിലും നേതാവിന്റെ സഹോദരിയോ ബന്ധുവോ മറ്റോ ആയിരിക്കുമെന്ന്. ആ പെൺകുട്ടിയെ വിളിച്ച് ഞാൻ വിവരങ്ങളാരാഞ്ഞു. രാഷ്ട്രീയ നേതാക്കളുമായി ഒരു ബന്ധവുമില്ല. ഡിഗ്രി കഴിഞ്ഞു നിന്നപ്പോൾ വനിതാ സംവരണ സീറ്റിൽ ഒരു രാഷ്ട്രീയ കക്ഷിയുടെ നിർബന്ധം കാരണം മത്സരിച്ചതാണ്. വിജയിച്ചു കഴിഞ്ഞപ്പോൾ ആത്മാർത്ഥമായി കാര്യങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.*

***ദി എൻഡ്***

*നാമറിയാതെ ഒരു സ്ത്രീശാക്തീകരണം സമൂഹത്തിൽ ശക്തമായി വരികയാണ്. രാഷ്ട്രീയം വരും നാളുകളിൽ കൂടുതൽ നല്ല ദിശയിലേയ്ക്ക് നീങ്ങുന്നതിന്റെ സൂചനയാണിത്.*

*(കടപ്പാട് : കേരളകൗമുദി ദിനപത്രം)*

*ലേഖകൻ തിരുവനന്തപുരം ടെക്നോപാർക്കിന്റെ മുൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസറാണ്*

പഞ്ചായത്ത് രാജ്




# അധികാരവികേന്ദ്രീകരണത്തിന് ഊർജ്ജം പകർന്ന്

## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പൊതുയോഗം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 26-ാം ജനറൽബോഡി 2010 മെയ് 17, 18, 19 തീയതികളിലായി തിരുവനന്തപുരത്തുള്ള പഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാനമായ അഹമ്മദ് കുരിക്കൾ പഞ്ചായത്ത്ഭവനിൽവച്ച് നടന്നു. മൂന്നുദിവസങ്ങളിലായി നടന്ന പരിപാടിയിൽ പുതുക്കിപ്പണിത മന്ദിരത്തിന്റെ ഉദ്ഘാടനവും ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റിഷോയിൽ ഓരോ വിഷയത്തിലും മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളുടെ അവതരണവും ചർച്ചകളും സംഘടിപ്പിച്ചിരുന്നു.

ഒന്നാംദിവസം ധനകാര്യവകുപ്പു മന്ത്രി ഡോ. തോമസ് ഐസക് പുതുക്കിപ്പണിത മന്ദിരത്തിന്റെ ഉദ്ഘാടനം ഔപചാരികമായി നിർവ്വഹിച്ചു. പ്രസിഡന്റ് കെ. നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിന് ജനറൽസെക്രട്ടറി എസ്. നാസറുദ്ദീൻ സ്വാഗതം പറഞ്ഞു.

ഉദ്ഘാടന പ്രസംഗത്തിൽ അസോസിയേഷൻ നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ച ധനമന്ത്രി, ജനപങ്കാളിത്തത്തിൽ വന്ന ചോർച്ചയാണ് ജനകീയാസൂത്രണം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് അഭിപ്രായപ്പെട്ടു.

കേന്ദ്രസംസ്ഥാനസർക്കാരുകളുടെ വിവിധ പദ്ധതികൾ, അവയുടെ വിവരങ്ങൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ, അപേക്ഷിക്കേണ്ട രീതി എന്നിവ ഉൾപ്പെടുത്തി വികസനഗൈഡ് വോള്യം ഒന്ന് എന്ന പേരിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പുസ്തകം പ്രസിദ്ധീകരിച്ചു. ഇതിന്റെ തുടർന്നുള്ള വോള്യങ്ങൾ വിഷയാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാനാണ് ആലോചിക്കുന്നത്. ഈ പുസ്തകം 200 രൂപയ്ക്ക് നൽകും. കില-ക്യാപ്ഡെക്ക് പരിപാടിയുടെ ധനസഹായത്തോടെ തയ്യാറാക്കിയ ഈ പുസ്തകത്തിന്റെ പ്രകാശനം ജലവിഭവ വകുപ്പുമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ നിർവഹിച്ചു.

മഹാത്മാഗാന്ധി, കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ മുഖ്യശില്പി ഇ.എം.എസ്. നമ്പൂതിരിപ്പാട്, ആദ്യത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി അഹമ്മദ് കുരിക്കൾ എന്നിവരുടെ ഫോട്ടോ ദേവസ്വം വകുപ്പുമന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അനാച്ഛാദനം ചെയ്തു.

വിവരസാങ്കേതികരംഗത്ത് നിസ്തുലമായ പ്രവർത്തനം കാഴ്ചവച്ചതിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ച ഇൻഫർമേഷൻ കേരള മിഷന് സംസ്ഥാന പ്ലാനിങ്ങ് ബോർഡ് അംഗം സി.പി. നാരായണൻ ഉപഹാരം നൽകി. ഐ.കെ.എം. ഡയറക്ടർ പ്രൊഫ. എം.കെ. പ്രസാദ് ഉപഹാരം എറ്റുവാങ്ങി.

പ്രൊഫ. എം.കെ. പ്രസാദ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി ബേബി ബാലകൃഷ്ണൻ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ പ്രസിഡന്റ് ആനാവൂർ നാഗപ്പൻ എന്നിവരും സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അഞ്ചുവർഷത്തെ

### ഡോ. റ്റി.എം. തോമസ് ഐസക്ക്

*ജനകീയതയുടെ ചോർച്ചയാണ് ജനകീയാസൂത്രണം നേരിടുന്ന വെല്ലുവിളി. ജനപങ്കാളിത്തം ഉണ്ടായാലേ ശരിയായ തീരുമാനം രൂപപ്പെടുകയുള്ളൂ. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ കുട്ടിപ്പതിപ്പല്ല പഞ്ചായത്തുകൾ. ഈ രണ്ടുതലത്തിലും പ്രായോഗികമാക്കാൻ കഴിയാത്ത ജന പങ്കാളിത്തം ഉറപ്പാക്കലാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഇന്നു ജനപങ്കാളിത്തത്തിന്റെ ഏറ്റവും വലിയ തലമായിനിൽക്കുന്നത് കുടുംബശ്രീയും എൻ.ആർ.ഇ.ജി.എസും ആണ്. കുടുംബശ്രീ ശക്തമായനിലയിൽ മുന്നേറുകയാണ്. പഞ്ചായത്തുകളുടെ കീഴിൽ ഇത്രയും ശക്തമായ മൈക്രോക്രെഡിറ്റ് സംവിധാനം ലോകത്ത് ഒരിടത്തുമില്ല. അടുത്ത ഭരണസമിതികളിൽ വരുന്ന വനിതാ ജനപ്രതിനിധികളിൽ 40 ശതമാനം പേരും കുടുംബശ്രീയിൽ നിന്നായിരിക്കും.*

*തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് പല വിമർശനങ്ങളുമുണ്ട്. വിമർശകർ ഇതിന്റെ നടത്തിപ്പിലെ ഗുണനിലവാരം കാണുന്നില്ല. നവംബർ മുതൽ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ആഡിറ്റ് നടത്തും. ഡിസംബറിൽ സംസ്ഥാനതല സോഷ്യൽ ആഡിറ്റ് സംഗമവും നടക്കും. അതിനായി പ്രശസ്ത സാമൂഹ്യ പ്രവർത്തക അരുണാറോയിയുടെ നേതൃത്വത്തിൽ 200 പേർക്കുള്ള പരിശീലനം കിലയിൽ ആരംഭിച്ചു. 9 സംസ്ഥാനം സന്ദർശിച്ചിട്ടാണ് അവർ കേരളത്തിലെത്തിയത്. ആദ്യമായാണ് ഒരു സംസ്ഥാനസർക്കാർ ഞങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൂ എന്നു പറഞ്ഞ് ക്ഷണിക്കുന്നത് എന്ന് അവർ അഭിപ്രായപ്പെട്ടു. പല സംസ്ഥാനങ്ങളിലും കോൺട്രാക്ടർമാരാണ് പണി നടത്തുന്നത്. അഴിമതിരഹിതമായാണ് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത്. പണം ചെലവഴിക്കൽ മാത്രമല്ല പ്രധാനം. അതിന്റെ നടത്തിപ്പിൽ, ഗുണനിലവാരത്തിനൊക്കെ പ്രാധാന്യമുണ്ട് എന്ന് ഇതിന്റെ വിമർശകർ തിരിച്ചറിയണം. തൊഴിൽദിനങ്ങൾ കുറയുന്നത് രാഷ്ട്രീയകാരണങ്ങൾ കൊണ്ടല്ല. അവ കണ്ടെത്തി പരിഹരിക്കാൻ കഴിയണം. ഇപ്രാവശ്യം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ വിപ്ലവകരമായ ഉയർച്ച ഉണ്ടാകും.*



*ദേവസ്വം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഫോട്ടോകൾ അനാഛാദനം ചെയ്യുന്നു. മന്ത്രിമാരായ ഡോ. റ്റി.എം. തോമസ് ഐസക്ക്, എൻ.കെ. പ്രേമചന്ദ്രൻ തുടങ്ങിയവർ സമീപം.*



*അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്ക് ഉപഹാരം നൽകുന്നു. മുൻ എം.പി. തലേക്കുന്നിൽ ബഷീർ, എസ്. നാസറുദ്ദീൻ തുടങ്ങിയവർ സമീപം*

പ്രവർത്തനങ്ങൾ, പഞ്ചായത്തീരാജിന്റെ ചരിത്രം, വിവിധ ലേഖനങ്ങൾ, പഞ്ചായത്ത് അസോസിയേഷന്റെ ജില്ലാതല പ്രവർത്തനങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനകർമ്മം ആനാവൂർ നാഗപ്പൻ നിർവഹിച്ചു.

ഒന്നാംദിവസം രണ്ടുമണി മുതൽ ദൂരദർശൻ സംപ്രേഷണം ചെയ്യുന്ന ഗ്രീൻ കേരള റിയാലിറ്റിഷോയിൽ വിവിധ വിഷയങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച ഓരോ പഞ്ചായത്തുകളെ വീതം തെരഞ്ഞെടുത്ത് അവയുടെ അവതരണവും ചർച്ചയുമാണ് സംഘടിപ്പിച്ചത്. ഇതിൽ ആദ്യദിവസം രണ്ട് പാരലൽസെഷൻസാണ് നടന്നത്. ഇതിന്റെ സാങ്കേതിക സഹായം ഗ്രീൻകേരളയുടെ സംഘാടകർക്കായിരുന്നു.

ആദ്യദിവസം നടന്ന കൃഷിയും അനുബന്ധമേഖലയും സെഷന്റെ ഉദ്ഘാടനം പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ. നിർവഹിച്ചു. ആനാവൂർ നാഗപ്പൻ, പ്രശസ്ത കൃഷിശാസ്ത്രജ്ഞൻ ആർ. ഹേലി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഡീൻ ഹരികൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

രണ്ടാമത്തെ സെഷൻ പട്ടികജാതി പട്ടികവർഗ്ഗവിഭാഗം സംബന്ധിച്ചായിരുന്നു. ഈ സെഷന്റെ ഉദ്ഘാടനം അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഇബ്രാഹിംകുട്ടിയുടെ അദ്ധ്യക്ഷതയിൽ ജനറൽസെക്രട്ടറി എസ്. നാസറുദ്ദീൻ നിർവഹിച്ചു. ഗ്രീൻകേരള എക്സ്പ്രസ്സിന്റെ ജൂറി അംഗം നിർമ്മല സാനു ജോർജ്, കില മുൻ അസിസ്റ്റന്റ് ഡയറക്ടർ വിനോദ്കുമാർ എന്നിവരും സംബന്ധിച്ചു.

രണ്ടാംദിവസം 2010 മെയ് 18ന് രാവിലെ അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ സെഷന്റെ ഉദ്ഘാടനം നിർവഹിച്ചത് ആരോഗ്യ സാമൂഹിക ക്ഷേമവകുപ്പുമന്ത്രി ശ്രീമതി ടീച്ചറാണ്.

രണ്ടാം ദിവസം ഉദ്ഘാടനസെഷനെത്തുടർന്ന് കൃഷിയും അനുബന്ധ മേഖലയും, വിദ്യാഭ്യാസം, കല, സംസ്ക്കാരം, ആരോഗ്യം, കുടിവെള്ളം, വനിത എന്നിങ്ങനെ മൂന്നു സെഷനുകളിലായി അവതരണവും ചർച്ചകളും ആരംഭിച്ചു. ആരോഗ്യം, കുടിവെള്ളം സെഷന്റെ ഉദ്ഘാടനം മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മറിയുമ്മ നിർവ്വഹിച്ചു. അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഇബ്രാഹിംകുട്ടി അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ബീനാസണ്ണി കോഴിക്കോട് യൂണിവേഴ്സിറ്റി വിമൻസ് സ്റ്റഡീസിലെ ലക്ചറർ മിനി സുകുമാരൻ, കിലയുടെ അസോസിയേറ്റ് പ്രൊഫസർ ഡോ. ജെ. ബി. രാജൻ തുടങ്ങിയവർ പങ്കെടുത്തു.

**പാലോളി മുഹമ്മദ്കുട്ടി**

*നിയമനിർമ്മാണങ്ങളിൽ 73, 74 ഭരണഘടനാഭേദഗതിതന്നെയാണ് ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണം. ഭരണതലത്തിൽ തീരുമാനങ്ങൾ ഉണ്ടാകുകയും ഉദ്യോഗസ്ഥതലത്തിൽ നിർവഹണം നടക്കുകയും ചെയ്യുക എന്നതിലുപരി ഇവയിലെല്ലാം ജനപങ്കാളിത്തം ഉണ്ടാകുക എന്ന ശരിയായ തലത്തിലേയ്ക്കാണ് നാം മാറിയത്. സ്വാതന്ത്ര്യലബ്ധിക്ക് മുൻപുതന്നെ സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ ഭരണത്തെക്കുറിച്ചുള്ള ആലോചനകളിൽ അധികാരവികേന്ദ്രീകരണം ചർച്ച ചെയ്തിരുന്നു. എന്നാൽ അതു നടപ്പിൽവരാൻ ഇത്രയും കാലമെടുത്തു. കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പണവും അധികാരവും താഴേക്കു നൽകാൻ തീരുമാനിച്ചപ്പോൾ ഇതിന്റെ വിമർശകർ ഉന്നയിച്ചത് അതിനുള്ള ശേഷി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഉണ്ടാവില്ല എന്നാണ്.*

*അധികാരവികേന്ദ്രീകരണം ആരംഭിച്ച് 15 വർഷമേ ആയിട്ടുള്ളു. ഒരു മാറ്റത്തെ വിലയിരുത്താനുള്ള കാലയളവല്ല ഇത്. പണവും അധികാരവും താഴേയ്ക്കു നൽകുന്നത് സംബന്ധിച്ച് ഉന്നയിച്ച ആശങ്കയ്ക്ക് ഒന്നും പ്രസക്തിയില്ല എന്നാണ് ഇന്നത്തെ അനുഭവം കാണിക്കുന്നത്. പ്രശ്നങ്ങൾ ഇല്ല എന്നല്ല. പഴയ ശീലങ്ങൾ തുടരുന്ന, വിഹിതം കിട്ടണമെന്നു ശാഠ്യംപിടിക്കുന്നവർ ഉണ്ട്. പക്ഷേ വിരളമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും അതീവതാത്പര്യമാണ് ജനങ്ങൾ കാട്ടുന്നത്. അത് ഉറപ്പുവരുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം പഞ്ചായത്തുകളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.*

*പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ ഇടപെട്ട് പരിഹരിക്കുക എന്നതാണ് അസോസിയേഷന്റെ റോൾ. പഠനങ്ങൾ, ഗവേഷണങ്ങൾ, അന്വേഷണങ്ങൾ, മാതൃകകൾ സൃഷ്ടിക്കൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ ഇത്തരത്തിൽ ഒട്ടനവധി പ്രവർത്തനങ്ങൾ അസോസിയേഷൻ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് മാതൃകാപരമാണ്.*

**എൻ.കെ. പ്രേമചന്ദ്രൻ**

*ആഗോളതാപനത്തിന്റെ ഭാഗമായി കേരളത്തിന്റെ കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തിലേയ്ക്ക് നമ്മെ നയിക്കുകയാണ്. അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചയ്ക്കെതിരെ ഒരു ജനകീയക്യാമ്പയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനാണ് മുൻഗണന നൽകുന്നത്. ഇതിൽ തൊഴിലുറപ്പ് പദ്ധതിക്ക് വളരെ പ്രാധാന്യമുണ്ട്. ഏകദേശം 1820 കോടി രൂപയുടെ പദ്ധതി ഇതിനായി തയ്യാറാക്കിയിട്ടുണ്ട്.*

**സി.പി. നാരായണൻ**

*കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദേശീയതലത്തിൽ മാത്രമല്ല അന്തർദേശീയതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എന്നാൽ ഡോക്യുമെന്റേഷന്റെ അഭാവം കൈവരിച്ച നേട്ടങ്ങൾ എടുത്തുകാണിക്കുന്നതിന് പലപ്പോഴും തടസ്സമായി. അത് പരിഹരിക്കുന്നതിന് ഐ.കെ.എം.ന്റെ പ്രവർത്തനം സഹായിക്കും. തദ്ദേശഭരണ സമിതികളുടെ കാലാവധി അവസാനിക്കാൻ പോകുകയാണ്. ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ കുറിക്കാനുള്ള ശ്രമം നടത്തണം. മറ്റു പഞ്ചായത്തുകൾക്കും സഹായകമാകും അത്.*

**കടന്നപ്പള്ളി രാമചന്ദ്രൻ**

*അധികാരവികേന്ദ്രീകരണത്തിലൂടെയും വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും മഹാത്മാഗാന്ധി സ്വപ്നംകണ്ട ഗ്രാമസ്വരാജിലേക്ക് നാം അടുക്കുകയാണ്. ഈ രംഗത്ത് ഇ.എം.എസ്. നമ്പൂതിരിപ്പാട് നൽകിയ സംഭാവന അനിർവചനീയമാണ്. കേരളത്തിന്റെ സമഗ്രവികസനത്തിന് അളവറ്റ സംഭാവന നൽകുന്ന പഞ്ചായത്തുകൾക്ക് നേതൃത്വം നൽകുന്ന ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വിപുലമായ ചർച്ചകൾ സംഘടിപ്പിച്ചിരിക്കുകയാണ്. ചർച്ചകളിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ അധികാരവികേന്ദ്രീകരണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു.*



*നവീകരിച്ച പഞ്ചായത്ത് ഭവൻ*

**പി.കെ. ശ്രീമതി ടീച്ചർ**



*ഇന്ത്യയിൽ അൻപതുശതമാനം വനിതാസംവരണം മറ്റ് പല സംസ്ഥാനങ്ങളിലും നിലവിൽ ഉണ്ടെങ്കിലും കേരള നിയമത്തിന് പ്രത്യേകതയുണ്ട്. പകുതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രസിഡന്റുമാരും മറ്റു പകുതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വൈസ്പ്രസിഡന്റുമാരും സ്ത്രീകൾ ആയിരിക്കും. സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്മാരുടെ പകുതിയും സ്ത്രീകൾക്ക് ലഭിക്കും. ഇതിൽത്തന്നെ ഒറ്റനമ്പർ വന്നാൽ അതിൽ പരിഗണന സ്ത്രീകൾക്കായിരിക്കും. ഇനി വരുന്ന ഭരണസമിതികളിൽ 55 ശതമാനവും സ്ത്രീകളായിരിക്കും. കേരളത്തിൽ ഒരു ജൻഡർ അഡ്വൈസറി ബോർഡിനു രൂപം നൽകി. ജാഗ്രതാസമിതിക്ക് പ്രോജക്ട് വയ്ക്കാൻ തയ്യാറാകാത്ത പഞ്ചായത്തുകൾ ഇപ്പോഴുമുണ്ട്. ഒരു ലക്ഷം രൂപയെങ്കിലും എല്ലാ പഞ്ചായത്തും ജാഗ്രതാസമിതി രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മാറ്റി വയ്ക്കണം. പതിനെട്ടു വയസ്സുവരെയുള്ള കുട്ടികളുടെ ചികിത്സാച്ചെലവ് സർക്കാർ ഏറ്റെടുക്കുകയാണ്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടിക്ക് 300 രൂപ നൽകുമ്പോൾ രക്ഷിതാക്കൾക്കും 300 രൂപ നൽകും- ആശ്വാസകിരണം എന്ന പേരിലാണ് പദ്ധതി നടപ്പിലാക്കുന്നത്.*

**കെ.പി. രാജേന്ദ്രൻ**



*എത്ര വലിയ മാറ്റമാണ് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടക്കുന്നത്. ഗ്രീൻകേരള റിയാലിറ്റി ഷോ കാണുമ്പോൾ എത്ര ആത്മവിശ്വാസത്തോടെയാണ് അവർ ചെയ്ത പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നത്. കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി വളരെ വലിയ ഒരു മുന്നേറ്റമാണ് വിവിധതുറകളിൽ ഉണ്ടായിട്ടുള്ളത്.*

**ജി. കാർത്തികേയൻ**

*രാഷ്ട്രീയമേതും ആയിക്കോട്ടേ പലപ്പോഴും ഫണ്ട് പരമാവധി വിനിയോഗിക്കാൻ കഴിയുന്നില്ല എന്നത് ഒരു സത്യമാണ്. ഫണ്ടുവിനിയോഗം ഫലവത്താകണമെങ്കിൽ ഭരണസമിതിയും എക്സിക്യൂട്ടീവും തമ്മിൽ ആരോഗ്യകരമായ ഒരു ബന്ധം ഉണ്ടാകണം.*

**ജസ്റ്റിസ് ഡി. ശ്രീദേവി**

*മദ്യപാനം, ബ്ലൂഫിലിം, അശ്ലീല ചിത്രങ്ങൾ എന്നിവ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. മൊബൈൽ ഫോൺ ഇന്നു വിപത്തായി മാറുന്നു. ഇവയെല്ലാം കണ്ടില്ല എന്നു നടിക്കാൻ നമുക്കു കഴിയുമോ? ഓരോ പഞ്ചായത്തിലും ജാഗ്രതാസമിതിയും സഹായസമിതിയും രൂപീകരിക്കാൻ കഴിയണം. ജാഗ്രതാസമിതി രൂപീകരിച്ച് പ്രവർത്തിക്കാൻ നിയമത്തിന്റെയോ പണത്തിന്റെയോ കുറവല്ല. അതിന് മനസ്സ് ഉണ്ടാവണം എന്നു മാത്രം. മൂല്യാധിഷ്ഠിത സമൂഹം കെട്ടിപ്പടുക്കാൻ നാം കൂട്ടായി ശ്രമിക്കണം.*

**തലേക്കുന്നിൽ ബഷീർ**

*പഞ്ചായത്തുകളുടെ കർത്തവ്യങ്ങൾ നടപ്പിലാക്കുന്നതിൽ വലിയൊരു സഹായമാണ് അസോസിയേഷൻ വഹിച്ചിട്ടുള്ളത്. പഞ്ചായത്തീരാജ് നിയമംവഴി കേരളത്തിൽ ഉണ്ടായിട്ടുള്ള മാറ്റം വളരെ വലുതാണ്. ഇന്ന് പഞ്ചായത്തുകൾ ഭരണഘടനാ സ്ഥാപനങ്ങളായി മാറി. കൂടാതെ അവ വികസനത്തിന്റെ കേന്ദ്രമായി മാറിയിരിക്കുന്നു.*



രണ്ടാമത്തെ സെഷന്റെ ഉദ്ഘാടനം നിർവഹിച്ചത് പ്ലാനിങ്ങ് ബോർഡ് അംഗം ഡോ. മൃദുൽ ഈപ്പൻ ആയിരുന്നു. ഡോ. ആർ.വി.ജി. മേനോനും അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം രവീന്ദ്രൻമാസ്റ്ററും, പങ്കെടുത്തു. വൈകുന്നേരം ധനകാര്യക്കമ്മീഷനെ സംബന്ധിച്ച ചർച്ച നടന്നു.

മൂന്നാംദിവസം രാവിലെ അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണന്റെ അദ്ധ്യക്ഷതയിൽ ജനറൽബോഡി ആരംഭിച്ചു. ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ സ്വാഗതം പറഞ്ഞു. ജനറൽബോഡിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ്. റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ, കേരള നിയമസഭാ പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ, മുൻ എം.പി. തലേക്കുന്നിൽ ബഷീർ, ജസ്റ്റിസ് ഡി. ശ്രീദേവി തുടങ്ങിയവരും വിവിധ സെഷനുകളിൽ പങ്കെടുത്ത് സംസാരിച്ചു.

ഇന്ത്യയിൽ അധികാരവികേന്ദ്രീകരണത്തിന് ഒന്നാംസ്ഥാനം ലഭിച്ച കേരളത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്ക് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ ഉപഹാരം നൽകി.

### ആക്ഷൻ റിസർച്ചിന് ഉപഹാരം

ആക്ഷൻ റിസർച്ച് ഏറ്റെടുത്ത് വിജയകരമായ പരിസമാപ്തിയിലേക്ക് എത്തിയ ഗ്രാമപഞ്ചായത്തുകളെ ചടങ്ങിൽ ആദരിച്ചു.

### ജനറൽബോഡി

അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ജനറൽസെക്രട്ടറി എസ്. നാസറുദ്ദീൻ വിശദമായ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി. ബിജു മോഹൻ ബൈലാ ഭേദഗതി അവതരിപ്പിച്ചു. വിശദമായ ചർച്ചയിലൂടെ പ്രവർത്തനറിപ്പോർട്ടും കണക്കും ബൈലോ ഭേദഗതിയും അംഗീകരിച്ചു.

### ബൈലാ ഭേദഗതി

അസോസിയേഷന്റെ നിലവിലുള്ള സംസ്ഥാന, ജില്ലാ തലങ്ങൾ കൂടാതെ ബ്ലോക്ക് എന്ന ഒരു തലം കൂടി കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു. ബ്ലോക്കിന്റെ ജനറൽബോഡി എല്ലാ അംഗങ്ങളും ചേർന്നതായിരിക്കും. വരിസംഖ്യ 1000 രൂപയാക്കി വർദ്ധിപ്പിക്കുക. ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കാം തുടങ്ങിയവയാണ് പ്രധാന ഭേദഗതികൾ. ■

*തയ്യാറാക്കിയത്:*

***കെ. നാരായണൻ***
*പ്രസിഡന്റ്*

***എസ്. നാസറുദ്ദീൻ***
*ജനറൽസെക്രട്ടറി*
*കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ*

# വാർത്തകളും വിശേഷങ്ങളും

## തദ്ദേശഭരണ തെരഞ്ഞെടുപ്പ്: സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ നിശ്ചയിക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സെപ്തംബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിലെ സംവരണ വാർഡുകൾ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി അറിയിച്ചു. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിലെ സംവരണ വാർഡുകളെ ഒഴിവാക്കിയാണ് നറുക്കെടുക്കുക. വാർഡ് പുനർവിഭജനം നടക്കുന്ന പശ്ചാത്തലത്തിൽ, വിഭജനത്തിന് മുമ്പുള്ള സംവരണമണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യയുടെ അമ്പത് ശതമാനത്തിലധികം ജനസംഖ്യ ഉൾപ്പെടുന്ന പുതിയ വാർഡിനെ നിലവിലെ സംവരണ വാർഡായി കണക്കാക്കി നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കും. ഒരു തദ്ദേശസ്ഥാപനത്തിലെ പകുതിയിലേറെ വാർഡുകൾ വിവിധ വിഭാഗത്തിനുള്ള സംവരണ മണ്ഡലങ്ങളായി വരുമ്പോൾ കഴിഞ്ഞ തവണത്തെ മുഴുവൻ സംവരണ വാർഡുകളെയും ഇത്തവണ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കാനാവില്ല. ഈ സാഹചര്യത്തിൽ സംവരണ മണ്ഡലങ്ങളുടെ എണ്ണം തികയാൻ കൂടുതൽ ആവശ്യമായി വരുന്നവയെ, ഒഴിവാക്കിയവയിൽ നിന്ന് നറുക്കിട്ട് തീരുമാനിക്കും. ജില്ലാ – ബ്ലോക്ക് – ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ജില്ലാ കളക്ടറേയും, മുനിസിപ്പാലിറ്റികളിൽ നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടറേയും, കോർപ്പറേഷനുകളിൽ നഗരകാര്യവകുപ്പ് ഡയറക്ടറേയുമാണ് നറുക്കെടുപ്പിനായി നിയോഗിച്ചിട്ടുള്ളത്. സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗം എന്നീ ക്രമത്തിലാണ് നറുക്കെടുക്കുക.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഷെഡ്യൂൾ നിരക്ക്: സർക്കുലർ പുറപ്പെടുവിച്ചു

പൊതുമരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ നിരക്കുകൾ 2010 മെയ് 14 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്ക് ബാധകമാണെങ്കിലും, 2009ലെ നിരക്കുകൾ പ്രകാരം ഇതിനകം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പുതിയ നിരക്കുകളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കണ്ടെന്ന് സർക്കാർ നിർദ്ദേശിച്ചു. 2010 –11 വാർഷിക പദ്ധതിയുടെ അംഗീകാരം നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് സർക്കാർ ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചത്. (നം 34202/ഡി.എ 1/2010/തസ്വഭവ, 26.05.2010) 2010 ജൂൺ 15വരെ 2009ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടാം. 2010 ജൂൺ 15നുശേഷം വാർഷിക പദ്ധതി ടി.എ.ജി.ക്ക് സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2010ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനും നിർവഹണം നടത്താനും പാടുള്ളൂവെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾ, ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും സർക്കുലറിലെ നിർദ്ദേശങ്ങൾ ബാധകമാണ്.

## ശുചിത്വ പരിപാലനം: ഇൻഫർമേഷൻ ഓഫീസിന് അംഗീകാരം

ശുചിത്വ പരിപാലനത്തിൽ മുന്നിട്ടുനിൽക്കുന്ന ഓഫീസുകൾക്കുള്ള നക്ഷത്ര പദവിക്ക് എറണാകുളം ജില്ലയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് അർഹമായി. എറണാകുളം ജില്ലയിൽ ഏറ്റവും മനോഹരമായി പരിപാലിക്കുന്ന മൂന്ന് ഓഫീസുകളിൽ ഒന്നെന്ന നിലയിൽ അയ്യായിരം രൂപയുടെ ക്യാഷ് അവാർഡും ജില്ലാ ഇൻഫർമേഷൻ ഓഫീസിന് ലഭിക്കും. വടുവോട്, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളും ചെങ്ങമനാട് പോലീസ് സ്റ്റേഷനുമാണ് അവാർഡിനർഹമായ മറ്റ് ഓഫീസുകൾ. എറണാകുളം ജില്ലയിൽ നക്ഷത്ര പദവിക്ക് അർഹതപ്പെട്ട 18 ഓഫീസുകളിൽ കൊച്ചി നഗരപരിധിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

## പകർച്ചപ്പനി : പൊതുജനങ്ങൾക്കുള്ള മുന്നറിയിപ്പ്

ജലദോഷം, ചുമ, പനി എന്നിവയുടെ ലക്ഷണങ്ങൾ കണ്ടാൽ പൊതുജനമദ്ധ്യത്തിൽ ഇറങ്ങാതെ വീടുകളിൽ പൂർണ്ണ വിശ്രമമെടുക്കണമെന്നും, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മൂക്കും വായും തൂവാലകൊണ്ട് പൊത്തിപ്പിടിക്കുകയും, തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കാവൂ എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

## കുടുംബശ്രീ വനിതകൾക്കുള്ള പരിശീലനകേന്ദ്രമായി അംഗീകരിച്ചു

സംസ്ഥാനത്തെ കുടുംബശ്രീ വനിതകൾക്ക് പ്രിന്റിങ്ങിലും ബൈന്റിങ്ങിലും പരിശീലനം നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി പഞ്ചായത്ത് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പാലക്കാട് കഞ്ചികോടുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തെ സർക്കാർ അംഗീകരിച്ചു.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി– മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം പദ്ധതിക്കായി വിനിയോഗിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്.)നമ്പർ.91/2010/തസ്വഭവ,തീയതി:7–5–2010)

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



Reg. No. KL/TV(N) 391/2009-11
License No. KL/TV(N) WPP-85/2009-11
**PANCHAYATRAJ** (Monthly) June 2010
Annual Subscription Rs. 120/-
Licensed to Post without Prepayment on 25th & 26th of every month

